# ജീവനും വെളിച്ചവും

വില ₹ 30/-

മേയ് 2023



# സംഗീതത്തിലൂടെ സാന്ത്വന സ്പർശം

'റെൻ' WREN

**ACADEMY OF MUSIC & PERFORMING ARTS**
THYCAUD, THIRUVANANTHAPURAM
(Reg. No. 1955 3232 /2000)
Affiliated to Kerala Sangeetha Nataka Academy
(Reg. No. 224/TVM/2007

## 26 Years of excellence in Music, Dance & Arts

***ONLINE, OFFLINE, HOME TUITION ക്ലാസ്സുകൾ***

**സംഗീതം** ശാസ്ത്രീയ സംഗീതം * വെസ്റ്റേൺ സംഗീതം * ലളിത സംഗീതം
ചലച്ചിത്ര ഗാനങ്ങൾ * മാപ്പിളപ്പാട്ട് * നാടൻ പാട്ട്

**ഉപകരണ സംഗീതം** പിയാനോ * ഓർഗൺ * കീബോർഡ് * വയലിൻ (വെസ്റ്റേൺ & ക്ലാസ്സിക്കൽ) * ഗിറ്റാർ ( Acoustic & Western CLassical) * ഹാർമോണിയം * വീണ * ജാസ്സ് തബല (ഹിന്ദുസ്ഥാനി) * മൃദംഗം * ഫ്ളൂട്ട് (പുല്ലാങ്കുഴൽ) * ചെണ്ട

**നൃത്തം** ഭരതനാട്യം * മോഹിനിയാട്ടം * നാടോടി നൃത്തം * കേരള നടനം
സിനിമാറ്റിക് & വെസ്റ്റേൺ ഡാൻസ്

**ചിത്രകല** പെൻസിൽ ഡ്രോയിംഗ് * ക്രയോൺസ് * വാട്ടർ കളർ

**മറ്റ് ക്ലാസ്സുകൾ** ക്ളേ മോഡലിംഗ് * ഫ്ളവർ മേക്കിംഗ് * യോഗ * അഭിനയം
മോണോ ആക്റ്റ് * മിമിക്രി * ഗെയിംസ്

***പ്രായഭേദമന്യേ റെഗുലർ ക്ളാസ്സും സ്പെഷ്യൽ ക്ളാസ്സുകളും***

തൈക്കാട് | കാവിൽ ക്ഷേത്രം റോഡ്, വലിയശാല
വെട്ടുകാട് | ആകാശ പറവയ്ക്ക് സമീപം, ചെറുവെട്ടുകാട്
മുടവന്മുകൾ | ആർ. സി. പള്ളിക്ക് സമീപം

**098472 61370, 077365 29023**
മോസസ് ഫെർണാണ്ടസ് (ഡയറക്ടർ)



**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം


2023 മെയ്
പുസ്തകം - 47 ലക്കം - 5
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം



# വാർധക്യം എന്ന യാഥാർഥ്യം


മനുഷ്യർ അഭിമുഖീകരിക്കേണ്ടിവരും എന്നുറപ്പുള്ള യാഥാർത്ഥ്യങ്ങളാണല്ലോ വാർധക്യവും മരണവും. സംഭവിക്കാനും സംഭവിക്കാതിരിക്കാനും സാധ്യതയുള്ള ജോലിക്കായും പ്രവേശന പരീക്ഷകൾക്കായും കുടുംബത്തിനായുമൊക്കെ ക്ലാസുകളും, പരിശീലനവുമൊക്കെയായി ഒരുങ്ങുന്ന നമ്മൾ, സുനിശ്ചിതമായ വാർധക്യത്തിനായി എങ്ങനെയാണ് ഒരുങ്ങുന്നത്? വാർധക്യത്തെ എങ്ങനെയാണ് നാം അഭിമുഖീകരിക്കുന്നത്, മനസ്സിലാക്കുന്നത്?

ജനസംഖ്യാ കണക്കുകളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ജനസംഖ്യയിൽ 17 ശതമാനത്തോളം പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. കൂടാതെ അടുത്ത അൻപത് വർഷത്തിനുള്ളിൽ കേരളത്തിലെ പ്രായമുള്ളവരുടെ അനുപാതം മൊത്തം ജനസംഖ്യയുടെ ഭൂരിഭാഗമാകും.

വൃദ്ധരാകുമ്പോൾ സമൂഹം പതിയെ മറന്നു തുടങ്ങും. വേണ്ടപ്പെട്ടവരുടെ എണ്ണം കുറയും. മാതാപിതാക്കളും സുഹൃത്തുക്കളും, ജീവിത പങ്കാളിയും കടന്നുപോയിട്ടുണ്ടാവും. മക്കൾ പതിവ് തിരക്കുകളിലാവും. ബാക്കിയുള്ളവരിൽ പലരും ക്ഷീണിതരും രോഗികളുമായി ഒതുങ്ങിയിട്ടുണ്ടാവും. ഇനിയും കൂട്ടായുണ്ടാവുക ശൂന്യതയും, വിരസതയും, ഏകാന്തതയും, ആരോഗ്യപ്രശ്നങ്ങളും മാത്രമാവും. എല്ലാം ഓൺലൈനായി മാറുന്ന ഈ ഡിജിറ്റൽ കാലത്ത് ജൈവിക മനുഷ്യനുമായുള്ള കൂട്ടിമുട്ടലുകൾപോലും വിരളമാവും. അസംതൃപ്തമായ മനസ്സോടെ, ഇനിയും സമ്പാദിച്ചുതീരാത്തവരായും ഇനിയും സ്നേഹിക്കപ്പെടേണ്ടവരായും ഇനിയും അധികാരത്തിലെത്തേണ്ടവരായും ഇനിയും ചുറ്റുമുള്ളവരെ ഉപദേശിച്ച് നന്നാക്കേണ്ടവരായും കരുതി, അസംതൃപ്തമായ മനസ്സോടെ വാർധക്യം ജീവിക്കുന്നതിന് പകരം കൃപാപൂർണമായ മനസ്സോടെ, സംതൃപ്തിയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതുന്ന നിർമ്മല മനസ്സോടെ ഈ യാത്രയുടെ വാർധക്യമെന്ന അനിവാര്യഘട്ടം പൂർത്തിയാക്കാം. അതിനല്ലേ ശരിക്കുമൊരു പരിശീലനക്കളരിയും ഒരുക്ക ക്ലാസുകളും നമുക്കാവശ്യമുള്ളത്.

– പത്രാധിപർ

# പ്രതികരണങ്ങൾ




## നല്ലകഥയും മികച്ച കവിതയും

കഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ശ്രീ. സന്തോഷ് ബാബുവിന്റെ കഥ, ബോധി ഒരു നല്ല കഥയാണ്. നല്ല നിലവാരമുള്ള ഭാഷയാണ് കഥയിൽ ഉപയോഗിച്ചിരിക്കുന്നത്. ശരിയാണ് മരിച്ചുകഴിഞ്ഞാൽ മനുഷ്യർ വെറും ഒരു ബോധി മാത്രമാണ്. എത്ര അന്വർത്ഥമായ ദർശനം. കഥയുടെ വിഷയം പരിചരണം, ഭാഷ എല്ലാം വളരെ നന്നായി.

ഫാ. റോൺ റോളീസർ എഴുതിയ ഡോ. ഐറിസ് കൊയ്‌ലിയോ വിവർത്തനം ചെയ്ത 'മേരി മഗ്ദലനയുടെ ഈസ്റ്റർ പ്രാർത്ഥന' എന്ന കവിത, മഗ്ദലന മേരിയുടെ ഉൾത്താപത്തെ വർണിക്കുന്നു. കവിതയും പരിഭാഷയും നന്ന്. കവിയെക്കുറിച്ച് ഒരു വിവരണം കൂടി നൽകാമായിരുന്നു. കവിയ്ക്കും പരിഭാഷകയ്ക്കും കഥാകാരനും അഭിനന്ദനങ്ങൾ.


ട്രീസ, പുതിയതുറ

## ലോകത്ത് ആരുമില്ലാത്തവർക്ക് എല്ലാമാണ് ക്രിസ്തു

ജീവനും വെളിച്ചവും ഈസ്റ്റർ (ഏപ്രിൽ) ലക്കത്തിൽ പ്രസിദ്ധീകരിച്ച ഫാ. വിൻസെന്റ് വാരിയത്തിന്റെ 'ഉണക്കകമ്പുകൾ പൂക്കുന്ന കാലം' എന്ന ലേഖനം ഹൃദ്യമായ ഒരു വായനാനുഭവമായിരുന്നു. ഉത്ഥിതനേയും ഉത്ഥാനത്തേയും കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ എന്നാൽ വളരെ അർത്ഥവത്തായി വിശദീകരിക്കുന്നു. 'നമ്മൾ എത്ര പാതിരാക്കുർബാനയിൽ പങ്കെടുത്തു. എത്രവട്ടം മണിനാദം കേട്ടുണർന്നു. എന്നിട്ടും ക്രിസ്തു നമ്മിൽ ഉയിർക്കാത്തതെന്തേ' എന്ന ചോദ്യം പ്രസക്തമാണ്. അതുപോലെ ഫാ. ഡൈസൺ എഴുതിയ 'ഈസ്റ്റർ അമർത്യതയിലേക്കുള്ള പ്രയാണം' എന്ന ലേഖനവും ഭാഷയിലും ദർശനത്തിലും ഉന്നത നിലവാരം പുലർത്തുന്നു. 'ലോകത്ത് ആരുമില്ലാത്തവർക്ക് എല്ലാമാണ് ക്രിസ്തു' എന്ന് ലേഖനത്തിൽ ഒരിടത്ത് പറയുന്നു. എത്ര വാസ്തവം!

ലേഖകർക്കും ജീവനും വെളിച്ചത്തിനും ഭാവുകങ്ങൾ നേരുന്നു.

ക്രിസ്റ്റഫർ, താഴംപള്ളി




## സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ




കഴിഞ്ഞലക്കം 'ജീവനും വെളിച്ചവും' മാസികയിലെ ചരിത്രപഥത്തിൽ പാളയം സെന്റ് ജോസഫ് അതിഭദ്രാസന ദൈവാലയത്തെക്കുറിച്ച് ശ്രീ. ഇഗ്നേഷ്യസ് തോമസ് നൽകിയ അറിവുകൾ ഒരു പുത്തനുണർവേകി. പള്ളിയുടെ അറിയപ്പെടാത്ത ചരിത്രവും അക്കാലവും തന്മയത്തോടെയുള്ള പ്രതിപാദനവും ആവേശപൂർവം വായിച്ചു. പള്ളിപണിയാൻ അന്നത്തെ വിശ്വാസികൾ എടുത്ത പ്രയത്നത്തെ ഓർത്ത് അഭിമാനം കൊള്ളുന്നു.

**- സെൽവി ജോർജ്ജ്,**
പാളയം

# താളുകളിൽ


**വൃദ്ധസദനങ്ങൾ ഉണ്ടാകുന്നത്** 6
എം, ജോൺസൺ റോച്ച്

**മെയ് 1:**
**കുടിയേറ്റ തൊഴിലാളികളുടെയും ദിനം** 10
സിന്ധുമരിയ നെപ്പോളിയൻ

**വയോജനങ്ങളും ദൈവകരുണയും** 14
എം. ക്ലെമൻസ്

*കവിത*
**മയ്യാവാടികൾതേടി തുഴയുന്നവർ** 9
വിപിൻദാസ് തോട്ടത്തിൽ

**അമ്മത്തൊട്ടിൽ** 13
തെരേസ ജിമ്മി

**ഞങ്ങളോട് പ്രണയത്തെക്കുറിച്ച് പറയുക** 18
ഖലീൽ ജിബ്രാൻ

**കാനോൻ ലോ** 20

**ചരിത്രപഥം** 22
ഇഗ്നേഷ്യസ് തോമസ്

**വായന** 24
ഡോ. സീന ഫെലിക്സ്

**വാർത്തകൾ** 26

**നീർച്ചാൽ** 30

**കുഞ്ഞാടുകൾ** 36

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.






# ലേഖനം

വാർദ്ധക്യം
രണ്ടാം ബാല്യമാണ്.
ആ കുട്ടികൾ
വാശിപിടിച്ച് മോ
ണകാട്ടി കരയുന്നത്
കാണുമ്പോൾ അവ
രെ കൊഞ്ചിക്കുക.
വൃദ്ധബാല്യം മോണ
കാട്ടി വാശി പിടിക്കു
മ്പോൾ ആക്ഷേപി
ക്കാതിരിക്കുക.
വയോജനങ്ങളുടെ
കാർക്കശ്യം അവർ
ക്കായി അനുവദിച്ചു
നൽകുക. കാരണം
നമ്മളും എത്തിച്ചേരേ
ണ്ട ജീവിതത്തിന്റെ
അവസാന പടവുക
ളാണത്. എല്ലാപേർ
ക്കുമായി അത് നീ
ക്കി വയ്ക്കപ്പെട്ടിരി
ക്കുന്നു.
ബീ കെയർഫുൾ...





എം. ജോൺസൺ റോച്ച്



# വൃദ്ധസദനങ്ങൾ ഉണ്ടാകുന്നത്

നാട്ടിൽ അറിയപ്പെടുന്നയാളാണ് സോമസുന്ദരംപിള്ള. വയസ്സ് എൺപതായി. റിട്ടേർഡ് സർക്കാർ ഉദ്യോഗസ്ഥൻ. നാട്ടുകാർക്കൊക്കെ പ്രിയങ്കരൻ. ഒരു ദിവസം പുലർച്ചെ കവലയിലെ വെയിറ്റിംഗ് ഷെഡിൽ കിടുന്നുറങ്ങുന്ന സോമസുന്ദരംപിള്ളയെ കണ്ട് ജനം അമ്പരന്നു. അയ്യോ! ഇതെന്തുപറ്റി? അടൂർഗോപാലകൃഷ്ണന്റെ മുഖാമുഖത്തിലെ സഖാവ് ഉണർന്നതുപോലെ പതുക്കെ കണ്ണു തുറന്ന പിള്ള കരഞ്ഞു... എനിക്കിനി ആ വീട്ടിൽ ജീവിക്കേണ്ട... വെയിറ്റിംഗ് ഷെഡ് വീടാക്കിയ സോമസുന്ദരംപിള്ള മൂന്നാംദിനം എങ്ങോട്ടോ പോയി. പിന്നീട് തിരികെ വന്നിട്ടേയില്ല.

വാർദ്ധക്യം ബാധിച്ചവർ പൊതുസമൂഹത്തിന് വേണ്ടപ്പെട്ടവരാണെങ്കിലും വീട്ടിൽ അന്യരാകുന്നു. കാലം മാറുന്നതിനുസരിച്ച് കുടുംബവ്യവസ്ഥയും മാറുകയാണ്. ഡാഡിയും മമ്മിയും വാവയും മാത്രമുള്ള പോസ്റ്റ്മോഡേൺ ഫാമിലിയുടെ വരവോടെ അമ്മൂമ്മയും അപ്പൂപ്പനും മാമനും മറ്റുമുണ്ടായിരുന്ന കുടുംബഘടന മാറി. ഈ സാഹചര്യത്തിലാണ് വൃദ്ധർ വീടുകളിൽ നിന്നും ഡിലീറ്റ് ചെയ്യപ്പെടുന്നത്. ചില വീടുകളിൽ കണ്ടിട്ടില്ലേ, വാർദ്ധക്യം ബാധിച്ച കണ്ണുകളിൽ തളംകെട്ടി നിൽക്കുന്ന ദുഃഖം. പുറത്തേയ്ക്ക് വെറുതേ മിഴിപാർത്തിരിക്കുന്ന മുഖം. ജീവിതം ഇവരുടെ മുൻപിൽ നിശ്ചലമാകുകയാണ്.

പണ്ടാണെങ്കിൽ മുതിർന്നവരാണ് വീട്ടിലെ നായകർ. ഇന്നാകട്ടെ കുഞ്ഞാണ് താരം. പണ്ട് കാരണവരുടെ ആജ്ഞ അനുസരിക്കുകയേ കുടുംബാംഗങ്ങൾക്ക് നിർവ്വാഹമുണ്ടായിരുന്നുള്ളൂ. ഇന്നാകട്ടെ ആജ്ഞയുമായി വന്നാൽ വീട്ടിൽ നിന്നും ഔട്ട്. പുത്തൻ ജീവിത ഫോർമുലകളോട് മുതിർന്നവരും മുഖം തിരിക്കുന്നതോടെ ഇതൊരു സാമൂഹിക ദുരന്തമായി മാറി. മദ്ധ്യവർഗ കുടുംബങ്ങളിലാകട്ടെ ഈ ദുരന്തം കലഹത്തിന് വഴിവയ്ക്കുന്നതോടെ പ്രശ്നം സങ്കീർണ്ണമായി മാറി. ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ പ്രാപ്തിയുള്ള ഉപരിവർഗത്തിൽ വൃദ്ധർ സംരക്ഷിതരാണ്. അതേപോലെ പ്രാരാബ്ധങ്ങൾ മാത്രമുള്ള താഴെത്തട്ടിലുള്ള കുടുംബവ്യവസ്ഥയിലും ആ പ്രയാസങ്ങൾക്കിടയിൽത്തന്നെ വയോവൃദ്ധരും ജീവിക്കുന്നു. അതുകൊണ്ട് ഈ രണ്ടുവിഭാഗങ്ങളിലും വൃദ്ധജനങ്ങൾ അധിക ബാധ്യത സൃഷ്ടിക്കുന്നില്ലെന്നതാണ് വാസ്തവം. എന്നാൽ സ്വന്തം താല്പര്യങ്ങളും പരിമിതികളുംചേർന്ന യുദ്ധക്കളമായ കുടുംബാന്തരീക്ഷത്തിലാണ് വയസായവരുടെ നിലനിൽപ്പ്, ഹയ്‌ലി എക്സ്പ്ലോസീവായി മാറുന്നത്.

ഇതേക്കുറിച്ച് അടുത്തിടെ നടന്ന പഠനങ്ങളിൽ വ്യക്തമാകുന്നത് രസകരമായ കാര്യങ്ങളാണ്. മലയാളി ജോലിതേടി വിദേശത്തേയ്ക്ക് പോയതോടെയാണ് വൃദ്ധർക്ക് കഷ്ടകാലം തുടങ്ങിയതത്രേ. പഠനം ഇങ്ങനെ.. പെട്ടെന്നുള്ള ധനവരവ് മലയാളിയെ ടിപ്പ്ടോപ്പാക്കി. ലോകത്തിലെ വിലപിടിപ്പുള്ള വസ്ത്രങ്ങളും ഗൃഹോപകരണങ്ങളും കഷ്ടപ്പാടുള്ള വീടുകളിലെത്തി. ഇതോടൊപ്പം വിദേശത്തെ ജോലിയിലെ സ്ഥിരതയില്ലായ്മയും അവിടത്തെ കഠിനാധ്വാനത്തിലൂടെയുള്ള ധനനേട്ടവുമൊക്കെ ചേർന്ന് കടുത്ത മാനസിക സംഘർഷത്തിനും വഴിവച്ചു. ഈ സുഖലോലുപതയുടെ മുഴുവൻ അന്തഃസംഘർഷവും പേറേണ്ടി വന്നത് വീട്ടിലെ തലമുതിർന്നവരായിരുന്നു. ഇടത്തരം കുടുംബബന്ധങ്ങളിലാണ് വെള്ളത്തിനുമേൽ എണ്ണയൊഴിച്ചപോലെ ഈ വേർതിരിയലുണ്ടായത്. വരുന്ന ധനവിനിയോഗത്തെ അനുബന്ധിച്ച് വീട്ടുകാർ തമ്മിലുള്ള ബന്ധത്തിനും വിള്ളലുണ്ടായി. ധനം വരുന്ന വഴിയിലെ കാഴ്ചക്കാരായി വൃദ്ധജനങ്ങൾ കുടുംബങ്ങളിൽ മാറി. അല്ലെങ്കിൽ ധനം സ്വരൂപിക്കുന്ന ഗെയിമിൽ വൃദ്ധർ ഔട്ടായി. സ്വന്തമായി വരുമാനമുള്ള വൃദ്ധർക്ക് ഒരുവിധം നിൽക്കാമെന്നായപ്പോൾ വരുമാനമില്ലാത്ത മുത്തച്ഛനും മുത്തശ്ശിയും വീടുകളിൽ ഓസിന് കഴിയുന്നവരായി മാറി. വാർദ്ധക്യകാല പെൻഷനുള്ളവർക്ക് അതൊരു താങ്ങായിമാറി.

ഈ ഗൃഹസാഹചര്യത്തിൽ രണ്ട് ഓപ്ഷനാണ് വൃദ്ധജനങ്ങൾക്കുള്ളത്. പണവും പുത്തൻശീലവുമായി പുതിയ തലമുറയോടൊപ്പം കളിയിൽ ചേരുക. അല്ലെങ്കിൽ തോറ്റ് ഔട്ടാക്കുക. പഴയശീലുകൾ ഉപേക്ഷിക്കാൻ പഴയ തലമുറ തയ്യാറാകാത്തത് പ്രശ്നം കൂടുതൽ സങ്കീർണമാക്കിക്കൊണ്ടിരിക്കും. വൃദ്ധജനങ്ങൾക്ക് അവരുടെ മാതാപിതാക്കൾ വളർത്തിയ ശീലങ്ങളിൽനിന്നും അവരെ പഠിപ്പിച്ച വിശ്വാസപ്രമാണങ്ങളിൽ നിന്നും മാറാൻ വളരെയധികം ബുദ്ധിമുട്ടുണ്ട്. രാവിലെ ചായ കുടിച്ചവർക്ക് അതു കൂടിയേ തീരു. അതുപോലെ തന്നെ മുതിർന്നവർ ശീലിച്ച വഴിയേ അവർ നടക്കുയുള്ളുവെന്നതാണ് അതിന്റെ സയൻസ്. അവരുടെ രീതികൾ ഇളം തലമുറയ്ക്ക് പിടിക്കണമെന്നില്ല.

അമ്മൂമ്മയ്ക്ക് പോത്തിറച്ചി ഇഷ്ടമില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ മകളുടെയോ കൊച്ചുമകളുടെയോ ചോദ്യം; ഈ അമ്മൂമ്മയ്ക്കെന്താ മത്സ്യം കഴി



ക്കാമെങ്കിൽ പോത്തിറച്ചി കഴിക്കരുതോ? തിരികെ പകപോക്കാൻ അവസരം പാർത്തിരിക്കുമ്പോഴാകും രാവിലെ കുളി കഴിഞ്ഞ് ഈറൻ തോർത്ത് കൊച്ചുമോൻ കിടക്കയിലേക്ക് അലക്ഷ്യമായി വലിച്ചെറിയുന്നത് കാണുക. മുത്തശ്ശി വിടുമോ, എടുത്ത് പുറത്തേക്ക് ഇട്ടേച്ചുവാടാ... എന്നാകും പഴയ വൈരാഗ്യം ഉള്ളിൽ വച്ചുള്ള അലർച്ച. എന്താ ഈ മുത്തശ്ശിക്ക്, സ്നേഹത്തോടെ കൊച്ചുമക്കളോട് സംസാരിച്ചുകൂടേയെന്ന മകളുടെ തിരിച്ചുള്ള ചോദ്യം കുടുംബകലഹത്തിന് വീണ്ടും അമിട്ട് പൊട്ടിക്കും. ഈ പോരിൽ ഭാര്യയോടും മക്കളോടുമെല്ലാം കുടുംബനാഥൻ ചേരുമ്പോഴേയ്ക്കും അമ്മൂമ്മയ്ക്ക് ഒരു കാര്യം ബോധ്യമാകും. താൻ ഈ വീട്ടിൽ ആർക്കും വേണ്ടാത്തയാളാണെന്ന്. തന്റെ ഈ നിഗമനം ശരിയാണോയെന്ന ചിന്ത തുടങ്ങുന്നതോടെ സംശയം ബലപ്പെടുത്തുന്ന തരത്തിലാകും അന്വേഷണങ്ങൾ ചെന്നവസാനിക്കുക.

ഇനി മറ്റൊരു കുടുംബാന്തരീക്ഷം നോക്കൂ: സെക്രട്ടറിയേറ്റിലെ ഉയർന്ന ജോലിയിൽ നിന്നും റിട്ടയർ ചെയ്തയാളാണ് ജോസ് തോമസ്. പെൻഷൻ പറ്റി ഒരു മാസം കഴിഞ്ഞ് ജോലിസ്ഥലത്തെത്തി. ജോസ് തോമസിന്റെ സങ്കല്പത്തിൽ നിന്നും വിരുദ്ധമായ കാര്യങ്ങളാണ് അവിടെ നടന്നത്. തന്റെ കസേരയിൽ ഇരിക്കുന്നയാൾ തന്നെ കാണുമ്പോൾ ചാടി വീണ് എണിക്കുമെന്നാണ് പാവം കരുതിയത്. എണീറ്റില്ലെന്നു മാത്രമല്ല വളരെ മോശമായി തന്നോട് പെരുമാറിയതായി ജോസ് തോമസിന് തോന്നുകയും ചെയ്തു, അദ്ദേഹത്തിന് പൊട്ടിത്തെറിക്കാൻ അധികം സമയം വേണ്ടിവന്നില്ല. കാര്യങ്ങൾ വഷളായപ്പോൾ തന്റെ മുമ്പിൽ നേരെ നിവർന്നുപോലും നിൽക്കാൻ ധൈര്യം കാണിക്കാത്ത പ്യൂൺപോലും തനിക്കെതിരെ സംസാരിക്കുന്നതായ തിരിച്ചറിവ് ജോസ് തോമസിനെ ഒട്ടൊന്നുമല്ല ഞെട്ടിച്ചത്. വീട്ടിലെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമായി ജോസ് തോമസിന് തോന്നിയില്ല. സർവ്വീസിലുള്ളപ്പോഴുള്ള പെരുമാറ്റ രീതിയല്ല കുടുംബാംഗങ്ങൾക്ക് തന്നോടുള്ളതെന്ന തോന്നൽ ദിവസം കഴിയും തോറും കൂടി വന്നു. രാവിലെത്തെ ചായ എത്ര താമസിച്ചു കിട്ടിയാലും കുറ്റം പറയാത്ത ജോസ് തോമസ് ചായ അല്പം വൈകിയാൽ ന്യൂസ് പേപ്പർ വലിച്ചെറിയും. വീട്ടിലെ ഒന്നാമൻ താനാണെന്നു ഉറപ്പിക്കാനുള്ള ശ്രമത്തിനിടെ കുടുംബാംന്തരീക്ഷത്തിലെ താളം തെറ്റി. സ്വഭാവ മാറ്റം കാരണം ഇദ്ദേഹത്തെ വീട്ടുകാരും വെറുത്തു തുടങ്ങി. സ്വർഗമായി കരുതിയിരുന്ന വീട് ജോസ് തോമസിന് നരകമാകാൻ അധികനാൾ വേണ്ടിവന്നില്ല. അവസാനം ജോസ് തോമസ് എത്തിച്ചേർന്നത് വൃദ്ധസദനത്തിൽ.

തലസ്ഥാനത്തെ ഒരു വൃദ്ധസദനത്തിൽ കഴിയുന്ന ലീലാമ്മ എന്ന അറുപതുകാരി വീട്ടമ്മയുടേയും പ്രശ്നം ഏതാണ്ടിതേപോലെ. രണ്ടു മക്കൾ. ഒരാണും ഒരു പെണ്ണും. പെണ്ണിനെ കെട്ടിച്ചു വിട്ടു. മകൻ സുന്ദരിയായ പെൺകുട്ടിയെ വിവാഹം കഴിച്ച് വീട്ടിൽ കൊണ്ടു വന്നു. താൻ കഴിക്കുന്ന പ്രഷറിനുള്ള മരുന്ന് തീർന്നാൽ തന്നേക്കാൾ അറിയാമെന്നുള്ളത് മകനാണ്. വിവാഹശേഷം മരുന്ന് തീരുന്നത് അവൻ അറിയുന്നില്ലെന്ന് മാത്രമല്ല മരുന്ന് വാങ്ങാൻ പറഞ്ഞയച്ചാൽപോലും മറന്നിട്ട് വരും. പിന്നീട് പുറത്തുള്ള ആരോടെങ്കിലും ശുപാർശ ചെയ്താണ് ഈ അമ്മ മരുന്നുവാങ്ങി കഴിക്കുന്നത്. മകൻ എന്ന റോളിൽ നിന്നും ഭർത്താവ് റോളിലേക്ക് മകൻ മാറിയതോടെ മകന്റെ സങ്കല്പങ്ങൾക്കും ദിനചര്യകൾക്കും വന്ന മാറ്റം സ്വാഭാവികം. മകന്റെ സ്വാഭാവിക പരിണാമം തിരിച്ചറിയാനുള്ള പക്വത അമ്മയും അമ്മയുടെ കാര്യം കൂടെ നോക്കണമെന്ന ചിന്ത മകനും ഇല്ലാതെ പോയതാണ് പ്രശ്നങ്ങൾക്ക് കാരണം. ഇത് സമാധാനപരമായി കഴിഞ്ഞ കുടുംബത്തിൽ അസ്വാരസ്യത്തിന്റെ ദിനങ്ങൾ വളർന്നു വന്നു. തന്നോടുള്ള അടുപ്പമില്ലായ്മ ഓർത്ത് അമ്മ നിശബ്ദമായി കരഞ്ഞപ്പോഴൊക്കെ താൻ വിവാഹം കഴിച്ചത് അമ്മയ്ക്ക് ഇഷ്ടമായില്ലെന്നാണ് മകൻ വിശ്വസിച്ചത്. അമ്മായിയെ ആശ്വസിപ്പിക്കേണ്ട മരുമകളാകട്ടെ തന്നെ സ്നേഹിക്കുന്ന ഭർത്താവിന്റെ നിലപാടിനോടൊപ്പം കൂടി. കാര്യങ്ങൾ കീഴ്മേൽ മറിയാൻ അധികനാൾ വേണ്ടിവന്നില്ല. സരസ്വതി വൃദ്ധസദനത്തിലെത്തി. സ്നേഹക്കുറവല്ല ഇവിടെ വില്ലൻ. പരിണമിക്കുന്ന ജീവിത സാഹചര്യങ്ങളുമായി ഒത്തുപോകാൻ കഴിയാത്ത മനസിന്റെ വിമുഖതയാണ് വിഷം പാകുന്നത്.

പ്രത്യുപകാരം പ്രതീക്ഷിച്ച് സ്നേഹം നൽകാതിരിക്കുക. പണം കടം കൊടുക്കുമ്പോഴും സ്നേഹം നൽകുമ്പോഴും രണ്ടും തിരികെ വലുതായി പ്രതീക്ഷിക്കരുത്. എങ്കിലേ മനസുഖം ലഭിക്കൂ. പ്രതിഫലം ആഗ്രഹിക്കാത്ത സ്നേഹമാണ് യഥാർത്ഥ സ്നേഹമെന്ന് തിരിച്ചറിയുക. കുടുംബാംഗങ്ങൾക്ക് സ്നേഹം നൽകിയിട്ട് അത് തിരികെ ചോദിക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉയരുന്നത്. ചുരുക്കത്തിൽ സ്നേഹം ശുദ്ധമായി നൽകുക. സ്വാർത്ഥതയുടെ ചതിചേർത്ത് നൽകാതിരിക്കുക. വാർദ്ധക്യം രണ്ടാം ബാല്യമാണ്. ആ കുട്ടികൾ വാശിപിടിച്ച് മോണ കാട്ടി കരയുന്നത് കാണുമ്പോൾ അവരെ കൊഞ്ചിക്കുക. വൃദ്ധബാല്യം മോണ കാട്ടി വാശി പിടിക്കുമ്പോൾ ആക്ഷേപിക്കാതിരിക്കുക. വയോജനങ്ങളുടെ കാർക്കശ്യം അവർക്കായി അനുവദിച്ചു നൽകുക. കാരണം നമ്മളും എത്തിച്ചേരേണ്ട ജീവിതത്തിന്റെ അവസാന പടവുകളാണത്. എല്ലാപേർക്കുമായി അത് നീക്കി വയ്ക്കപ്പെട്ടിരിക്കുന്നു. ബീ കെയർഫുൾ... ■

കവിത




# മയ്യാവാടികൾതേടി തുഴയുന്നവർ

**ശ**വമടക്കിന്റെ സമയത്തായിരുന്നു
മഴ പെയ്തത്.

മേലാക്കടലിൽ
നിന്നുയിർത്തുവീശുന്ന
കച്ചാങ്കാറ്റിന്റെ ഊക്ക്
പതിവില്ലാതെ കൂടിയപ്പോൾതന്നെ
പള്ളിമിറ്റത്ത് കൂടിനിന്നിരുന്ന
ആളുകൾ അടക്കം
പറഞ്ഞുതുടങ്ങിയിരുന്നു.

വെള്ളിക്കുരിശും
വട്ടക്കിരീടവുമായി
തോമാ പിരുസന്തി
മുന്നിൽ നടക്കുകയും
കരമടിപോയുറക്കം തൂങ്ങി
പുളിച്ച കണ്ണുകളുമായി
കൊമ്പിരിയക്കാർ വരിവരിയായി
പിന്നാലെ വരികയും ചെയ്തു.

സമയത്തിനെത്താതിരുന്ന
കിളക്കത്തുകാരി
വറീതമ്മയെ
ആ ലീജനോഫ്മേരിയിലെ
ആകാശനീലസാരി ചുറ്റിയ
പെണ്ണുങ്ങൾ
അവിടെ കൂടിയിരുന്ന് പള്ള്
പറയുന്നുണ്ടായിരുന്നു.

ശവമഞ്ചത്തിൽ കയറുന്നതിന്
തൊട്ടുമുന്നേ
ആകാശത്ത് ഇരുള്
കെട്ടിത്തുടങ്ങിയപ്പോൾതന്നെ
ഞാൻ
ഏവ തിന്നവശേഷിപ്പിച്ച
മിച്ചം ഏക്കരികളെല്ലാം
ചുത്തിയെടുത്ത്
ആങ്കറിളക്കിയിരുന്നു.

പന്താക്കല്ലിലുടക്കിപ്പോയിരുന്ന
ആങ്കറിളക്കാൻ
നന്നേ പാടുപെട്ടെങ്കിലും
കീളാകരയിട്ട്
ഇരുട്ടു കനത്തൊരിടിവെട്ടുന്നത്
ഞാൻ കീക്കണ്ണിലൂടെ
തെളിവോടെ കണ്ടു.

മഴ കയറിവരുന്നല്ലോ
അശയിലെ
തുണിയെല്ലാമെടുത്തിടണമെന്ന്
ആരാരോടോ പറയുന്നുണ്ടായിരുന്നു.

പാ കെട്ടി തുഴഞ്ഞോടിയ ഞാൻ
ഇടയ്ക്കാ കട്ടമരമൊന്ന്
ആങ്കറിട്ടുനിർത്തി
അൾത്താരമുന്നിലായിരുന്നു അത്.
കുന്തിരുക്കപ്പുകകൾക്കുമൊപ്പാരി
മണങ്ങൾക്കുമിടയിൽ
മനുഷ്യപുത്രൻ
ഉടയാട വെടിഞ്ഞ് നില്ക്കുന്നത്
അവിടെ ഞാൻ കണ്ടു.



വിപിൻദാസ് തോട്ടത്തിൽ

ലേഖനം



May 1

# കുടിയേറ്റ തൊഴിലാളികളുടെയും ദിനം

**കേരളത്തിൽ ഏതാണ്ട് 40 ലക്ഷത്തിലേറെ കുടിയേറ്റ തൊഴിലാളികളുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ഒരു കാലത്ത് തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവുമധികം പേർ തൊഴിൽ തേടി കേരളത്തിലേക്ക് വന്നിരുന്നതെങ്കിൽ ഇന്ന് ആ സാഹചര്യം മാറി.**



**സിന്ധുമരിയ നെപ്പോളിയൻ**

അതിഥി തൊഴിലാളികൾ എന്ന് മലയാളികൾ ഓമനപ്പേരിട്ട് വിളിക്കുന്ന കുടിയേറ്റ തൊഴിലാളികളെപ്പറ്റി സംസാരിക്കാതെ ഈ അന്താരാഷ്ട്ര തൊഴിലാളി ദിനം കടന്നു പോവുന്നത് നീതിയാവില്ല. ഒരു കാലത്ത് സാധാരണക്കാരും ദരിദ്രരുമായ മലയാളികൾ തന്റെ കയ്യിലാകെയുള്ള ഇത്തിരി സ്വർണം വിറ്റിട്ടോ പണം കടമെടുത്തോ ഒക്കെ ഗൾഫ് രാജ്യങ്ങളിലേക്ക് പോയി കയ്യിൽ കിട്ടുന്ന ജോലിയെടുത്ത് നാട്ടിലുള്ളവർക്ക് പണം അയച്ചു കൊടുത്തിരുന്ന കാലം പലരും മറന്നിട്ടുണ്ടാവില്ല. അന്നത്തെ പേർഷ്യയിലെ ലേബർ ക്യാംപുകളിലെ ദുരിതവും ജീവിതമപ്പാടെ പ്രവാസമാക്കി മാറ്റേണ്ടി വന്ന സാധാരണക്കാരും ഇടത്തരക്കാരുമായ മലയാളികളുടെ വിയർപ്പിന്റെ വിലയുമൊക്കെ കൊണ്ട് ജീവിതം പച്ച പിടിച്ച കുടുംബങ്ങളുടെ പിൻതലമുറക്കാരായിരിക്കും നമ്മളിൽ പലരും. മലയാളികൾക്ക് ഒരു കാലത്ത് ഗൾഫ് എങ്ങനെയായിരുന്നോ അതേ പോലെയാണ് ഇന്ന് പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സാധാരണക്കാരും കേരളത്തെ കാണുന്നത്.

കേരളത്തിൽ ഏതാണ്ട് 40 ലക്ഷത്തിലേറെ കുടിയേറ്റ തൊഴിലാളികളുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ഒരു കാലത്ത് തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവുമധികം പേർ തൊഴിൽ തേടി കേരളത്തിലേക്ക് വന്നിരുന്നതെങ്കിൽ ഇന്ന് ആ സാഹചര്യം മാറി. പശ്ചിമ ബംഗാളും ജാർഖണ്ഡും ബീഹാർ, ഒഡീഷ പോലുള്ള സംസ്ഥാനങ്ങളിലും നിന്ന് തുടങ്ങി വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുവരെ കേരളത്തിലേക്ക് കുടിയേറ്റ തൊഴിലാളികളുടെ ഒഴുക്ക് സംഭവിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തുന്ന ദീർഘദൂര ട്രെയിനുകളിൽ യാത്ര ചെയ്തെത്തുന്ന തൊഴിലാളികളുടെ കണക്കിന്റെ അടിസ്ഥാന

ത്തിൽ, ഓരോ വർഷവും രണ്ട് ലക്ഷത്തിലേറെ തൊഴിലാളികൾ കേരളത്തിലേക്ക് എത്തുന്നുണ്ടെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠനത്തിൽ പറയുന്നു. ട്രെയിൻ മാർഗമല്ലാതെ ബസിലൂടെയും മറ്റും ഇവിടേക്ക് എത്തുന്നവരുടെ എണ്ണം ഈ കണക്കിൽ പരിഗണിച്ചിട്ടില്ലെന്ന് ഓർക്കണം.

ഇത്രയധികം പേർ കേരളത്തെ ആശ്രയിക്കുന്നത് പ്രധാനമായും അസംഘടിത മേഖലകളിലെ തൊഴിലുകൾക്കാണ്. പൊരി വെയിലത്ത് നടക്കുന്ന കെട്ടിട നിർമ്മാണത്തിൽ തുടങ്ങി സലൂണുകളിലും ബ്യൂട്ടി പാർലറുകളിലുംവരെ ഇന്ന് കുടിയേറ്റ തൊഴിലാളികളുടെ സാന്നിധ്യം വ്യാപകമായി കാണാനാവും. എന്തിനേറെ, കേരളത്തിലെ യന്ത്രവൽകൃത മത്സ്യബന്ധന മേഖലപോലും ഇന്ന് നിലനിൽക്കുന്നത് ഹാർബറുകളിലെത്തുന്ന ഇത്തരം കുടിയേറ്റ തൊഴിലാളികൾ കടലിൽ ബോട്ടുകളിൽ പണിക്ക് പോവാൻ തയ്യാറാവുന്നതുകൊണ്ടാണ്.

കൊല്ലം ശക്തികുളങ്ങരക്കാരനായ ഒരു ഗവേഷക സുഹൃത്ത് അടുത്തിടെ പങ്കുവച്ചത്, കൊല്ലത്തും എറണാകുളത്തും വടക്കൻ കേരളത്തിലെമ്പാടുമുള്ള വലിയ മത്സ്യബന്ധന ബോട്ടുകളിൽ 35 ഉം 40 ഉം കുടിയേറ്റ തൊഴിലാളികൾ പണിക്ക് പോവാനിറങ്ങുമ്പോൾ കഷ്ടിച്ച് അഞ്ചോ പത്തോ മലയാളികളാണ് അവർക്കൊപ്പം ബോട്ടിലുണ്ടാവുക എന്നാണ്. മത്സ്യബന്ധനം പോലുള്ള ജോലികളിൽ നിന്ന് മാറി പുതു തലമുറ മറ്റു കരിയറുകൾ തേടി യൂറോപ്പിലും യുകെയിലുമൊക്കെ കുടിയേറ്റം നടത്തുമ്പോൾ, ബംഗാളിലും ജാർഖണ്ഡിലുമൊക്കെ നിന്നുള്ള കുടിയേറ്റ തൊഴിലാളികളാണ് ഇവിടുത്തെ മത്സ്യബന്ധന മേഖലയെ ഇപ്പോൾ നിലനിർത്തുന്നത് എന്നായിരുന്നു കുടിയേറ്റ (Migration) ത്തെപ്പറ്റി പഠനം നടത്തുന്ന ഈ സുഹൃത്തിന്റെ നിരീക്ഷണം.

ഇത്രയധികം പേർ ഇവിടെ തൊഴിലിനായെത്തുമ്പോഴും, കേരളത്തിലെ സംഘടിതരായ തൊഴിലാളികൾക്ക് ലഭിക്കുന്ന തൊഴിൽ സുരക്ഷിതത്വമോ മറ്റ് ആനുകൂല്യങ്ങളോ ഇവർക്ക് ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ഇക്കഴിഞ്ഞ വർഷം കളമശ്ശേരിയിലെ ഒരു നിർമാണ സ്ഥലത്തുണ്ടായ അപകടത്തിൽ മണ്ണിടിഞ്ഞ് വീണ് നാല് കുടിയേറ്റ തൊഴിലാളികൾ മരിച്ച വാർത്ത എത്ര പേർ ഓർക്കുന്നുണ്ടാവും എന്നറിയില്ല. ഇത്തരത്തിൽ നിർമാണം പുരോഗമിക്കുന്നതിനിടെ കെട്ടിടം തകർന്നു വീണും പെയിൻറിങ് പണിക്കിടെ മുകളിലെ നിലയിൽ നിന്ന് വീണും പണി പൂർത്തിയാവാറായ ഫ്ളാറ്റിൽ തൂങ്ങിക്കിടന്ന് പണിയെടുക്കുന്നതിനിടെ താഴെ വീണും മേൽക്കൂര തകർന്നും തീപിടുത്തമുണ്ടായുമൊക്കെ നിരവധി കുടിയേറ്റ തൊഴിലാളികൾ കേരളത്തിന്റെ അങ്ങോളമിങ്ങോളം മരണപ്പെട്ടിട്ടുണ്ട്. ജോലിക്കിടെയുണ്ടായ അപകടങ്ങളെ തുടർന്ന് ഗുരുതരമായ പരിക്കേറ്റ് ശയ്യാവലംബികളായി മാറുന്നവരും പിന്നീടൊരിക്കലും ജോലി ചെയ്യാനാവാത്ത വിധം തകർന്നു പോവുന്നവരുമായ കുടിയേറ്റ തൊഴിലാളികളുടെ എണ്ണവും നിരവധിയാണ്. കുടിയേറ്റ തൊഴിലാളികൾക്ക് മരണം സംഭവിച്ച വാർത്തകൾ പലതും പുറത്തു വരാറുണ്ടെങ്കിലും ഇത്തരത്തിൽ ഗുരുതരമായി പരിക്കേൽക്കുന്നവരെപ്പറ്റി പുറത്ത് അറിയുന്നതുതന്നെ അപൂർവ്വമാണ്.

തൊഴിൽ നിയമങ്ങൾ ശക്തമായ കേരളം പോലുള്ളൊരു സംസ്ഥാനത്ത് പക്ഷേ ഈ കുടിയേറ്റ തൊഴിലാളികൾ അനുഭവിക്കേണ്ടി വരുന്ന ചൂഷണങ്ങളും ദുരിതങ്ങളും നിരവധിയാണ്. ഒരേ തൊഴിലിടത്ത് ജോ

**അഞ്ചോ അതിലധികമോ തൊഴിലാളികളെ ജോലിക്കെടുക്കുന്ന കരാറുകാർ അവരുടെ വിവരങ്ങൾ രജിസ്റ്ററിലാക്കി സൂക്ഷിക്കണമെന്നും തൊഴിലാളിയുടെ ഫോട്ടോ, മേൽവിലാസം, തൊഴിൽ സ്ഥലം, ശമ്പളം എന്നിവ രേഖപ്പെടുത്തിയ പാസ്ബുക്ക് തൊഴിലാളികൾക്ക് നൽകിയിരിക്കണം എന്നുമാണ് നിയമം. തൊഴിലിടത്ത് വച്ച് അവർക്ക് അപകടങ്ങൾ എന്തെങ്കിലും സംഭവിച്ചാൽ ഉടൻ അവരുടെ വീട്ടുകാരെയും സർക്കാർ സംവിധാനങ്ങളെയും വിവരം അറിയിക്കണം എന്നും നിർദേശമുണ്ട്.**





ലി ചെയ്യുന്ന തദ്ദേശവാസികളായ അഥവാ മലയാളികളായ തൊഴിലാളികൾക്കും കുടിയേറ്റ തൊഴിലാളികൾക്കും രണ്ട് തരം തൊഴിൽ സാഹചര്യങ്ങളാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് ചുറ്റുമൊന്ന് കണ്ണോടിച്ചാൽ തന്നെ മനസിലാവും. ജോലി സമയവും ജോലിയുടെ കാഠിന്യം കൂടുതലാണെങ്കിലും തദ്ദേശീയരെക്കാൾ കുടിയേറ്റ തൊഴിലാളികൾക്ക് കൂലി കുറവായിരിക്കും. തൊഴിലിടത്തെ അവകാശങ്ങൾക്ക് വേണ്ടിയും മറ്റും ശബ്ദമുയർത്താൻ നാട്ടിലെ തൊഴിലാളികൾക്ക് യൂണിയനുകളും രാഷ്ട്രീയ പാർട്ടികളുടെയുമൊക്കെ പിൻബലം ഉള്ളപ്പോൾ കുടിയേറ്റ തൊഴിലാളികൾ വർഷങ്ങളായി അസംഘടിതരായിത്തന്നെ തുടരുകയാണ്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വളരെ ദരിദ്ര സാഹചര്യങ്ങളിൽ നിന്നും വരുന്നവരാണ് കുടിയേറ്റ തൊഴിലാളികളിൽ ഭൂരിഭാഗം പേരും. ചെയ്യുന്ന ജോലിക്ക് നാമമാത്രമായ കൂലി ലഭിക്കുന്ന സ്വന്തം നാട്ടിൽ നിന്നും കേരളത്തിലെത്തുമ്പോൾ കൂലിയിലുള്ള വലിയ വർധനവ് തന്നെയാണ് അവരെ ഇവിടേക്ക് ആകർഷിക്കുന്നത്. തങ്ങൾ ഇവിടുന്ന് അയച്ചു കൊടുക്കുന്ന പണവും കാത്ത് ഒരു കുടുംബം മുഴുവൻ സ്വന്തം നാട്ടിലുണ്ടെന്ന തിരിച്ചറിവുള്ളതിനാൽ കേരളത്തിൽ തങ്ങൾക്ക് അനുഭവിക്കേണ്ടി വരുന്ന അരക്ഷിതാവസ്ഥയും ചൂഷണങ്ങളും മനഃപൂർവ്വം കണ്ടില്ലെന്ന് നടിച്ച് പണിയെടുക്കുന്നവരാണ് അവരിലധികവും.

കോവിഡ് മഹാമാരിയുടെ കാലത്ത് ഒരു സുപ്രഭാതത്തിൽ ദേശീയ ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ കാൽനടയായി നൂറു കണക്കിന് കിലോമീറ്ററുകൾ നടന്ന് സ്വന്തം നാടുകളിലേക്ക് തിരിച്ച് പോവാൻ നിർബന്ധിതരായ കുടിയേറ്റ തൊഴിലാളികളുടെ ദുരവസ്ഥ ഇന്നും നമ്മുടെയൊക്കെ മനസിലുണ്ട്. ദില്ലിയും മുംബൈയും പോലുള്ള നഗരങ്ങളിൽനിന്ന് ആയിരക്കണക്കിന് തൊഴിലാളികൾ ഇത്തരത്തിൽ പലായനം ചെയ്തെങ്കിലും കേരളത്തിലുണ്ടായിരുന്ന തൊഴിലാളികളിൽ കുറച്ച് പേരെങ്കിലും ഇവിടെത്തന്നെ തുടർന്നുകൊണ്ട് സംസ്ഥാന സർക്കാർ നല്കിയ ഭക്ഷ്യക്കിറ്റ് പോലുള്ള ആനുകൂല്യങ്ങൾ മാത്രം ഉപയോഗിച്ച് മാസങ്ങൾ തള്ളിനീക്കിയവരായിരുന്നു. തിരുവനന്തപുരവും എറണാകുളവും കോഴിക്കോടും പോലുള്ള പ്രധാന നഗരങ്ങളിൽ പലയിടത്തും കുടുംബസമേതം വാടക വീടുകളിലും മറ്റും താമസിക്കുന്ന കുടിയേറ്റ തൊഴിലാളികളെ കാണാനാവും. അവർ മലയാളത്തിൽ സംസാരിക്കാൻ പഠിച്ചും മക്കളെ സർക്കാർ സ്കൂളുകളിൽ ചേർത്തുമൊക്കെ സ്വന്തം ജീവിതം ഇവിടെ കരുപ്പിടിപ്പിക്കാൻ തന്നെ താല്പര്യപ്പെടുന്നവരാണ്. എസ്എസ്എൽസി പരീക്ഷയിലും മറ്റും മുഴുവൻ എ പ്ലസ് വാങ്ങിയ കുടിയേറ്റ തൊഴിലാളികളുടെ മക്കളുടെ കഥകൾ അടുത്തിടെയായി നാം വ്യാപകമായി മാധ്യമങ്ങളിൽ കാണാറുണ്ടല്ലോ.



കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും കേരളത്തിൽ ജീവിക്കുന്ന കുടിയേറ്റ തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണങ്ങളിലേക്ക് ഇത്തവണത്തെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിലെങ്കിലും പൊതു സമൂഹത്തിന്റെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഒരേ തൊഴിൽ ചെയ്യുന്ന പ്രാദേശിക തൊഴിലാളിക്കും കുടിയേറ്റ തൊഴിലാളിക്കും ഒരേ വേതനംതന്നെ നൽകണമെന്ന് 2020 ൽ ലോക്സഭയും രാജ്യസഭയും പാസാക്കിയ The Occupational Saftey, Health and Working Conditions Code (OSH Code 2020) എന്ന നിയമം അനുശാസിക്കുന്നു. സ്വന്തം സംസ്ഥാനത്തിനുപുറത്ത് പോയി ജോലി ചെയ്യേണ്ടി വരുന്ന തൊഴിലാളികളുടെ അവകാശങ്ങളും അവരുടെ തൊഴിൽ സുരക്ഷിതത്വവും പ്രതിപാദിക്കുന്ന ഈ നിയമമനുസരിച്ച്, കുടിയേറ്റ തൊഴിലാളികൾക്ക് കൃത്യമായ താമസ സൗകര്യങ്ങളും വൈദ്യ സേവനത്തിനുള്ള സൗകര്യങ്ങളും സൗജന്യമായി നൽകണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ നിലവിൽ ഇതൊന്നും ഒരു തൊഴിൽ കരാറുകാരും പാലിക്കുന്നില്ല.


അഞ്ചോ അതിലധികമോ തൊഴിലാളികളെ ജോലിക്കെടുക്കുന്ന കരാറുകാർ അവരുടെ വിവരങ്ങൾ രജിസ്റ്ററിലാക്കി സൂക്ഷിക്കണമെന്നും തൊഴിലാളിയുടെ ഫോട്ടോ, മേൽവിലാസം, തൊഴിൽ സ്ഥലം, ശമ്പളം എന്നിവ രേഖപ്പെടുത്തിയ പാസ്ബുക്ക് തൊഴിലാളികൾക്ക് നൽകിയിരിക്കണം എന്നുമാണ് നിയമം. തൊഴിലിടത്ത് വച്ച് അവർക്ക് അപകടങ്ങൾ എന്തെങ്കിലും സംഭവിച്ചാൽ ഉടൻ അവരുടെ വീട്ടുകാരെയും സർക്കാർ സംവിധാനങ്ങളെയും വിവരം അറിയിക്കണം എന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇവയൊന്നും പൊതുവേ പാലിക്കപ്പെടാറില്ല.

കുടിയേറ്റ തൊഴിലാളികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കിയതുൾപ്പെടെയുള്ള ചില സാമൂഹിക സുരക്ഷാ നടപടികൾ കേരളത്തിലെ സർക്കാർ കുടിയേറ്റ തൊഴിലാളികൾക്കായി സ്വീകരിച്ചിട്ടുണ്ടെങ്കിലും അവർക്ക് സുരക്ഷിതമായൊരു തൊഴിൽ സാഹചര്യം പ്രദാനം ചെയ്യാൻ അതൊന്നും പര്യാപ്തമായിട്ടില്ല. ഇവയ്ക്കെല്ലാം പുറമേ, കുടിയേറ്റ തൊഴിലാളികളോടുള്ള നമ്മുടെ മനോഭാവത്തിലും കാര്യമായ മാറ്റം വരേണ്ടതുണ്ട്. അവരെ രണ്ടാംകിട പൗന്മാരായി കാണുന്ന രീതി അവസാനിപ്പിക്കാനുള്ള ബോധവൽക്കരണ ശ്രമങ്ങളും സർക്കാർ തലത്തിൽ നടപ്പാക്കേണ്ടതുണ്ട്. ഈ തൊഴിലാളി ദിനത്തിൽ നാം സോഷ്യൽ മീഡിയയിലും മറ്റും പങ്കുവയ്ക്കുന്ന തൊഴിലാളി ദിന സന്ദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികളേയും ഓർക്കാം. അവരുടെ അവകാശങ്ങളും മറന്നു പോവാതിരിക്കാം.

*(ലേഖിക സ്വതന്ത്ര മാധ്യമപ്രവർത്തകയും ഗവേഷകയുമാണ്)*

# അമ്മത്തൊട്ടിൽ

ഉണ്ണീ, നിനക്കു ഞാനമ്മയെന്നാകിലും
കണ്ണീർ തുടപ്പതിന്നാവതില്ല!
ഇന്നീ വയറിൻ വിശപ്പകറ്റീടുവാൻ
ഒന്നുമീ അമ്മ തൻ പക്കലില്ല!
രാത്രി പുലരുവാൻ കാത്തിരിക്കും വെറും
ധാത്രിയൊരീ 'അമ്മത്തൊട്ടി'ലാം ഞാൻ.
തക്കം പരതിയലയുന്നു നിന്നുടെ
രക്തം കൊതിക്കും തെരുവുനായ്ക്കൾ
വിട്ടുകൊടുക്കില്ലവയ്ക്കെന്റെ കുഞ്ഞിനെ
ഒട്ടും ഭയം വേണ്ടുറങ്ങുക നീ.
നിന്നെ പുണർന്നു നിൻ നെറ്റിയിൽ ചുംബിച്ച്
പിൻതിരിഞ്ഞൊട്ടുമേ നോക്കിടാതെ
കണ്ണിൽ തുളുമ്പിയ കണ്ണീർക്കടലിനെ
പോളകൾക്കുള്ളിൽ മറച്ചുകൊണ്ടേ
മെല്ലെ നടന്നു പടികടക്കുന്നതാ
മന്നിൽ നിനക്കായി പിറന്നൊരമ്മ.
നിന്നെ തിരഞ്ഞു വരികില്ലവളിനി
നിന്നിൽ ഒടുക്കി ആ പാപഭാരം.
കണ്ണീർ തുടയ്ക്കുക, ഏകനല്ലിന്നു നീ
എണ്ണത്തിലേറെ ഉടപ്പിറന്നോർ
നേരം കുറിയ്ക്കാതെ വന്നു പിറന്നവർ
ഏറെയുണ്ടെന്റെ മടിയിലിന്നും
പെറ്റമ്മ നിന്നെ കളഞ്ഞിട്ടുപോകിലും
പോറ്റുമീ ലോകം മരിക്കുവോളം.
ഭാഗ്യം തുണച്ചവനാണ് നീ പൈതലേ!
ഭൂവിതിൽ വന്നുപിറന്നുവല്ലോ
കൂടെപ്പിറക്കാൻ കൊതിച്ചവർ എത്രപേർ
ഗർഭപാത്രത്തിൽ മരിച്ചുവീണു
തെല്ലും ഭയം വേണ്ടുറങ്ങുക മെല്ലെ നീ
അമ്മ ഞാനിന്നു നിൻ കാവലില്ലേ!





തെരേസ ജിമ്മി

ലേഖനം



**വാർദ്ധക്യത്തിൽ മുതിർന്നവർക്കും വയോജനങ്ങൾക്കും ആലംബഹീനർക്കും ഉള്ള ഏക കവചമാണ് ദൈവവിശ്വാസവും ദൈവആരാധനയും പ്രാർത്ഥനയും. ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും മറ്റു സാമൂഹിക സംഘടനകളിൽ നിന്നും എന്തൊക്കെ ഭൗതികമായ സഹായസഹകരണങ്ങൾ ഉണ്ടായാലും ദൈവത്തിന്റെ കരുണയും കരുതലും ആണ് ഏറ്റവും പ്രധാനം.**

# വയോജനങ്ങളും ദൈവകരുണയും



എം. ക്ലെമൻസ്

**2011**-ലെ ജനസഖ്യാ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ 60 വയസിന് മുകളിലുള്ളവർ 104 മില്ല്യൺ ആണ്.(53 മില്ല്യൺ സ്ത്രീകളും 51 മില്ല്യൺ പുരുഷൻമാരും). 2026 ആകുമ്പോഴേക്കും ഇത് 173 മില്ല്യൺ ആകുമെന്നാണ് യുഎൻഒയുടെ പോപ്പുലേഷൻ ഫണ്ടും ഹെല്പ് ഏജ് ഇന്ത്യ എന്ന സംഘടനയും പ്രതീക്ഷിക്കുന്നത്. 2050 ആകുമ്പോഴേക്കും ഇത് 240 മില്ല്യൺ ആകുമെന്നാണ് കണക്കാക്കുന്നത്. കാലക്രമേണ ശതമാന കണക്ക് കൂടിവരുന്നു. 1961ൽ 5.6% ആയിരുന്നത് 2011 ആയപ്പോഴേക്കും 8.6% ആയി വർദ്ധിച്ചു. 2021 ൽ 10.1% ആയി. 2031 ആകുമ്പോഴേക്കും 13.1% ആകും എന്നാണ് കണക്കാക്കുന്നത് . 2011 ലെ സെൻസസ് അനുസരിച്ച് 71% വയോജനങ്ങൾ ഗ്രാമ പ്രദേശങ്ങളിലും 29% പട്ടണപ്രദേശങ്ങളിലും ആണ് വസിക്കുന്നത്. കേരള സംസ്ഥാനത്ത് 60 വയസിനു മുകളിൽ പ്രായമുള്ളവരുടെ ശതമാനം (16.5%) ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. 2031 ആകുമ്പോഴേക്കും ഇത് 20.9% ആകും.

ദേശീയ സാമൂഹ്യഘടന അനുസരിച്ച് നമ്മുടെ കേരളത്തിൽ മാതാപിതാക്കളും വയോജനങ്ങളും കുടുംബത്തിലെ മ

റ്റ് കുടുംബാംഗങ്ങളുടെ പരിചരണത്തിൽ കഴിഞ്ഞിരുന്നു. എന്നാൽ കാലക്രമേണ കൂട്ടുകുടുംബ സമ്പ്രദായം അപ്രത്യക്ഷമായതോടെ, ജീവിതക്രമം അണുകുടുംബങ്ങളിലേക്ക് പാടെ മാറിയതോടെ, മക്കൾ അല്ലെങ്കിൽ പിൻഗാമികൾ മുതിർന്നവരെയും മാതാപിതാക്കളെയും സംരക്ഷിക്കാതെ വന്നു. മാത്രമല്ല ഭൗതീക നേട്ടങ്ങളും സാമ്പത്തിക ലാഭങ്ങളും ലക്ഷ്യമിടുന്ന ഒരു സമൂഹ മനഃസ്ഥിതി വളർന്നപ്പോൾ കുടുംബബന്ധങ്ങൾ ശിഥിലമായി. ഉലയുന്ന കുടുംബ ബന്ധങ്ങളും വലയുന്ന വാർദ്ധക്യവും. വയോജനങ്ങൾ സാമ്പത്തികമായും വൈകാരികമായും അവഗണിക്കപ്പെടുകയും പിന്തള്ളപ്പെടുകയും ചെയ്തു. സ്നേഹശൂന്യവും കാരുണ്യ രഹിതവുമായ ഈ നിലപാട് വലിയ ഒരു സാമൂഹ്യ പ്രശ്നമായി രൂപം കൊണ്ടു .

'രോഗങ്ങളെല്ലാം വിമാനങ്ങളിറങ്ങും താവളമല്ലോ വാർദ്ധക്യം' എന്ന് കവി എൻ.വി. കൃഷ്ണ വാരിയർ എഴുതിയിട്ടുള്ളത് ഓർമ വരുന്നു. വാർദ്ധക്യ കാലത്ത് രോഗങ്ങൾ ഒന്നിന് പിറകെ ഒന്നായി വന്നുകൊണ്ടിരിക്കും. കൂടാതെ, വിഷാദം, കേൾവിക്കുറവ്, തിമിരം മൂലമുള്ള കാഴ്ചക്കുറവ്, നടുവേദന, ശ്വാസം മുട്ടൽ, പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം, കാൻസർ എന്നീ പ്രധാനപ്പെട്ട രോഗങ്ങൾ (77%)ഇവരെ അലട്ടുന്നു. അതുപോലെ തന്നെ, ചിന്താശക്തി നഷ്ടപ്പെടുക, മറവി രോഗം എന്നിവ 2050 ആകുമ്പോഴേക്കും ഇപ്പോഴുള്ളതിന്റെ മൂന്നിരട്ടി ആകുമെന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കുന്നത്. 15% വയോജനങ്ങൾ മാനസിക രോഗങ്ങൾക്ക് അടിമപ്പെട്ടവരാണ്. ഓരോ 15 മിനിറ്റിലും ഏതെങ്കിലും ഒരു വയോജനം വീഴ്ചമൂലം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നു. വയോജനങ്ങളിൽ കാണുന്ന രോഗങ്ങളിൽ ഒന്ന് പോഷകാഹാരക്കുറവാണെന്നും ലോകാരോഗ്യസംഘടന വിലയിരുത്തുന്നു. 70 വയസ്സു കഴിഞ്ഞ വയോജനങ്ങളെ ബാധിക്കുന്ന മറ്റ് അസുഖങ്ങളാണ് മോണരോഗങ്ങളും, മൂത്രാശയരോഗങ്ങളും, മലബന്ധവും. ഇങ്ങനെയുള്ള ഒരുകൂട്ടം വ്യാധികൾ മരണഭയം ഉണ്ടാക്കാം. ഇവർക്കെല്ലാം വേണ്ടത് സ്നേഹഭരിതമായ പെരുമാറ്റവും കരുതലുമാണ് . വൃദ്ധർ രോഗബാധിതർ കൂടി ആകുമ്പോൾ, മക്കൾ അവരെ ബാധ്യതയായി കണ്ട് വൃദ്ധസദനങ്ങളിലോ പകൽ വീടുകളിലോ, എന്തിന് വഴിയോരങ്ങളിലോ ഉപേക്ഷിക്കുന്ന ഹൃദയശൂന്യമായ പ്രവർത്തിയാണ് ഇന്ന് പലയിടത്തും കാണാനാവുക.

ജീവിതകാലത്തെ മുഴുവൻ വസ്തുവകകളും സമ്പാദ്യവും ഓഹരിയായി കൈക്കലാക്കിയശേഷം മാതാപിതാക്കളെ നിർദ്ദയം പിന്തള്ളുന്ന നിരവധി കേസുകൾ ഇന്ന് നിലവിലുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന മക്കളിൽനിന്നും അനന്തരാവകാശികളിൽ നിന്നും എഴുതിക്കൊടുത്ത സ്വത്തുവകകൾ തിരിച്ചുവാങ്ങാൻ ഇപ്പോൾ നിയമവ്യവസ്ഥ ഉണ്ട്.

വൈദ്യശാസ്ത്രരംഗത്തെ പുരോഗതിയും മെച്ചപ്പെട്ട ജീവിത ശൈലിയും ആയുർ ദൈർഘ്യം കൂട്ടിയതിനാൽ, മുതിർന്ന പൗരന്മാരുടെ ജനസംഖ്യയിൽ വലിയ വർധനയുണ്ടായി. അതോടൊപ്പം അവഗണിക്കപ്പെട്ട നിരാലംബരായ മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും പ്രത്യേക നിയമ നിർമാണം എന്ന അത്യാവശ്യം യാഥാർഥ്യമാക്കേണ്ടി വന്നു. അച്ഛനമ്മമാരെ മക്കൾ പരിപാലിക്കണം എന്ന ധാർമിക കടപ്പാടിനപ്പുറം, നിയമപരമായ ബാധ്യതയും ഉണ്ടായിരിക്കണമെന്ന്, നിയമനിർമാതാക്കൾക്ക് ബോധ്യമായി. 2007 ൽ ഉണ്ടായ ഈ നിയമം 2008 സെപ്റ്റംബറിൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നു. ഈ നിയമപ്രകാരം സംരക്ഷണം എന്നതിൽ ഭക്ഷണവും പാർപ്പിടവും വൈദ്യപരിചരണവും നല്കുന്നത് ഉൾപ്പെടുന്നു. ഈ നിയമം ഇന്ത്യക്ക് അകത്തും ഇന്ത്യക്ക് പുറത്തുമുള്ള പൗരൻമാരെയും ബാധിക്കുന്നതാണ്. 2007 ലെ സംരക്ഷണ നിയമത്തിനു കീഴിൽ പരാതി കേൾക്കുവാനും തീരുമാനിക്കുവാനും മെയിന്റനൻസ് ട്രൈബ്യൂണൽ രൂപീകൃതമായിട്ടുണ്ട്. മാതാ പിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തെക്കുറിച്ച് നിയമം വിശദമായി അനുശാസിക്കുന്നുണ്ട്. സംരക്ഷണത്തിനുള്ള അപേക്ഷ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം നല്കേണ്ടതാണ്.

1988 ആഗസ്റ്റിൽ അമേരിക്കൻ പ്രസിഡണ്ടായിരുന്ന റൊണാൾഡ് റീഗന്റെ ഒരു വിളംബരത്തിലൂടെ (Proclamation) ആണ് ലോക വയോജന ദിനം ഉദയം ചെയ്തത്. എല്ലാ കൊല്ലവും ആഗസ്റ്റ് 21 ലോക വയോജനദിനമായി ആചരിച്ചുവരുന്നു . ജാതി മത വർണ്ണ വിവേചനമില്ലാതെ വയോജനങ്ങൾ അവരുടെ നല്ല പ്രായത്തിൽ സമൂഹത്തിനുവേണ്ടി ചെയ്ത സംഭാവനകളെയും നന്മകളെയും അനുസ്മരിക്കുന്നതാണ് ആ വിളംബരം . ആശ്രയം കിട്ടാത്ത വയോജന



# ഓസാനം കാരുണ്യ ഭവൻ




തിരുവനന്തപുരം വിഴിഞ്ഞം ജംഗ്ഷനിൽ ആഴാകുളം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന വൃദ്ധസദനമാണ് ഓസാനം കാരുണ്യഭവൻ. ഇവിടെ 24 അപ്പച്ചന്മാരുണ്ട്. ഇവരെ ശുശ്രൂഷിക്കാൻ ഒബ്ലേക്ക് ഹോസ്പിറ്റലർ ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിലെ സിസ്റ്റർ അനീറ്റ, സിസ്റ്റർ ജെസീന്ത, സിസ്റ്റർ ബ്രിജിത്ത് എന്നിവരുമുണ്ട്. സ്ഥാപനം നടത്തുന്നത് സെയിന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയാണ്. ഒരു കമ്മിറ്റി ഉണ്ട്. പ്രസിഡന്റ് ബ്രദർ ഫ്രാൻസീസ്, മാനേജർ തങ്കസ്വാമി. അപ്പച്ചന്മാരുടെ എല്ലാ കാര്യങ്ങളും അന്വേഷിക്കുവാനും വേണ്ടവിധത്തിൽ പ്രവർത്തിക്കുവാനുമായി ഇവർ രണ്ടുപേരും നിറസാന്നിധ്യമായി സദാ ഇവിടെയുണ്ട്.

മൂന്ന് കന്യാസ്ത്രീകളും ഒന്നുപോലെ അപ്പച്ചന്മാരെ വളരെയേറെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു. പ്രാർത്ഥന, ശുചിത്വം, ആഹാരം, ആരോഗ്യം തുടങ്ങി എല്ലാ കാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുന്നു. ദൈവത്തിന്റെ പരിപാലനം വളരെയേറെ അനുഭവിച്ചറിയുന്നവരാണ് ഇവിടുത്തെ കന്യാസ്ത്രീകളും അപ്പച്ചന്മാരും. ധാരാളം ഉപകാരികൾ ആഹാരവുമായും ആഹാരസാധനങ്ങളുമായും വസ്ത്രങ്ങളുമായും സാമ്പത്തികസഹായമായും ഈ സ്ഥാപനത്തിലേക്ക് കടന്നുവരുന്നുണ്ട്. അവർ അവരുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങളോടു ആവശ്യപ്പെടുന്നു. ഞങ്ങൾ ആത്മാർത്ഥമായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെ ഫലം അത്ഭുതകരമായി അവർക്ക് ലഭിച്ചതായി അവർ പറയുകയും കൂടെക്കൂടെ ഇവിടെ വന്നുപോവുകയും ചെയ്യുന്നു.

സ്കൂൾ കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളും ഭക്തസംഘടനകളും മറ്റുപല സംഘടനകളും വൈദികരുടെയും കന്യാസ്ത്രീകളുടെയും നേതൃത്വത്തിൽ പല ഗ്രൂപ്പുകളും ഞങ്ങളെ സന്ദർശിക്കാൻ വരുന്നുണ്ട്. കലാപരിപാടികൾ അവതരിപ്പിച്ച് ഞങ്ങളെ സന്തോഷിപ്പിക്കുന്നു. അവർ ഇവിടെ വരുമ്പോൾ ഞങ്ങൾ നാട്ടിലും നാട്ടിലെ വീട്ടിലും ആയിരിക്കുന്നതുപോലത്തെ അനുഭവമാണ്. ഇവിടുത്തെ അപ്പച്ചന്മാർ വ്യത്യസ്ഥകുടുംബങ്ങളിൽ നിന്നും വ്യത്യസ്ഥമായ ദുരനുഭവങ്ങളിൽ നിന്നും എത്തപ്പെട്ടവരാണ്. ഇവിടെ ഞങ്ങൾക്ക് സന്തോഷമുണ്ട്! സമാധാനമുണ്ട്! പ്രധാനമായും നാലുനേരവും പ്രാർത്ഥനയും ആരാധനയുമുണ്ട്. ഞങ്ങളോട് പ്രാർത്ഥനാസഹായം ആവശ്യപ്പെടുന്നവരെ ആരാധനയിലും ജപമാലയിലും കരുണകൊന്തയിലും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. എല്ലാ ഞായറാഴ്ചയും ദിവ്യബലിയുണ്ട്. മാസത്തിൽ ഒരു തവണ കുമ്പസാരമെന്ന കൂദാശയുമുണ്ട്. ഇവിടുത്തെ കന്യാസ്ത്രീകൾ ഭൗതിക കാര്യങ്ങളോടൊപ്പം ആത്മീയ കാര്യങ്ങളിലും ശ്രദ്ധവയ്ക്കുന്നു. സെയിന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല. ഈ സ്ഥാപനം സെയിന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടേതാണ്. കന്യാസ്ത്രീകളെ ഇവിടെ സേവനത്തിനായി നിയമിച്ചിരിക്കുകയാണ്. വെട്ടുതുറ എന്ന സ്ഥലത്ത് അമ്മമാർക്കുവേണ്ടി ഒരു സ്നേഹഭവനം പണിതുയർത്തുവാൻ സെയിന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഊർജിതമായി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനകളോടെ,

**ടൈറ്റസ് ഡിക്രൂസ്**

*(ഓസാനം കാരുണ്യഭവനിലെ അന്തേവാസി)*



**വയോജനങ്ങൾ ശിഷ്ടജീവിതം ദൈവത്തിൽ അർപ്പിക്കുക, ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കുക, ദൈവത്തിന്റെഹിതം സന്തോഷത്തോടെ സ്വീകരിക്കുക, അതാണ് കരണീയം. സമസ്ത വേദനകളും അസുഖങ്ങളും ഏകാന്തതയും മാറ്റുന്ന ലൂർദ് മാതാവിനെ സ്മരിക്കുന്ന ഈ നാളുകളിൽ മാതാവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.**


ങ്ങൾക്ക് ശരണം കിട്ടുന്ന സ്ഥലമാണ് വൃദ്ധ സദനം, പകൽ വീടുകൾ മുതലായവ. മത സംഘടനകൾ, സന്നദ്ധ സംഘങ്ങൾ, ഗവണ്മെന്റ് തുടങ്ങിയവരാണ് സാധാരണയായി വൃദ്ധ സദനങ്ങൾ നടത്തുന്നത്. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ സഹായം ലഭിക്കുന്നവയും പൊതു ജനങ്ങളുടെ സംഭാവനകൾകൊണ്ട് കാര്യ നിർവഹണം നടത്തുന്നവയും ഈ കൂട്ടത്തിൽ ഉണ്ട് . ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ നടത്തുന്ന വൃദ്ധ മന്ദിരങ്ങളും ഉണ്ട്. കേരളത്തിലെ പാലിയേറ്റീവ് കെയർ സമ്പ്രദായം മാതൃകാപരവും ദേശീയ തലത്തിൽ പ്രശംസനീയവുമാണ്. കേരളത്തിൽ ഇന്ന് എല്ലാ ജില്ലകളിലും ധാരാളം പാലിയേറ്റീവ് കെയർ കേന്ദ്രങ്ങൾ ഉണ്ട്. ഏകദേശം 1600 ൽ കൂടുതൽ പാലിയേറ്റീവ് കെയർ കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ദേശീയ തലത്തിൽ 80% കേരളത്തിൽ ആണ്. വയോജനങ്ങൾക്ക് ഇതും ഒരു അനുഗ്രഹമാണ്.

വാർദ്ധക്യം ഒരു ജീവിതാവസ്ഥയാണ്. അത് നമ്മെയും ബാധിക്കും എന്ന അവബോധം സമൂഹത്തിൽ ഉണ്ടാകണം. ഏത് നിയമത്തിനും ഉപരി സഹജീവി സ്നേഹമാണ്, വൃദ്ധരോടുള്ള പരിഗണനക്ക് അത്യന്താപേക്ഷിതം .

യുഎൻ ജനറൽ അസംബ്ലി (ഐക്യരാഷ്ട്ര സംഘടന ) 2021–2030 വർഷക്കാലം ആരോഗ്യമുള്ള വയോജനങ്ങളുടെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന്റെ നടത്തിപ്പ് ചുമതല ഐക്യരാഷ്ട്ര സംഘടന, ലോകാരോഗ്യ സംഘടനയെ ഏൽപ്പിച്ചിരിക്കുകയാണ്. ആഗോളതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സിവിൽ സൊസൈറ്റി സംഘടനകൾ, അന്താരാഷ്ട്ര ഏജൻസികൾ, പ്രൊഫഷണൽസ്, വിദ്യാഭ്യാസ വിദഗ്ധർ , മാധ്യമങ്ങൾ, 10 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തന പാരമ്പര്യമുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, എന്നിവ അടങ്ങുന്ന ഒരു ആഗോള കൂട്ടായ്മയാണ് ഈ ഐക്യരാഷ്ട്ര വയോജന ആരോഗ്യത്തിനായുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും ഏകോപിപ്പിക്കുന്നതും .

വാർദ്ധക്യത്തിൽ മുതിർന്നവർക്കും വയോജനങ്ങൾക്കും ആലംബഹീനർക്കും ഉള്ള ഏക കവചമാണ് ദൈവവിശ്വാസവും ദൈവആരാധനയും പ്രാർത്ഥനയും. ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും മറ്റു സാമൂഹിക സംഘടനകളിൽ നിന്നും എന്തൊക്കെ ഭൗതികമായ സഹായസഹകരണങ്ങൾ ഉണ്ടായാലും ദൈവത്തിന്റെ കരുണയും കരുതലും ആണ് ഏറ്റവും പ്രധാനം. ആഴമേറിയ ദൈവവിശ്വാസവും നിരന്തര പ്രാർത്ഥനയും വയോജനങ്ങളെ അവരുടെ അവശതകളിൽനിന്നും പ്രയാസങ്ങളിൽ നിന്നും വേദനകളിൽനിന്നും രക്ഷിക്കുവാൻ പ്രാപ്തമാണ്. വയോജനങ്ങൾ ശിഷ്ടജീവിതം ദൈവത്തിൽ അർപ്പിക്കുക, ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കുക, ദൈവത്തിന്റെ ഹിതം സന്തോഷത്തോടെ സ്വീകരിക്കുക, അതാണ് കരണീയം. ■

# ഞങ്ങളോട് പ്രണയത്തെക്കുറിച്ച് പറയുക



ഖലീൽ ജിബ്രാൻ
(പ്രവാചകൻ)

പ്രണയം നിങ്ങളോട് കല്പിക്കുമ്പോൾ അതിനെ അനുഗമിക്കുക, കുത്തനെയുള്ള ദുർഘടമായ വീഥികളാണ് അതിന്റേതെങ്കിലും.

അതിന്റെ ചിറകുകൾ നിങ്ങളെ പൊതിയുമ്പോൾ കീഴ്പ്പെട്ടുകൊള്ളുക, ചിറകുകൾക്കിടയിൽ ഒളിപ്പിച്ച വാൾ നിങ്ങളെ രക്ഷപ്പെടുത്തിയാൽപ്പോലും.

അവൻ നിങ്ങളോട് മന്ത്രിക്കുന്നതെല്ലാം വിശ്വസിക്കുക.

വടക്കൻകാറ്റ് പൂപ്പാടങ്ങളെ തരിശാക്കുന്നതുപോലെ, അവന്റെ ശബ്ദം നിങ്ങളുടെ കിനാക്കളെ ചിതറിച്ചാൽ പോലും നിങ്ങളെ കിരീടമണിയിക്കുന്നതുപോലെ കുരിശിലേറ്റാനും അതിനാവും.

നിങ്ങളുടെ പരിണാമത്തിനു മാത്രമല്ല, നിങ്ങളെ വെട്ടിയൊരുക്കാനും അവനെ ആവശ്യമുണ്ട്.

നിങ്ങളോളം ഉയർന്ന്, സൂര്യവെളിച്ചത്തിൽ ഉലയുന്ന ചില്ലകളെ തഴുകുമ്പോഴും വേരുകളിലേക്കൂർന്ന മണ്ണോട് നിങ്ങളെ ചേർത്തുനിർത്തുന്നതും അവനാണ്.

കറ്റ അടുക്കുന്നതുപോലെ നിങ്ങളെ അവൻ അവനോട് ചേർത്തുവയ്ക്കും.

നഗ്നരാക്കാൻ വേണ്ടി മെതിക്കും. പുറന്തോടിൽ നിന്ന് സ്വതന്ത്രരാകുവോളം പാറ്റും.

തൂവെള്ളയാകുവോളം പൊടിക്കും.

നന്നായി കുഴയ്ക്കും. പിന്നെ പവിത്രക്കനലിൽ ചുട്ട് ഈശ്വരന്റെ വിരുന്നുമേശയിലെ നൈവേദ്യമാക്കും.

എന്തിനുവേണ്ടിയാണ് പ്രണയം നിങ്ങളോട് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്നോ? ഹൃദയത്തിന്റെ നിഗൂഢതകളെ സ്വയം അറിയാനും ആ അറിവിൽ പ്രപഞ്ചഹൃദയത്തോട് അഗാധമായി ചേർന്ന് നിൽക്കാനും.

പ്രണയത്തിന്റെ സ്വാസ്ഥ്യവും പ്രിയവും മാത്രമാണ് ഭയചകിതമായ നിങ്ങളുടെ പ്രാണൻ അന്വേഷിക്കുന്നതെങ്കിൽ അഴിച്ചിട്ട വസ്ത്രങ്ങളൊക്കെ വാരിച്ചുറ്റി പോ, പ്രണയത്തിന്റെപടിയിറങ്ങി...

ഋതുക്കളില്ലാത്ത, നന്നായി ഒന്നു കരയാനോ ചിരിക്കാനോ പോലും ആവാത്ത ഒരു ദേശത്തിലേക്ക്...

പ്രണയം പ്രണയമല്ലാതെ മറ്റൊന്നും സ്വീകരിക്കുകയോ നൽകുകയോ ചെയ്യുന്നില്ല.

പ്രണയം പ്രണയത്തിനുമാത്രം മതിയായത്.

പ്രണയത്തിലിങ്ങനെ പറയരുത്, ദൈവം എന്റെഹൃദയത്തിലാണെന്ന്. മറി

ച്ച് ദൈവത്തിന്റെ ഹൃദയത്തിലാണ് ഞാനെന്ന് മന്ത്രിക്കുക.

പ്രണയത്തിന്റെ ദിശകളെ നിങ്ങൾ നിയന്ത്രിക്കുകയാണെന്ന് കരുതേണ്ട. നിങ്ങൾക്ക് അർഹതയുണ്ടെന്ന് കണ്ടെത്തിയാൽ പ്രണയം നിങ്ങളുടെ വഴികളെയാണ് നിശ്ചയിക്കാൻ പോകുന്നത്.

സ്വയം പ്രകാശിപ്പിക്കുക എന്നതല്ലാതെ പ്രണയത്തിന് മറ്റൊരു തൃഷ്ണയില്ല. അഥവാ ചില ആഗ്രഹങ്ങളെ എന്നിട്ടും നിലനിർത്തണമെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ അതിങ്ങനെയാവട്ടെ.

ഒരരുവിപോലെ ഉരുകി രാവിനോട് കിന്നാരം ചൊല്ലി ഒഴുകുക.

മൃദുലമായിരിക്കുന്നതിന്റെ നൊമ്പരമറിയുക.

പ്രണയത്തിന്റെ ആത്മപാഠങ്ങളിൽ പരിക്കേൽക്കുക.

അവബോധത്തോടും ആനന്ദത്തോടും ചോര പൊടിയുക.

വിരിഞ്ഞ മനസ്സോടെ പുലരിയിൽ ഉണരുക.

പ്രണയസുഗന്ധമുള്ള മറ്റൊരുദിനത്തിന് കൃതജ്ഞത പറയുക. മധ്യാഹ്നത്തിൽ വെറുതെയിരുന്ന് പ്രണയസമാധിയെ ധ്യാനിക്കാനും,

അന്തിയിൽ നമ്രതയോടെ വീടണയാനും

പ്രിയമുള്ളൊരാൾക്ക് ചങ്കിൽ പ്രാർത്ഥനയും ചുണ്ടിൽ സ്തുതിഗീതവുമായി മിഴിപൂട്ടാനും. ■



കാനൻ ലോ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ



# ദിവ്യബലിയുടെ വസ്തുക്കളും അവയുടെ പ്രത്യേകതകളും

യേശുക്രിസ്തു സ്ഥാപിച്ചതും കത്തോലിക്കാ സഭ സംരക്ഷിച്ചുവരുന്നതുമായ ഏഴു കൂദാശകൾക്കും അവിഭാജ്യ വസ്തുക്കളും പ്രാർത്ഥനകളും (Form) ഉണ്ട്. ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 924 927, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1350–1358 എന്നിവ പ്രകാരം ദിവ്യബലിയുടെ അവിഭാജ്യ വസ്തുക്കൾ അപ്പവും അല്പം വെള്ളം ചേർത്ത വീഞ്ഞുമാണ്.

മത്താ. 26: 26–29; മർക്കോ. 14: 22–25; ലൂക്കാ 22: 17–20 പ്രകാരം, അന്ത്യഅത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ കൈകളിൽ എടുത്ത് ഉയർത്തി ആശീർവദിച്ച് തന്റെ ശരീര രക്തങ്ങളായി യേശു പകുത്തു നല്കുന്നു. എങ്കിൽ, ദിവ്യബലിയ്ക്ക് അല്പം വെള്ളം ചേർത്ത വീഞ്ഞ് എന്തുകൊണ്ട്?

ദിവ്യബലിയിൽ, വീഞ്ഞ് ദൈവികതയെ സൂചിപ്പിക്കുമ്പോൾ വെള്ളം മാനുഷികതയെ സൂചിപ്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിൽ ദൈവികതയും മാനുഷികതയും ഒന്നുചേരുന്നതിന്റെയും, ക്രിസ്തുവുമായി വിശ്വാസികൾക്കുള്ള മൗതിക കൂട്ടായ്മയുടെയും പ്രതീകമായാണ് വീഞ്ഞിൽ അല്പം വെള്ളം ചേർക്കുന്നത് (Coun-cil of Trent, Sess, xxii, Decree on Mass).

## അപ്പത്തിന്റെ അഥവാ ഓസ്തിയുടെ പ്രത്യേകതകൾ

CIC 924§ 2 പ്രകാരം, അപ്പത്തിന്റെ അഥവാ ഓസ്തിയുടെ പ്രത്യേകതകൾ താഴെപ്പറയുന്ന രണ്ടു വസ്തുതകളാണ്:

1. അപ്പം ഗോതമ്പിൽ നിന്നു മാത്രമുള്ളതായിരിക്കണം;

2. കേടുവരാൻ സാധ്യതയില്ലാത്തവിധം അടുത്തകാലത്ത് ഉണ്ടാക്കിയതായിരിക്കണം.

ദിവ്യബലിയിൽ ഉപയോഗിക്കാനുള്ള അപ്പം / ഓസ്തി രണ്ടു മൂന്നു മാസത്തോളം സൂക്ഷിക്കാനുള്ള ലക്ഷ്യത്തോടെയാണെങ്കിലും ഗോതമ്പിൽ (ഗോതമ്പുമാവിൽ) യാതൊരുവിധ കലർപ്പും ചേർക്കാൻ പാടുള്ളതല്ല എന്ന് കൂദാശകൾക്കുവേണ്ടിയുള്ള തിരുസംഘം 1918-ൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട് (Reply of the S. Congr for the Discipline of the Sacraments, 07.12.1918, AAS 11 (1919) 8; CLD 9 (1917-1933) 252-253).

ഗോതമ്പ് അലർജിയുള്ള വിശ്വാസികൾക്കുവേണ്ടി തയ്യാറാക്കുന്ന ഓസ്തിപോലും കലർപ്പില്ലാത്ത ഗോതമ്പിൽ നിന്നായിരിക്കണം എന്ന് വിശ്വാസ തിരുസംഘം പഠിപ്പിക്കുന്നു (Congr. for the Doctrine of faith, AA S 74 (1982) 1298; CLD 10, 199). ആയതിനാൽ, ദിവ്യബലിയ്ക്കുവേണ്ടി തയ്യാറാക്കുന്ന അപ്പം/ഓസ്തി കലർപ്പില്ലാത്തതും സംശുദ്ധവുമായ ഗോതമ്പിൽനിന്നുമാത്രം തയ്യാറാക്കിയതായിരിക്കണം.

CIC 934 §2 പ്രകാരം, ദിവ്യകാരുണ്യം സൂക്ഷിച്ചിരിക്കുന്ന ദൈവാലയങ്ങളിലും ചാപ്പലുകളിലും മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും പുരോഹിതൻ ബലിയർപ്പിക്കേണ്ടതാണ്. 15 ദിവസത്തിലൊരിക്കലെങ്കിലും സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന ദിവ്യകാരുണ്യം ഭക്ഷിച്ച് തീർക്കാനും രോഗികൾക്കും ആരാധനയ്ക്കുമായി പുതിയ ദിവ്യകാരുണ്യം സൂക്ഷിക്കാനും സാധിക്കണമെന്നാണ് സഭാനിയമം പഠിപ്പിക്കുന്നത്. സഭയുടെ പൊതുപഠനമനുസരിച്ച് ദിവ്യബലിയ്ക്കുവേണ്ടി ഉണ്ടാക്കുന്ന അപ്പം 30 ദിവസത്തിനകം ഭക്ഷിച്ചു തീർക്കണം. ആയതിനാൽ, ദിവ്യബലിയ്ക്കുവേണ്ടി ഉണ്ടാക്കുന്ന അപ്പം ആ ദിവസം മുതൽ 30 ദിവസത്തിൽ കൂടുതൽ സൂക്ഷിക്കാൻ പാടുള്ളതല്ല.

CIC 926 പ്രകാരം, ലത്തീൻ സഭയുടെ പ്രാചീന പാരമ്പര്യമനുസരിച്ച് ദിവ്യബലിയർപ്പണത്തിൽ പുരോഹിതൻ ഉപയോഗിക്കേണ്ടത് പുളിപ്പില്ലാത്ത അപ്പമാണ് (Institutio Generalis Missalis Romani, 3rd edition (2000), 320). പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസത്തിലാണ് യേശു ശിഷ്യന്മാരോടൊപ്പം പെസഹാ ഭക്ഷിക്കുന്നതും ദിവ്യകാരുണ്യം സ്ഥാപിക്കുന്നതും (മത്താ. 26:17, 26).

## വീഞ്ഞിന്റെ പ്രത്യേകതകൾ

CIC 924 §3 പ്രകാരം, വീഞ്ഞിന്റെ പ്രത്യേകതകൾ താഴെപ്പറയുന്ന മൂന്നു ഘടകങ്ങളാണ്:

1. സ്വാഭാവിക വീഞ്ഞായിരിക്കണം.

2. മുന്തിരിയിൽ നിന്നെടുത്ത വീഞ്ഞായിരിക്കണം.

3. കേടുവരാത്ത വീഞ്ഞായിരിക്കണം.

ഇവയനുസരിച്ച് വീഞ്ഞിന്റെ ഗുണവും നിലവാരവും ഉയർത്താനെന്ന പേരിൽപോലും മറ്റൊന്നും വീഞ്ഞിലോ വീഞ്ഞിനുവേണ്ടിയുള്ള മുന്തിരിയിലോ ചേർക്കാൻ പാടുള്ളതല്ല. ■

**ഗോതമ്പ് അലർജിയുള്ള വിശ്വാസികൾക്കുവേണ്ടി തയ്യാറാക്കുന്ന ഓസ്തിപോലും കലർപ്പില്ലാത്ത ഗോതമ്പിൽ നിന്നായിരിക്കണം എന്ന് വിശ്വാസ തിരുസംഘം പഠിപ്പിക്കുന്നു (Congr. for the Doctrine of faith, AA S 74 (1982) 1298; CLD 10, 199). ആയതിനാൽ, ദിവ്യബലിയ്ക്കുവേണ്ടി തയ്യാറാക്കുന്ന അപ്പം/ഓസ്തി കലർപ്പില്ലാത്തതും സംശുദ്ധവുമായ ഗോതമ്പിൽനിന്നുമാത്രം തയ്യാറാക്കിയതായിരിക്കണം.**





# ജെമ്മാ ടീച്ചർ; അഞ്ചുതെങ്ങിന്റെ സ്വന്തം ടീച്ചറമ്മ



ഇഗ്നേഷ്യസ് തോമസ്

**1956** നവംബർ ഒന്ന്. ഐക്യകേരളം രൂപം കൊണ്ട ദിനം! കേരളം ആഹ്ലാദതിമിർപ്പിലാണ്. ആ സുന്ദരദിനത്തെ അവിസ്മരണീയമാക്കാൻ തീരദേശഗ്രാമമായ അഞ്ചുതെങ്ങിലും ആഘോഷങ്ങൾ നടക്കുന്നു. അഞ്ചുതെങ്ങ് സ്കൂളിലെ കുട്ടികൾ പങ്കെടുക്കുന്നു. നിരത്തിലൂടെ നടന്നുനീങ്ങുമ്പോൾ ഒരു പെൺകുട്ടിയുടെ നാവിൽ നിന്നും ആവേശത്തോടെ സ്വാതന്ത്ര്യസമരസേനാനിയും കവിയുമായ ബോധേശ്വരൻ രചിച്ച

”പദം പദമുണർന്ന് നാം
പാടിപ്പാടി പോക നാം
പാരിലൈക്യകേരളത്തിൽ
കാഹളം മുഴക്കുവാൻ’

എന്ന ഐക്യകേരളഗാനം ഉയർന്നു. മറ്റുകുട്ടികൾ ഈ ഗാനം ഏറ്റുപാടി. അഞ്ചുതെങ്ങിന്റെ അക്ഷരവെളിച്ചമായി മാറിയ ജെമ്മാ റ്റീച്ചറായിരുന്നു ആവേശത്തോടെ ജാഥ നയിച്ച് ഗാനം പാടിക്കൊടുത്തത്. അഞ്ചുതെങ്ങിന്റെ സാമൂഹ്യപുരോഗതിക്കുവേ

ണ്ടി ഒരു ജീവിതായുസ്സ് മുഴുവൻ പ്രയത്നിച്ച മാതൃകാവ്യക്തിത്വത്തിനുടമയായിരുന്നു ജെമ്മാ റ്റീച്ചർ.

1946 ജൂലൈ 28-ാം തീയതി ലേവി ക്രിസ്റ്റിയന്റെയും സ്റ്റെല്ലാ ക്രിസ്റ്റിയന്റെയും മൂന്നുമക്കളിൽ രണ്ടാമത്തെ പുത്രിയായി മാമ്പള്ളിയിൽ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം അഞ്ചുതെങ്ങ് സേക്രട്ട് ഹാർട്ട് കോൺവെന്റ് സ്കൂളിലും ഹൈസ്കൂൾ പഠനം നെടുങ്ങണ്ട ശ്രീനാരായണവിലാസം ഹയർ സെക്കണ്ടറി സ്കൂളിലുമായി പൂർത്തീകരിച്ചു. മെഡിക്കൽ കോളേജ് സീനിയർ പ്രൊഫസറായിരുന്ന ഡോക്ടർ ശ്യാമളൻ, സിനിമ-സീരിയൽതാരം വെട്ടൂർ പുരുഷൻ എന്നിവരുൾപ്പെടെയുള്ള പ്രമുഖർ ഹൈസ്കൂൾ പഠനകാലയളവിൽ സഹപാഠികളായിരുന്നു.

ഇന്നത്തെപ്പോലെ വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് അഞ്ചുതെങ്ങിലെയും നെടുങ്ങണ്ടയിലെയും സ്കൂളുകളിലേക്ക് നടന്നായിരുന്നു പോയിരുന്നത്. ഇന്ന് അഞ്ചുതെങ്ങ് പഞ്ചായത്ത് ഓഫീസിരിക്കുന്ന സ്ഥലം പണ്ട് ശ്മശാനമായിരുന്നു. വിജനമായ പാതയിലൂടെ വേഗത്തിൽ നടന്നും ഓടിയുമായിരുന്നു സ്കൂളിലെത്തിയിരുന്നത്.

1959 ൽ നടന്ന വിമോചന സമരത്തിൽ അമ്മ സ്റ്റെല്ലാ ക്രിസ്റ്റ്യൻ പങ്കെടുത്ത് അറസ്റ്റുവരിച്ചതിനെ തുടർന്ന് ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ജെമ്മാ റ്റീച്ചറിന്റെ 13-ാം വയസ്സിലാണ് അമ്മയെ ജയിലിലടച്ചത്. അസാധാരണമായ മനക്കരുത്തോടെയാണ് ഈ ബാലിക തികച്ചും ദുരിതപൂർണമായ സാഹചര്യത്തെ അഭിമുഖീകരിച്ചത്.

കൊല്ലം ഫാത്തിമമാതാ കോളേജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദവും നെടുങ്ങണ്ട എസ്.എൻ. കോളേജിൽ നിന്ന് ബിഎഡും ജെമ്മ കരസ്ഥമാക്കി.

മുരുക്കുംപുഴ സ്വദേശിയായ ഇന്ത്യൻ റെയിൽവേയിൽ സ്റ്റേഷൻ മാസ്റ്ററായി സേവനം ചെയ്ത ജാക്സൺ സൈമൺ പെരേരയായിരുന്നു ഭർത്താവ്. ബിജു, ബിനു, സജു എന്നിവരാണ് മക്കൾ. 1973 ഫെബ്രുവരി 2 ന് ഭർത്താവിന്റെ ആകസ്മികമായ മരണം അക്ഷരാർത്ഥത്തിൽ ജെമ്മാ ജാസ്കന്റെ ജീവിതത്തെ പിടിച്ചുലച്ചു. പതിനൊന്നുവർഷം മാത്രം ദീർഘിച്ച ദാമ്പത്യവും തുടർന്ന് മൂന്ന് മക്കളുടെ സംരക്ഷണവും ഏറ്റെടുക്കേണ്ടിവന്നപ്പോൾ ജീവിതം ക്ലേശകരമായി തോന്നിയെങ്കിലും ധീരമായി മുന്നോട്ടുപോകാൻ തന്നെ തീരുമാനമെടുത്തു. അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ അധ്യാപികയായി നിയമനം ലഭിച്ചത് ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആത്മവിശ്വാസം പകർന്നു.

ദുരന്തങ്ങൾ ടീച്ചറിന്റെ ജീവിതത്തിൽനിന്ന് വിട്ടൊഴിയാൻ ഭാവമില്ലായിരുന്നു. 1979 ലെ വെള്ളപ്പൊക്കകാലത്ത് മാമ്പള്ളിയിലെ വീട് തകർന്നു. തുടർന്ന് അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹൈസ്കൂളിന് തൊട്ടടുത്തേക്ക് താമസം മാറ്റി.

അമ്പതുവർഷങ്ങൾക്ക് മുൻപുള്ള അഞ്ചുതെങ്ങിലെ ജനങ്ങളുടെ സാമൂഹിക ജീവിതം തികച്ചും ദുരിതപൂർണമായിരുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾ തികഞ്ഞ അജ്ഞതയിലായിരുന്നു. ദാരിദ്ര്യ ദുഃഖദുരിതങ്ങളിൽ കഴിഞ്ഞുവന്നിരുന്ന കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികൾക്ക് കൃത്യമായി സ്കൂളിൽ എത്തിച്ചേരാനോ പഠിക്കാനോ കഴിയുമായിരുന്നില്ല. മത്സ്യം ലഭിക്കുന്ന സീസണിൽ മാതാപിതാക്കൾതന്നെ കുട്ടികളെ ക്ലാസിൽനിന്ന് വിളിച്ചുകൊണ്ട് പോവുമായിരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചമാക്കാനും മത്സ്യബന്ധനാവശ്യങ്ങൾക്കും മാതാപിതാക്കൾ മക്കളെ കൂട്ടിക്കൊണ്ടുപോയിരുന്നു. ഇങ്ങനെ വിളിച്ചിറക്കി കൊണ്ടുപോകുന്നത് ശീലമാകുമ്പോൾ പഠനത്തോട് വിരക്തി തോന്നി പാതിവഴിയിൽ പഠനം കുട്ടികൾ ഉപേക്ഷിക്കുമായിരുന്നു. ഇതിൽ മനംനൊന്ത് റ്റീച്ചർ ഇത്തരത്തിൽ പഠനം ഉപേക്ഷിച്ച വിദ്യാർഥികളുടെ വീടുകൾ സന്ദർശിച്ച് അവരെ തിരികെ സ്കൂളിലേക്ക് കൊണ്ടുവരാൻ അത്യദ്ധ്വാനം ചെയ്തു. മാതാപിതാക്കളോ

**അഞ്ചുതെങ്ങിലെ പുരാതന കുടുംബങ്ങൾ നഗരങ്ങളിലേക്കും രാജ്യത്തിന്റെയും ലോകത്തിന്റെയും പലഭാഗങ്ങളിലേക്കും താമസം മാറിയപ്പോഴും അഞ്ചുതെങ്ങ് വിട്ട് മറ്റൊരു സ്ഥലത്തേക്കും താമസം മാറാൻ റ്റീച്ചർ തയ്യാറായില്ല. അത്രത്തോളം സ്നേഹവും കരുതലും നാടിനോടും നാട്ടുകാരോടും ജെമ്മാ റ്റീച്ചറിനുണ്ടായിരുന്നു. അഞ്ചുതെങ്ങിന്റെ സ്വന്തം ടീച്ചറമ്മ 2022 മേയ് പത്താം തീയതി ലോകത്തോട് വിടപറഞ്ഞു.**



ട് സംവദിച്ചും ശകാരിച്ചും ഇണങ്ങിയും പിണങ്ങിയും റ്റീച്ചർ ധാരാളം കുട്ടികളുടെ ഭാവി സുരക്ഷിതമാക്കി. ഇച്ഛാശക്തിയോടെയും ആത്മാർത്ഥതയോടെയുമുള്ള ആ പ്രവർത്തനങ്ങളാണ് ഇന്ന് അഞ്ചുതെങ്ങിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് കാരണമായിത്തീർന്നത്.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പാവപ്പെട്ട കുട്ടികളെ പത്താം ക്ലാസ് കഴിയുന്നതുവരെ സ്വന്തം വീട്ടിൽ താമസിപ്പിച്ച് ജീവിതത്തിന്റെ ഉന്നതികളിലേക്ക് ഉയർത്താൻ റ്റീച്ചർക്ക് കഴിഞ്ഞിട്ടുണ്ട്.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ നടന്ന സാക്ഷരതാ യജ്ഞത്തിൽ ജെമ്മാ റ്റീച്ചർ നിർവഹിച്ച പങ്ക് നിസ്തുലമാണ്. തീരദേശ സാക്ഷരതാ നിലവാരമുയർത്താൻ സാമൂഹ്യ പ്രവർത്തകരുടെയും സംഘടനകളുടെയും യുവജനങ്ങളുടെയും ഒപ്പം നിന്നുകൊണ്ട് സാക്ഷരതാ പ്രവർത്തനങ്ങൾക്ക് റ്റീച്ചർ നേതൃത്വം നൽകി.

2004 ലെ സുനാമിയെ തുടർന്ന് തീരദേശജനതയുടെ പലായനത്തിലും അതേതുടർന്നുണ്ടായ ജനങ്ങളുടെ ബുദ്ധിമുട്ടുകളിലും സമാശ്വാസമായി റ്റീച്ചർ മുൻപന്തിയിലുണ്ടായിരുന്നു. മുപ്പത് വർഷത്തിലധികം അഞ്ചുതെങ്ങ് സ്കൂളിലെ സേവനം സമർപ്പണ മനോഭാവത്തോടെ നിർവഹിച്ച ടീച്ചർ സ്കൂളിനെ തന്റെ ഒന്നാം ഭവനമായി കരുതി. 2001 ൽ പ്രിൻസിപ്പൾ തസ്തികയിൽ നിന്നാണ് റ്റീച്ചർ വിദ്യാലയത്തോട് വിടപറഞ്ഞത്.

വിദ്യാലയം വിട്ടശേഷവും സ്കൂളിന്റെ പ്രവർത്തനങ്ങളുമായി റ്റീച്ചർ സഹകരിച്ചുപ്രവർത്തിച്ചുവന്നിരുന്നു. പെൻഷൻ ലഭിക്കുന്ന തുകയുടെ നല്ലൊരു പങ്കും പാവപ്പെട്ട വിദ്യാർഥികളെ സഹായിക്കാൻ റ്റീച്ചർ നൽകുമായിരുന്നു.

അഞ്ചുതെങ്ങിലെ പുരാതന കുടുംബങ്ങൾ നഗരങ്ങളിലേക്കും രാജ്യത്തിന്റെയും ലോകത്തിന്റെയും പലഭാഗങ്ങളിലേക്കും താമസം മാറിയപ്പോഴും അഞ്ചുതെങ്ങ് വിട്ട് മറ്റൊരു സ്ഥലത്തേക്കും താമസം മാറാൻ റ്റീച്ചർ തയ്യാറായില്ല. അത്രത്തോളം സ്നേഹവും കരുതലും നാടിനോടും നാട്ടുകാരോടും ജെമ്മാ റ്റീച്ചറിനുണ്ടായിരുന്നു. അഞ്ചുതെങ്ങിന്റെ സ്വന്തം ടീച്ചറമ്മ 2022 മേയ് പത്താം തീയതി ലോകത്തോട് വിടപറഞ്ഞു. ■

## വായന

**കേരള ചരിത്രത്തിൽ ഒരുപക്ഷെ വലുതായൊന്നും പരാമർശിക്കപ്പെടാതെപോയ പ്രദേശങ്ങളാണ് തെക്കൻ കേരളത്തിലെ തീരപ്രദേശങ്ങൾ. അതേസമയം ചരിത്രകുതുകികൾക്ക് ഒരു അക്ഷയഖനിയാണ് ഈ പ്രദേശങ്ങളുടെ ചരിത്രമെന്ന് ലേഖകൻ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.**

# ചരിത്ര



ഡോ. സീന ഫെലിക്സ്

ചരിത്രത്തെ വളച്ചൊടിക്കാനും നിർമാർജ്ജനം ചെയ്യാനും എക്കാലത്തും ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നുവരാറുണ്ട്. ഇന്നത്തെ കാലത്ത് വളരെ ഗൗരവമേറിയ വിഷയവുമാണ്. വിദ്യാഭ്യാസപുസ്തകങ്ങളിൽ നിന്നുപോലും ചരിത്രവസ്തുതകളെ എടുത്തുമാറ്റാൻ ശ്രമിക്കുന്നത് അക്ഷന്തവ്യമായ തെറ്റുതന്നെയാണ്. പക്ഷേ സത്യത്തിന്റെ ഒരംശം ഒരു സ്ഫുലിംഗമായി എവിടെയെങ്കിലും മറഞ്ഞിരിക്കുന്നുണ്ടാവും. അതുകൊണ്ടാണ് എത്ര നാം തമസ്കരിച്ചാലും ചരിത്രം ചരിത്രമായിത്തന്നെ നിലനിൽക്കുന്നതും.

ലത്തീൻ സമുദായത്തിന്റെ വളർച്ചയുടെയും ശാക്തീകരണത്തിന്റെയും പിന്നിൽ മൺമറഞ്ഞുകിടക്കുന്ന അതിപ്രാധാന്യം അർഹിക്കുന്ന വ്യക്തികളും സംഭവങ്ങളും ധാരാളം ഉണ്ട്. നമ്മുടെ സ്വത്വത്തെതന്നെ തിരിച്ചറിയാൻ കഴിയുന്ന ഇടങ്ങളായി അവ എല്ലാവരും തിരിച്ചറിയേണ്ടിയിരിക്കുന്നു. ചരിത്രത്തെ സ്നേഹിക്കുന്ന, ഓരോ ശ്വാസത്തിലും ആ ചരിത്ര സത്യങ്ങൾ ചികഞ്ഞെടുത്ത് ഗവേഷണ കൗതുകത്തോടെ ചരിത്ര സംബന്ധി






# മുറങ്ങുന്ന തീരങ്ങൾ

യായ പുസ്തകങ്ങൾ നമുക്ക് നൽകിയ എഴുത്തുകാരൻ ഇഗ്നേഷ്യസ് തോമസിന്റെ 'ചരിത്രമുറങ്ങുന്ന തീരങ്ങൾ' വായനാപ്രാധാന്യമുള്ള പുസ്തകമാണ്. കാരണം വർത്തമാനകാല ജനതയ്ക്ക് നമ്മുടെ അസ്തിത്വം എന്താണ്? നമ്മുടെ നിലനില്പിന്റെ ഭാഗഭാക്കുകളായ വ്യക്തിത്വങ്ങൾ ആരൊക്കെയാണ്? തീരദേശത്തിന്റെ മുത്തുകളായി മാറി നല്ല ദർശനങ്ങൾ പകർന്നുതന്ന മഹത് വ്യക്തിത്വങ്ങളെക്കുറിച്ചൊന്നും വലിയധാരണകളില്ല. അതുകൊണ്ടുതന്നെ ഈ പുസ്തകം വലിയൊരു ചുവടുവയ്പാണ്. എഴുത്തുകാരൻ പറയുന്നതുപോലെ ഈ സത്യങ്ങളിലൂടെ നാം കടന്നുപോയി വീണ്ടും ചരിത്രത്തിന്റെ മുത്തുകൾ കണ്ടെത്തണം. അരികുവൽക്കരിക്കപ്പെടുന്നതിന്റെ യാഥാർത്ഥ്യവും, എന്നും പിന്നാക്കംമാറി നില്ക്കപ്പെടേണ്ടവരല്ല നാം എന്ന ചിന്തയും നമ്മുടെ ബോധത്തിൽ നിന്നും ആർജ്ജിച്ചെടുക്കണം. ഈ മുൻമാതൃകകൾ നൽകുന്ന ആ ദീപസ്തംഭം മുന്നോട്ടുള്ള യാത്ര സുഗമമാക്കട്ടെ.

പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ നാമറിയാതെതന്നെ ചരിത്ര യാഥാർത്ഥ്യങ്ങളിലേക്ക് എത്തിച്ചേരും. ഡോ. വിക്രം സാരാഭായ് ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയിലൂടെ സാധിച്ചെടുത്ത ആ ശാസ്ത്രസത്യം നമ്മുടെയുള്ളിൽ അഭിമാനസ്തംഭമായി ആവാഹനം ചെയ്യുന്നതുകാണാം. തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്നറിയപ്പെട്ടിരുന്ന ആനി മസ്ക്രീൻ എന്ന ധീരവനിതയുടെ ജീവിത തീക്ഷ്ണത എത്ര പേർക്കറിയാം? ദരിദ്രരായ മത്സ്യത്തൊഴിലാളികളുടെ വിപ്ലവകരമായ പുനഃരധിവാസ ചരിത്രം ആളില്ലാത്തുറ മരിയനാടായി മാറിയ ചരിത്രത്തിലൂടെ പുനഃരാവിഷ്കരിച്ചിരിക്കുന്നു. മനുഷ്യവിഭവ ശേഷിയുടെ ശരിയായ ആസൂത്രണത്തിലൂടെ ആളില്ലാത്തുറ എന്ന ഊഷര ഭൂമിയെ മരിയനാടെന്ന വികസന ഭൂമിയാക്കി മാറ്റിയ അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേരയുടെ ദീർഘവീക്ഷണം നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്.

കേരള ചരിത്രത്തിൽ ഒരുപക്ഷേ വലുതായൊന്നും പരാമർശിക്കപ്പെടാതെപോയ പ്രദേശങ്ങളാണ് തെക്കൻ കേരളത്തിലെ തീരപ്രദേശങ്ങൾ. അതേസമയം ചരിത്ര കുതുകികൾക്ക് ഒരു അക്ഷയ ഖനിയാണ് ഈ പ്രദേശങ്ങളുടെ ചരിത്രമെന്ന് ലേഖകൻ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. മിഷനറിമാരുടെ പ്രവർത്തനങ്ങളും അഭിവന്ദ്യപിതാക്കന്മാരുടെ കർമ്മമേഖലയിലുമൊക്കെ ഈ സത്യങ്ങൾ എടുത്തുകാട്ടപ്പെടുന്നു. വേണ്ടത്ര ചരിത്രരേഖകൾ ഇല്ലാത്തതുകൊണ്ടോ, അല്ലെങ്കിൽ അവയുടെ സംരക്ഷണത്തിൽ നാം ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടോ മാത്രമാണ് ഈ വലിയ വീഴ്ച നമുക്ക് സംഭവിച്ചതെന്നുകാണാം. അംബരചുംബികളായ പല ദൈവാലയങ്ങൾക്കും വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങൾക്കുംപിന്നിൽ ഒരു ചരിത്രമുറങ്ങിക്കിടക്കുന്നുണ്ടാവാം. അവയൊക്കെ ലിഖിത രൂപത്തിൽ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഈയിടെ വളരെയധികം ചർച്ചെയ്യപ്പെട്ട വിഷയമാണ് ആറ്റിങ്ങൽ കലാപം എന്നു മുദ്രകുത്തപ്പെട്ട അഞ്ചുതെങ്ങ് കലാപം. എന്താണിതിനുള്ളിലെ സത്യം. ആ നിലവറ ലേഖകൻ തുറന്നുവെയ്ക്കുന്നു. അതുപോലെ വിശുദ്ധ ദേവസഹായത്തിന്റെ രക്തസാക്ഷിത്വവും അതിന്റെ കാലിക പ്രസക്തിയും അവതരിപ്പിക്കുമ്പോൾ വളരെ ആഴത്തിലുള്ള ഒരു വായന നമുക്കനുഭവപ്പെടുന്നുണ്ട്. തീരപ്രദേശത്തിന്റെ കാൽപന്ത് പെരുമയെപ്പറ്റി പറയാതെ നമ്മുടെ ചരിത്രമെഴുതാൻ ആർക്കും കഴിയില്ല. ലിഫയുടെ വളർച്ചയും ശാക്തീകരണവും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിലെ ഓരോ ലേഖനങ്ങളും നമ്മുടെ സ്വത്വാവബോധത്തിന്റെ ബഹിർസ്ഫുരണങ്ങളാണെന്ന് നിസംശയം പറയാം. റോമൻ കാത്തലിക് ലത്തീൻ വിഭാഗത്തിൽപ്പെട്ട സമൂഹത്തിന്റെ നാളിതുവരെയുള്ള ചരിത്രം വളരെ സൂക്ഷ്മമായി പഠിച്ച് വിശകലനം ചെയ്ത് ഭാവിതലമുറയ്ക്ക് കൈമാറിയിട്ടില്ല എന്നുള്ളത് വളരെ സ്പഷ്ടമായ ഒരു ന്യൂനതയാണ്. ഹെറിറ്റേജ് കമ്മീഷനും ചരിത്വാന്വേഷികളായ എഴുത്തുകാരുടെ തലമുറയും ഈ രംഗത്ത് നല്ല ഇടപെടലുകൾ നടത്തുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. ■




*പുല്ലുവിള ഫെറോനാ ദേവാലയത്തിന്റെ സബ്സ്റ്റേഷനായ വെള്ളലുമ്പ് സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയം അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ നേറ്റോ ജനങ്ങൾക്കായി സമർപ്പിക്കുന്നു*

# വെള്ളലുമ്പ് സബ്സ്റ്റേഷന്റെ പുതിയ ദേവാലയം അതിരൂപത മെത്രാൻ ജനങ്ങൾക്കായി സമർപ്പിച്ചു

പുല്ലുവിള ഫെറോനാ ദേവാലയത്തിന്റെ സബ്സ്റ്റേഷനായ വെള്ളലുമ്പ് സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയം തിരുവനന്തപുരം അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ. നേറ്റോ ജനങ്ങൾക്കായി സമർപ്പിച്ചു. ഒരു വർഷത്തിലേറെ നാളുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വേണ്ടിവന്നതായി ദേവാലയ നിർമ്മാണ കമ്മിറ്റി അംഗങ്ങൾ പറഞ്ഞു.

ഇടവക വികാരി ഫാ. ആന്റണി, സഹവികാരി ഫാ. സജിത്ത് സോളമൻ, ഫാ. ജോസ് എന്നിവരും ആശിർവാദ കർമ്മത്തിനു നേതൃത്വം നൽകി. ഏറെ നാളത്തെ കാത്തിരിപ്പിനുശേഷം പുതിയ ദേവാലയമെന്ന സ്വപ്ന സാക്ഷാത്കാരത്തിന്റെ നിറവിലാണ് വെള്ളലുമ്പ് ഇടവകാംഗങ്ങൾ. ഇടവക വികാരിക്കൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങളും പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



*ഇഗ്നേഷ്യസ് തോമസിന്റെ 'ചരിത്രമുറങ്ങുന്ന തീരങ്ങൾ' എന്ന പുസ്തകം കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല പ്രകാശനം ചെയ്തു.*



*പൗലൈൻ ബുക്സ് പ്രസിദ്ധീകരിച്ച 'വിശുദ്ധരുടെ ജീവിതകഥകൾ' ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. പ്രകാശനം ചെയ്തു.*

# ബിബ്ലിയ 2023; ബൈബിൾ എക്സിബിഷൻ ഒരുക്കി തെക്കേ കൊല്ലങ്കോട് മതബോധന അദ്ധ്യാപകർ



പൊഴിയൂർ തെക്കേ കൊല്ലങ്കോട് മതബോധന സമിതിയുടെ ആഭിമുഖ്യത്തിൽ 'ബിബ്ലിയ 2023' ബൈബിൾ എക്സിബിഷൻ സംഘടിപ്പിച്ചു. അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 23, 24 തിയതികളിൽ സെന്റ്. മാത്യൂസ് ഹൈസ്കൂളിൽ വച്ച് രാവിലെ 10 മണിമുതൽ വൈകിട്ട് 7 മണിവരെയായിരുന്നു പ്രദർശനം.

വിശുദ്ധ ബൈബിൾ എന്ന രക്ഷാകര ചരിത്രത്തിൽ കർത്താവു നയിച്ച ദൈവജനവും പ്രവാചകന്മാരും വിശുദ്ധരും കടന്നുപോയ വഴികൾ ദൃശ്യരൂപത്തിൽ പുനരാവിഷ്ക്കരിക്കുകയായിരുന്നു എക്സിബിഷനിലൂടെ. ഉല്പത്തി മുതൽ വെളിപാട് വരെയുള്ള ബൈബിൾ സംഭവങ്ങളുടെ ചിത്രീകരണം, പെയിന്റിംഗുകൾ, വിശുദ്ധരുടെ തിരുശേഷിപ്പുകൾ, വ്യത്യസ്ത രൂപങ്ങൾ, ചിത്രങ്ങൾ, മാതാവിന്റെ വിവിധ ചിത്രങ്ങളും രൂപങ്ങളും, വ്യത്യസ്ത ഭാഷകളിലെ വിവിധതരം ബൈബിളുകൾ, കൈയെഴുത്തു പ്രതികൾ, വിവിധ ഇനം ജപമാലകൾ, കുരിശുരൂപങ്ങൾ, വിവിധ രാജ്യങ്ങൾ പുറത്തിറക്കിയ കുരിശിന്റെ വഴിയുടെ സ്റ്റാമ്പുകൾ, യേശുവിന്റെയും വിശുദ്ധരുടെയും ചിത്രമുള്ള അപൂർവ്വം കറൻസികൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ, വചനശേഖരം തുടങ്ങിയ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചു.

ഇടവക വികാരി ഫാ. ആന്റോ ജോറിസ്, ഇടവക മതബോധന സമിതി ഹെഡ്മാസ്റ്റർ റൂബന്റ് എം, പ്രോഗ്രാം കൺവീനർ സെൽവരാജ് ജോസഫ്, സെക്രട്ടറി ശ്രീമതി പ്രിൻസി ആർ, ശ്രീ. മാത്യൂസ് വിൻസെന്റ്, മതബോധന അധ്യാപക വിദ്യാർഥികൾ എന്നിവർ നേതൃത്വം നൽകി. നിരവധിപേർ മറ്റിടവകകളിൽ നിന്നും എക്സിബിഷൻ കാണാനെത്തി.

# തിരുവനന്തപുരം അതിരൂപതക്ക് 7 നവ

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്ന് ഏഴ് ഡീക്കന്മാർ വൈദികപട്ടം സ്വീകരിച്ചു. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വച്ചാണ് പൗരോഹിത്യ സ്വീകരണ കർമ്മം നടന്നത്. ഫാ. ഹെറിൻ എച്ച്., ഫാ. വിൻസെന്റ് കുമാർ, ഫാ. രാജേന്ദ്രൻ, ഫാ. ജോയ് ആന്റണി, ഫാ. ജസ്റ്റിൻ ഡിക്രൂസ്, ഫാ. ഫ്രാങ്ക്ളിൻ ഡി., ഫാ. ദീപു ക്രിസ്റ്റഫർ, എന്നിവരാണ് പൗരോഹിത്യം സ്വീകരിച്ചത്. തിരുവനന്തപുരം ലത്തീൻ അതിരൂപത അധ്യക്ഷൻ തോമസ് ജെ. നെറ്റോ മെത്രാപൊലീത്തയുടെ മുഖ്യകാർമികത്വത്തിൽ നടന്ന പൗരോഹിത്യ ശുശ്രൂഷയിൽ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവും അതിരൂപതയിലെ നിരവധി വൈദീകരും സന്യസ്തരും അൽമായരും നവ വൈദീകരുടെ കുടുംബാഗങ്ങൾക്കൊപ്പം പൗരോഹിത്യ സ്വീകരണ കർമ്മത്തിൽ പങ്കെടുത്തു.



തെക്കേ കൊല്ലംകോട് ഇടവകയിൽ ശ്രീ. ഹെർബിന്റെയും ശ്രീമതി പെട്രീഷ്യയുടെയും മൂന്നു മക്കളിൽ ഒന്നാമനാണ് ഫാ. ഹെറിൻ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2010ൽ സെന്റ് വിൻസന്റ് സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം പൂനെ പേപ്പൽ സെമിനാരിയിലും റീജൻസി കാലഘട്ടം ബിഷപ്സ് ഹൗസിലും ദൈവശാസ്ത്രം ആലുവ കാർമൽ ഗിരി സെമിനാരിയിലും ഡീക്കൻ മിനിസ്ട്രി പൂന്തുറ ഇടവകയിലും പൂർത്തിയാക്കി.

ഫാ. ഫ്രാങ്ക്ളിൻ അടിമലത്തുറ ഇടവകയിൽ ശ്രീ. ഡേവിഡിന്റെയും ശ്രീമതി അന്തോണിയമ്മയുടെയും മൂന്ന് മക്കളിൽ ഒന്നാമനാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2019 ൽ സെന്റ് വിൻസെന്റ് സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം പൂനെ പേപ്പൽ സെമിനാരിയിലും റീജൻസി കാലഘട്ടം ബിഷപ്പ് ഹൗസിലും ദൈവശാസ്ത്രം ആലുവ കാർമൽ ഗിരി സെമിനാരിയിലും ഡീക്കൻ മിനിസ്ട്രി താഴമ്പള്ളി ഇടവകയിലും പൂർത്തിയാക്കി.

വെട്ടുകാട് ഇടവകയിൽ ശ്രീ.ക്രിസ്റ്റഫറിന്റെയും ശ്രീമതി ലത്തീഷ്യയുടെയും മൂന്ന് മക്കളിൽ ഒന്നാമനാണ് ഫാ. ദീപു ക്രിസ്റ്റഫർ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2009ൽ സെന്റ് വിൻസന്റ് സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം ആലുവ കാർമൽ ഗിരി സെമിനാരിയിലും റീജൻസി കാലഘട്ടം ബിഷപ്പ് ഹൗസിലും ദൈവശാസ്ത്രം ബാംഗ്ലൂർ സെന്റ് ജോസഫ് സെമിനാരിയിലും ഡീക്കൻ മിനിസ്ട്രി തുമ്പ ഇടവകയിലും പൂർത്തിയാക്കി.

ഫാ. ജസ്റ്റിൻ ഡിക്രൂസ്, പള്ളിത്തുറ ഇടവകയിൽ പരേതനായ ശ്രീ ജെറോം ഡിക്രൂസിന്റെയും ശ്രീമതി ജെസീന ഡിക്രൂസിന്റെയും മൂന്നു മക്കളിൽ ഒന്നാമനാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2019 ൽ സെന്റ് വിൻസെന്റ് സെമിനാരിയിൽ ചേർന്നു. തുടർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും ആലുവ കാർമൽ ഗിരി സെമിനാരിയിലും റീജൻസി കാലഘട്ടം മൈനർ സെമിനാരിയിലും ഡീക്കൺ മിനിസ്ട്രി പരുത്തിയൂർ ഇടവകയിലും പൂർത്തിയാക്കി.

നീരോടി ഇടവകയിൽ ശ്രീ. രാജുവിന്റെയും ശ്രീമതി സെൽവറാണിയുടെയും മൂന്നുമക്കളിൽ ഒന്നാമനാണ് ഫാ. ജോയ് ആന്റണി. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം 2007 -ൽ സെന്റ് വിൻസന്റ് മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം പൂനെ പേപ്പൽ സെമിനാരിയിലും റീജൻസി കാലഘട്ടം വിശ്വപ്രകാശ് സെൻട്രൽ സ്കൂളിലും ദൈവശാസ്ത്രം നെതർലാൻഡിലെ ഹോട്ട് സെമിനാരി റോൾതുക്കിലും പൂർത്തിയാക്കി.

മരിയനാട് ഇടവകയിൽ ശ്രീകുമാർ ജോണിന്റെയും ശ്രീമതി റോസമ്മയുടെയും മൂന്ന് മക്കളിൽ ഒന്നാമനാണ് ഫാ. വിൻസെന്റ് കുമാർ. പ്രാ

# വൈദീകർ കൂടി



ഥമിക വിദ്യാഭ്യാസത്തിനു ശേഷം 2007-ൽ സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം ആലുവ കാർമൽ ഗിരി സെമിനാരിയിലും റീജൻസി കാലഘട്ടം ബിഷപ് ഹൗസിലും ദൈവശാസ്ത്രം നെതർലാൻഡിലെ ഹോട്ട് സെമിനാരി റോൾതുക്കിലും പൂർത്തിയാക്കി.

പൂന്തുറ ഇടവകയിൽ പരേതനായ ശ്രീ. ഫ്രാങ്കിളിന്റെയും ശ്രീമതി ബെറ്റിയുടെയും ആറു മക്കളിൽ രണ്ടാമനാണ് ഫാ. രാജേന്ദ്രൻ, പ്രാഥമിക വിദ്യാഭ്യസത്തിനു ശേഷം 2008 ൽ സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് തത്വശാസ്ത്രം ചെന്നൈ സേക്രട്ട് ഹാർട്ട് സെമിനാരിയിലും റീജൻസി കാലഘട്ടം അതിരൂപത മൈനർ സെമിനാരിയിലും ദൈവശാസ്ത്രം പൂനെ പേപ്പൽ സെമിനാരിയിലും ഡീക്കൻ മിനിസ്ട്രി ചെറിയതുറ ഇടവകയിലും പൂർത്തിയാക്കി.

## അക്കം അക്ഷരം ആനന്ദം

2023-24 അധ്യയന വർഷം അതിരൂപതയുടെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം ടീച്ചേർസ് ഗിൽഡ് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ പ്രൈമറി ക്ലാസുകളിലെ അധ്യാപകർക്കായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് അക്കം 'അക്ഷരം ആനന്ദം' എന്ന പേരിൽ നടത്തിയ പരിശീലന പരിപാടിയിൽ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന നൂറ് അധ്യാപകർ പങ്കെടുത്തു.

## കെസിഎസ്എൽ സമ്മർക്യാമ്പ്

ഈ വർഷത്തെ കെസിഎസ്എൽ സമ്മർ ക്യാമ്പ് വെള്ളയമ്പലം അനിമേഷൻ സെന്ററിൽ മെയ് 4 മുതൽ 6 വരെ നടക്കും. വൈകുന്നേരം 3 മണി മുതൽ ആരംഭിക്കുന്ന ക്യാമ്പിൽ യുപി, എച്ച്എസ്, പ്ലസ് വൺ എന്നീ വിഭാഗങ്ങളിൽനിന്ന് ഒൻപത് വിദ്യാർത്ഥികൾക്കുവീതം പങ്കെടുക്കാം. പങ്കെടുക്കുന്ന കുട്ടികളുടെ പേരും ഇടവകയും ഫോൺ നമ്പറും ഏപ്രിൽ 25 ന് മുമ്പായി ഓഫീസിൽ അറിയിക്കണം. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പ്രാഥമിക ആവശ്യത്തിനുള്ള അവശ്യസാധനങ്ങൾ, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്. സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കില്ല. ഓഫീസ് ഫോൺ നമ്പർ: 0471-2724001(450), 9846981272.

## ഉപകാരസ്മരണ



വിശുദ്ധ യൂദാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ
അസാധ്യകാര്യങ്ങൾ സാധ്യമാക്കിയതിന് ഉപകാരസ്മരണ,
താമസിച്ചതിന് ക്ഷമാപണം

- *ഫാത്തിമ*

# തമസിൽ നിന്നും തോമസിലേക്ക്

**ഈസ്റ്റർ 5-ാം ഞായർ (മെയ്. 7)**

അപ്പ. 6:1-7. 1 പത്രോ. 2:4-9. യോഹ. 14: 1-12

**ഫാ. സി.കെ.തോപ്പിൽ**

> ധീരനാണ് തോമസ്. നേരിന്റെ വഴിയേ സഞ്ചരിക്കുന്ന മനസ്സാണ് തോമസിനുള്ളത്. തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും.

**സു**വിശേഷത്തിൽ സവിശേഷമായി പരാമർശിക്കപ്പെടുന്ന ഒരു ശിഷ്യനാണ് തോമസ്. തോമസ് ചോദ്യങ്ങൾ ചോദിക്കുന്നവനായിരുന്നു. അരാണ് ചോദ്യങ്ങൾ ചോദിക്കുന്നത്? ഉത്തരമില്ലാത്തവൻ. ഉത്തരമന്വേഷിക്കുന്നവന്റെ അവകാശമാണ് ചോദ്യങ്ങൾ ചോദിക്കുക എന്നത്. ഇല്ലാത്ത ഉത്തരം ഉണ്ടെന്ന് ഭാവിക്കുന്നവരെയാണ് സൂക്ഷിക്കേണ്ടത്. സംശയത്തിന്റെ ഉറവിടം അങ്ങനെയുള്ളവരുടെ മനസ്സാണ്. തോമസിനെ അങ്ങനെയുള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനാവില്ല. ഒന്നുകിൽ അറിയാം, അല്ലെങ്കിൽ അറിയില്ല - ഇതാണ് എപ്പോഴും തോമസിന്റെ നിലപാട്. ചോദ്യങ്ങൾ ചോദിക്കുന്നത് തികഞ്ഞ ആത്മാർത്ഥതയോടെയാണ്. അറിയാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെയാണ്.

**ചോദ്യം:** ലൗകികഭാഷ മാത്രമറിയാവുന്ന ശിഷ്യർക്ക് യേശുവിന്റെ ഭാഷ മനസിലാകാതെ പോകുന്നതിൽ അത്ഭുതപ്പെടാനില്ല. ഇത് തോമസിന്റെ മാത്രം പ്രശ്നമല്ല, എല്ലാവരുടെയും പ്രശ്നമാണ്. സത്യത്തിൽ അവർക്കൊന്നും മനസിലായിട്ടില്ല, യേശു വന്ന വഴിയും പോകുന്ന വഴിയും. വന്ന വഴിയും പോകുന്ന വഴിയും പലയാവർത്തി ശിഷ്യരോടും പറഞ്ഞിട്ടുള്ളതാണ്. അതൊക്കെയും അവ്യക്തതയുടെ മൂടൽമഞ്ഞിൽപ്പെട്ടു കിടക്കുകയാണ്. എല്ലാവരും ചോദിക്കാൻ ആഗ്രഹിച്ച ചോദ്യമാണ് തോമസ് ചോദിക്കുന്നത്. ധീരനാണ് തോമസ്. നേരിന്റെ വഴിയേ സഞ്ചരിക്കുന്ന മനസ്സാണ് തോമസിനുള്ളത്. തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും.

അനന്യമായ ഒരു വെളിപാടിന് വഴിയൊരുക്കിയത് തോമസിന്റെ ഈ ചോദ്യമാണ്. അജ്ഞാനം തമസ്സാണ്. ജ്ഞാനത്തിന്റെ സൂര്യോദയം ഉണ്ടാകുന്നത് തമസിന്റെ ഹൃദയത്തിലാണ്. അതുകൊണ്ട് 'ഞങ്ങൾക്കറിഞ്ഞുകൂടാ' എന്ന തോമസിന്റെ ഏറ്റുപറച്ചിൽ സൂര്യോദയത്തിന് തൊട്ടുമുമ്പുള്ള തമസ്സായി വേണം വ്യാഖ്യാനിക്കാൻ. ഈ ഏറ്റുപറച്ചിൽ തോമസിന്റെ കീഴടങ്ങലാണ്. ബുദ്ധികൊണ്ടും യുക്തികൊണ്ടും അളന്നിട്ട് തോമസിന് ഒന്നും കിട്ടിയില്ല. കിട്ടിയത് ഇരുട്ടുമാത്രം. അതിനാൽതന്നെ വെളിച്ചത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് തോമസിന്റെ ചോദ്യം.

**ഉത്തരം:** യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല. വഴിയും സത്യവും ജീവനും യേശുവിലലിഞ്ഞ് ഒന്നാകുന്നു. സത്യത്തിലേക്കുള്ള വഴി അന്വേഷിക്കുന്ന സകല മർത്യരുടെയും ചോദ്യത്തിനു

ള്ള ആത്മീയയാത്രയുടെ അലച്ചിലുകൾക്കുള്ള സമ്പൂർണ്ണ ഉത്തരം യേശുവിലാണെന്ന ദർശനം ഇവിടെ വെളിപ്പെടുന്നു. “കർത്താവേ, അങ്ങയുടെ വഴി എനിക്ക് കാണിച്ചുതരണമേ; എനിക്ക് ശത്രുക്കളുള്ളതിനാൽ എന്നെ നിരപ്പായ വഴിയിലൂടെ നയിക്കണമേ” (സങ്കീ. 27:11). “കർത്താവേ, ഞാൻ അങ്ങയുടെ സത്യത്തിൽ നടക്കേണ്ടതിന് അങ്ങയുടെ വഴി എന്നെ പഠിപ്പിക്കേണമേ” (സങ്കീ. 86:11)

വഴിയും സത്യവും യേശുവിൽ സംഗമിക്കുമ്പോൾ ഉയിർകൊള്ളുന്നതാണ് ജീവൻ. സത്യത്തെക്കുറിച്ചുള്ള വിവേകജ്ഞാനമാണ് ജീവൻ. വഴിയും സത്യവും ജീവനും യേശുവിൽ ഒന്നിക്കുന്നു. പിതാവിലേക്കുള്ള വഴി യേശുമാത്രം. ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയമാണ് ഈ വെളിപാട്. ■

# പ്രവർത്തന നിരതമാകുന്ന സ്നേഹം

**ഈസ്റ്റർ 6-ാം ഞായർ (മെയ്. 14)** അപ്പ. 8:5-8, 14-17, 1 പത്രോ. 3:15-18, യോഹ. 14:15-21

**ഫാ. ഡൈസൺ**

മഹാനായ സോക്രട്ടീസ് മരിച്ചപ്പോൾ, തന്റെ അരുമ ശിഷ്യനായ പ്ലേറ്റോ പറഞ്ഞു: ഞങ്ങൾ അനാഥരായിരിക്കുന്നു. മഹാനായ മഹാത്മാഗാന്ധി മരിച്ചപ്പോൾ ഇന്ത്യ അനാഥമായിരിക്കുന്നുവെന്ന് വിലപിച്ചവരോട് സരോജിനി നായിഡു പറഞ്ഞു: നമ്മളാണ് ഗാന്ധിജിയുടെ ജീവിക്കുന്ന പ്രതീകങ്ങൾ. നമ്മളാണ് അദ്ദേഹത്തിന്റെ പടയാളികൾ, നമ്മളാണ് അദ്ദേഹത്തിന്റെ പതാക ഏന്തേണ്ടവർ. നമ്മുടെ പതാക സത്യമാണ്. നമ്മുടെ പരിച അഹിംസയാണ്. നമ്മുടെ ആയുധം രക്തച്ചൊരിച്ചിലില്ലാതെ നേടുന്ന ആത്മാവിന്റെ വിജയമാണ്. ഇന്ത്യയിലെ ജനങ്ങളെ ഉണരുവിൻ. നിങ്ങളുടെ കണ്ണുനീർ തുടച്ച് എഴുന്നേല്ക്കുവിൻ. ക്രിസ്തുവാകട്ടെ മരിക്കുന്നതിനുമുമ്പുതന്നെ തന്നിൽ വിശ്വസിക്കുന്ന ശിഷ്യർ അനാഥരാകാതിരിക്കാൻ സഹായകനെ വാഗ്ദാനം ചെയ്യുന്നു. യേശുവിന് ശിഷ്യരോടുണ്ടായിരുന്ന കരുതലിന്റെയും, സ്നേഹത്തിന്റെയും ആഴം നമ്മൾ മനസ്സിലാക്കുന്നത് സഹായകനെ നല്കുന്നതിലൂടെയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു ത്രീത്വത്തെ പടിപടിയായി വെളിപ്പെടുത്തുന്നു. ഞാനും പിതാവും ഒന്നാണെന്ന് പറഞ്ഞ യേശു (യോഹ 10:30) ത്രീത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുന്നത് സഹായകനായിട്ടാണ് (യോഹ 14:16). ഈ ലോകത്ത് നാം തനിച്ചല്ല നമ്മുടെ ബലമായി ശക്തിയായി നമ്മോടുകൂടെ പരിശുദ്ധാത്മാവുണ്ട്.

യേശുവിനോടുള്ള സ്നേഹം ഒരു ക്രിസ്തു ശിഷ്യൻ പ്രകടിപ്പിക്കേണ്ടത് കല്പനകളുടെ പാലനത്തിലൂടെയാണെന്നും അങ്ങനെ ചെയ്താൽ ലഭിക്കുന്ന മൂന്നു വലിയ സൗഭാഗ്യങ്ങളെക്കുറിച്ചാണ് സുവിശേഷം വെളിപ്പെടുത്തുന്നത്.

**1. സഹായകനെ ലഭിക്കും:-** യേശുവിന്റെ അസാന്നിദ്ധ്യത്തിൽ ശിഷ്യരെ ശക്തിപ്പെടുത്തുന്ന ആശ്വാസദായകനാണ് സഹായകനായ പരിശുദ്ധാത്മാവ്. സഹായകൻ എന്ന വാക്കിന്റെ ഗ്രീക്ക് പദം 'പാരാക്ലേത്തോസ്' എന്നാണ്. പാരാക്ലേത്തോസ് എന്നാൽ അടുത്തു വിളിക്കപ്പെട്ടവൻ, സഹയാത്രികൻ, കൂടെയുള്ളവൻ, ഉപദേഷ്ടാവ്, വക്കീൽ, വക്താവ്, സംരക്ഷകൻ, ആശ്വാസദായകൻ എന്നീ അർത്ഥങ്ങളുണ്ട്. ആപത്ത് ഘട്ടങ്ങളിൽ സംരക്ഷകനായും, നിരാശയിൽ തളർന്നുപോകുമ്പോൾ ആശ്വാസദായകനായും, വിചാരണ ചെയ്യപ്പെടുമ്പോൾ വക്കീലായും, സഹായം ആവശ്യമുള്ള സമയത്ത് മദ്ധ്യസ്ഥനായും, വക്താവായും, തെറ്റുമ്പോൾ ഉപദേശം നല്കുന്ന ഉപദേഷ്ടാവായും നമ്മോടു കൂടെ യാത്ര ചെയ്തുകൊണ്ട് നമ്മെ ശക്തിപ്പെടുത്തുന്നവനുമാണ് സഹായകനായ പരിശുദ്ധാത്മാവ്. ശക്തിപ്പെടുത്തുക മാത്രമല്ല (യോഹ 14:16) സത്യം പഠിപ്പിക്കുകയും (യോഹ 14:26) ദൈവമക്കൾക്കെതിരെ കുറ്റം വിധിക്കുന്ന സാത്താന്റെ (വെളി 12:10) ആക്രമണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതും പരിശുദ്ധാത്മാവാണ്. ആദി മുതൽ കൊലപാതകിയും (1 യോഹ 8:44) നുണയന്റെ പിതാവുമായ സാത്തന്റെ എതിർ ധ്രുവത്തിലാണ് പരിശുദ്ധാത്മാവ് ചരിക്കുന്നത്. വിശ്വാസ ജീവിതത്തിൽ ഒപ്പം നിന്ന് സഹായിക്കുകയാണ് സഹായകനായ പരിശുദ്ധാത്മാവിന്റെ ദൗ

> പ്രവർത്തനത്തിലൂടെ പ്രകടമായ നമ്മുടെ സ്നേഹം ജീവിക്കുന്ന പട്ടണങ്ങളിൽ, ഗ്രാമങ്ങളിൽ വലിയ സന്തോഷം പ്രദാനം ചെയ്യുന്നതാകണം. സഹനത്തിലൂടെ പ്രകടമാകുന്ന ക്രിസ്തു സ്നേഹം ഈ ലോകത്തെ സുന്ദരമാക്കാൻ കഴിയുന്നതാകണം. അനുസരണത്തിലൂടെ പ്രകടമാകുന്ന ക്രിസ്തു സ്നേഹം വ്യക്തികൾക്ക്, സമൂഹത്തിന്, ലോകത്തിന് അനുഗ്രഹമായി, ആശീർവാദമായി മാറണം.

ത്യം. നമ്മുടെ സഹായവും സംരക്ഷണവും ആവശ്യപ്പെടുന്നവർക്ക് മദ്ധ്യസ്ഥരും സംരക്ഷകരുമായി നാം മാറണം. സേവിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ആശയങ്ങൾ അടിച്ചേല്പിക്കുവാനോ, അവരെ നമ്മുടെ അടിമകളാക്കുവാനോ അല്ല. സേവനത്തിലൂടെ സ്നേഹം പ്രകടിപ്പിക്കാം

**2.അനാഥരായി വിടുന്നില്ല:-** കരുതൽ നഷ്ടപ്പെട്ട, ഇല്ലായ്മയുള്ള, സംരക്ഷണമില്ലാത്ത ഹീനമായ അവസ്ഥയിലൂടെ കടന്നു പോകുന്നവനാണ് അനാഥൻ. ഒന്നുമില്ലാത്തവനാണ് അനാഥൻ. നല്ല ഇടയനപ്പോലെ, അമ്മ കോഴിയെ എന്ന പോലെ ശിഷ്യന്മാരുടെ വിശ്വാസജീവിതത്തിൽ ഒപ്പമുണ്ടായിരുന്ന ഗുരുവും നാഥനുമായ യേശു ഈ ലോകം വിട്ട് പോകുമ്പോൾ ശിഷ്യർ തകർന്നുപോകാതിരിക്കാൻ, അനാഥത്വം അനുഭവിക്കാതിരിക്കാൻ യേശു നല്കുന്ന സഹായകൻ അവരെ കരുത്തുള്ളവരാക്കുന്നു. പിതാവ് പുത്രനെ നല്കി ദൈവജനത്തെ സനാഥരാക്കുന്നു. യേശു പരിശുദ്ധാത്മാവിനെ നല്കി അവരെ സനാഥരാക്കുന്നു. യേശു നമ്മെ അനാഥരാക്കാത്തതുപോലെ നമ്മെ ആശ്രയിക്കുന്നവരെയും നമ്മൾ അനാഥരാക്കരുത്: കരുതലും സംരക്ഷണവും കൊണ്ട് നമ്മൾ വിരുന്ന് ഒരുക്കുന്നവരാകണം.

**3. വെളിപാടുകൾ നല്കുന്നു:-** പിതാവ് ദൈവമാണെന്ന് വെളിപ്പെടുത്തിയ യേശു തന്റെ ഉത്ഥാനത്തിലൂടെ, അത്ഭുതങ്ങളിലൂടെ, അടയാളങ്ങളിലൂടെ യേശുവും ദൈവമാണെന്ന് ശിഷ്യഗണത്തിനു മുഴുവനും വെളിപ്പെടുത്തുന്നു. മാത്രമല്ല തന്റെ അഭാവത്തിൽ അയക്കപ്പെട്ട പരിശുദ്ധാത്മാവും ദൈവമാണെന്ന് വെളിപ്പെടുത്തുന്നു. ഹൃദയത്തിൽ സ്നേഹമുള്ളവർക്കേ ഈ വെളിപാട് ലഭിക്കുകയുള്ളൂ. സ്നേഹമുള്ള ഹൃദയങ്ങളിൽ യേശുവിന്റെ മുഖം വെളിപ്പെടും. പ്രസിദ്ധ സംഗീതജ്ഞനായിരുന്ന ഇറ്റലിയിലെ റൊസിനിക്ക് ഫ്രാൻസിലെ രാജാവ് ഒരു വാച്ച് സമ്മാനിച്ചു. വർഷങ്ങൾ കഴിഞ്ഞ് വിലയേറിയ തന്റെ സമ്മാനത്തെ സ്നേഹിതനു കാണിച്ചു. അപ്പോൾ സ്നേഹിതൻ പറഞ്ഞു നിങ്ങൾക്ക് ഈ വാച്ചിന്റെ വില ശരിക്കും മനസ്സിലായിട്ടില്ല. വാച്ചിന്റെ ബട്ടൺ സ്നേഹിതൻ അമർത്തിയപ്പോൾ വാച്ചിൽ റൊസിനീയുടെ രൂപം തെളിഞ്ഞു. നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ രൂപം തിരിച്ചറിയുവാനുള്ള ബട്ടനാണ് സ്നേഹം. ത്രീയേക ദൈവത്തിന്റെ വെളിപാടുകൾ ലഭിക്കാൻ കല്പനകൾ പാലിച്ച് ദൈവസ്നേഹത്തിൽ നിലനില്ക്കണം.

ഉള്ളിലെ സ്നേഹം പൂഴ്ത്തിവക്കാനുള്ളതല്ല, പ്രവൃത്തികളിലൂടെ വെളിപ്പെടാനുള്ളതാണ്. പുകയാത്ത ചന്ദനത്തിരിയും, എരിയാത്ത മെഴുകുതിരിയും ഉപയോഗ്യശൂന്യമാകുന്നതുപോലെ പ്രകടിപ്പിക്കാത്ത സ്നേഹവും വൃഥാ പാഴായി പോകുന്നു. യേശുവിനോടുള്ള സ്നേഹം ശിഷ്യൻ വെളിപ്പെടുത്തേണ്ടത് യേശുവിന്റെ കല്പനകൾ പാലിക്കുന്നതിലൂടെയായിരിക്കണം. ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നു. 'ഞാൻ സ്നേഹത്തോടെ പ്രവൃത്തിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവാണ് എന്നിലൂടെ പ്രവൃത്തിക്കുന്നത്. അവനുമായുള്ള എന്റെ ഐക്യത്തിന്റെ ആഴമനുസരിച്ച് എന്റെ സഹോദരിമാരോടുള്ള സ്നേഹവും ശക്തമാണ്.' ആദ്യവായനയും രണ്ടാമത്തെ വായനവും സുവിശേഷവും ശക്തമായി പറയുന്നത് പ്രകടിപ്പിക്കുന്ന സ്നേഹം ജീവിതത്തെ, ലോകത്തെ അത്ഭുതകരമായ രീതിയിൽ സുന്ദരമാക്കുന്നു എന്നാണ്.

## a. സ്നേഹം സേവനത്തിലൂടെ പ്രകടമാകണം

വി.ജോൺ മരിയ വിയാനി ക്രിസ്തുവിനോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തിയത് രോഗാതുരമായ ആര്സ് ഇടവകയിലുള്ള പ്രവർത്തിയിലൂടെയാണ്, സേവനത്തിലൂടെയാണ്. ഒരു ദിവസം 12 മണിക്കൂർ മുതൽ 18 മണിക്കൂർ വരെ കുമ്പസാരം കേട്ടിരുന്നു. കുമ്പസാരവും കുർബാനയുമില്ലാതെ ഡാൻസും മദ്യവും മേളവുമായി കഴിഞ്ഞിരുന്ന ആര്സ് ഒരു അനുതാപ കേന്ദ്രമായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആര്സിൽ വലിയ സന്തോഷമുണ്ടാക്കി. ക്രിസ്തുവിന്റെ സ്നേഹത്തെ പ്രതി പഞ്ചക്ഷതങ്ങൾ സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങി. യേശുവിന്റെ നാമത്തിൽ ധാരാളം അത്ഭുതങ്ങൾ ചെയ്തു. പിശാചുക്കൾ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സൻജോവാനി റോത്തോന്തയ്ക്ക് വലിയ അനുഗ്രഹവും സന്തോഷവുമായിരുന്നു. സമറിയായിലെ ഫിലിപ്പോസിന്റെ സാന്നിദ്ധ്യം വലിയ സന്തോഷത്തിനു കാരണമായി മാറുന്നു (അപ്പ 8:8). കാരണം ക്രിസ്തു സ്നേഹം കൊണ്ട് അവൻ സമറിയായെ നിറച്ചു. അവിടെയുള്ള തളർവാത രോഗികളും മുടന്തരും സൗഖ്യം പ്രാപിക്കുകയും, അശുദ്ധാത്മക്കാൾ ബാധിച്ചവർ ഫിലിപ്പോസിന്റെ കൈവയ്പ്പിലൂടെ സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു. ഫ്രാൻസിസ് അസീസ്സിയിൽ, മദർ തെരേസ കൽക്കത്തയിൽ, ഫാ. ഡാമിയേൻ മോളോക്കയിൽ, വി.കത്രീന സീയത്തയിൽ, വി.എലീസബത്ത് ഹംഗറിയിൽ സന്തോഷത്തിനു കാരണമായി മാറുന്നത് യേശുവിനോടുള്ള സ്നേഹത്തെ പ്രതിയുള്ള പ്രവർത്തനങ്ങളിലൂടെയാണ്. എന്റെ സാന്നിദ്ധ്യം ഞാൻ ആയിരിക്കുന്ന പ്രദേശത്തിന് പ്രവർത്തനത്തിലൂടെ സന്തോഷമായി മാറണം.

## b. സ്നേഹം സഹനത്തിലൂടെ പ്രകടമാകണം

ദൈവം ഒരോ മനുഷ്യനും ഒരു നിയോഗം കോറിയിട്ടിട്ടുണ്ട്. സഹനത്തിലൂടെ ക്രിസ്തുവിനു സാക്ഷിയാവുകയെന്നതാണ് വി.അൽഫോൻസായുടെ നിയോഗം. സഹനങ്ങൾക്കു പിന്നിൽ ദൈവീക കാരണങ്ങളുണ്ടെന്ന് നമ്മെ പഠിപ്പിക്കുന്നത് പരിശുദ്ധ മറിയമാണ്. യേശുവിനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ വിശുദ്ധർ സഹനങ്ങൾ ചോദിച്ചു വാങ്ങിയിരുന്നു. നമ്മൾ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുന്നതു ദൈവഹിതമെങ്കിൽ ആ സഹനം ക്രിസ്തുവിനെ പ്രതി സന്തോഷത്തോടെ ഏറ്റുവാങ്ങണമെന്ന് വി.പൗലോസ് പറയുന്നു (1 പത്രോ 3:17). പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ് യേശുവിനുവേണ്ടി അനുഭവിക്കുന്ന സഹനങ്ങൾ. ISIS തീവ്രവാദികൾ ബന്ദികളാക്കിയ 21 കോപ്റ്റിക് ക്രിസ്ത്യാനികൾ ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി സഹനങ്ങൾ ഏറ്റുവാങ്ങി. ക്രിസ്തുവിനെ തള്ളി പറഞ്ഞെങ്കിൽ അവർക്ക് ജീവൻ തിരിച്ചു കിട്ടുമായിരുന്നു. സന്തോഷത്തോടെ ക്രിസ്തുവി

നോടുള്ള സ്നേഹം അവർ പ്രകടിപ്പിച്ചത് തങ്ങളുടെ ജീവനെ ഹോമിച്ചുകൊണ്ടാണ്.

### C. സ്നേഹം അനുസരണത്തിലൂടെ പ്രകടമാകണം

സ്നേഹം ദൈവത്തോടുള്ള അനുസരണമാണ്. അബ്രഹാം തന്റെ സ്നേഹം പ്രകടിപ്പിക്കുന്നത് അനുസരണത്തിലൂടെയാണ്. സ്വന്തം മകനെ പോലും അനുസരണത്തിന്റെ ഭാഗമായി ദൈവത്തിനായി ബലിയർപ്പിക്കുവാൻ തയ്യാറാകുന്ന അബ്രഹാത്തിന്റെ അനുസരണം മാതൃകാപരമാണ്. അതുകൊണ്ടാണ് വി.ലിഖിതം പറയുന്നത് അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമെന്ന്. പിതാവായ ദൈവത്തോടുള്ള സ്നേഹം യേശു അനുസരണത്തിലൂടെ പ്രകടമാക്കി. ദൈവം നല്കിയ കയ്പേറിയ പാനപാത്രം ഉപേക്ഷിക്കാതെ യേശു അതുവാങ്ങി പാനം ചെയ്തു. അങ്ങനെ കാൽവരിയിൽ ബലിയായി. മറിയം അനുസരണത്തിലൂടെ ദൈവത്തിന്റെ അമ്മയായി മാറി.

പ്രവർത്തനത്തിലൂടെ പ്രകടമായ നമ്മുടെ സ്നേഹം ജീവിക്കുന്ന പട്ടണങ്ങളിൽ, ഗ്രാമങ്ങളിൽ വലിയ സന്തോഷം പ്രദാനം ചെയ്യുന്നതാകണം. സഹനത്തിലൂടെ പ്രകടമാകുന്ന ക്രിസ്തു സ്നേഹം ഈ ലോകത്തെ സുന്ദരമാക്കാൻ കഴിയുന്നതാകണം. അനുസരണത്തിലൂടെ പ്രകടമാകുന്ന ക്രിസ്തു സ്നേഹം വ്യക്തികൾക്ക്, സമൂഹത്തിന്, ലോകത്തിന് അനുഗ്രഹമായി, ആശീർവാദമായി മാറണം. ■

# ദൗത്യം

**സ്വർഗാരോഹണ തിരുനാൾ (മെയ് 21)** അപ്പ. 1:1-11. എഫേ.1:17-23. മത്താ. 28:16-20

**ഫാ. പ്രബൽ**

2000 ആണ്ടിൽ റോമൻ കൂരിയയെ ധ്യാനിപ്പിക്കുവാൻ ജോൺപോൾ രണ്ടാമൻ പാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻത്വാൻ എന്ന മെത്രാനെയാണ്. യേശുവിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ നീണ്ട 13 വർഷക്കാലത്തോളം ഏകാന്ത തടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്നു വാൻത്വാൻ. കാപ്പി കുടിക്കുന്നതിന്റെ ഇടയിൽ കുശലാന്വേഷണമായി പാപ്പ ചോദിച്ചു, 'താങ്കൾ എന്തിനെക്കുറിച്ചാണ് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്'? വാൻത്വാൻ മെത്രാൻ മറുപടി പറഞ്ഞു: "കഴിഞ്ഞ 13 വർഷക്കാലം കമ്യൂണിസ്റ്റ് ഭരണകൂടം ഏകാന്ത തടവിന് വിധിച്ചപ്പോൾ രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ ആരും കാണാതെ പ്രാർത്ഥിച്ചത് എന്റെ വിശ്വാസത്തെ കാത്തുസൂക്ഷിക്കുവാനുള്ള വരം തരണമേയെന്നാണ്. ജയിലിൽ വച്ച് ക്രൂശിതൻ എന്നെ പഠിപ്പിച്ച പ്രത്യാശയെക്കുറിച്ച് ഞാൻ അങ്ങയോട് സംസാരിക്കട്ടെ.'

> ദേശീയ-വംശീയ, വർഗീയ-വർണ, ഭൂരിപക്ഷ-ന്യൂനപക്ഷ മുതലാളിത്ത-തൊഴിലാളിത്ത വിഭാഗീയതകളില്ലാതെ കാലത്തിനും ദേശത്തിനും അതീതമായി യേശുവിന്റെ സുവിശേഷം ലോകത്തിന് വെളിപ്പെടണം.

പോകണം, ശിഷ്യപ്പെടുത്തണം, സ്നാനപ്പെടുത്തണം, പഠിപ്പിക്കണം എന്ന ചതുർവിധ ധർമ്മങ്ങൾ ജ്ഞാനസ്നാനജലംകൊണ്ട് പുനർജനിക്കപ്പെട്ട നമുക്കോരോരുത്തർക്കും ഉണ്ടെന്ന ഓർമ്മപ്പെടുത്തലാണ് ഇന്നത്തെ സുവിശേഷം. നമ്മുടെ സഹോദരി-സഹോദരന്മാരിൽ പലരും തങ്ങളുടെ ജീവിതംകൊണ്ടാണ് ഈ സുവിശേഷഭാഗത്തിന് ഉത്തരം നൽകിയത്. നാടും വീടും വിട്ട്, ഉറ്റവരിൽ നിന്നും ഉടയവരിൽ നിന്നും അകന്ന്, അറിയപ്പെടാത്തൊരു നാട്ടിൽ, പറയാനറിയാത്തൊരു ഭാഷക്കാർക്കിടയിൽ പ്രേഷിത പ്രവർത്തനം നടത്താൻ ഉൾക്കരുത്ത് നൽകിയ വചനഭാഗമാണ് മത്താ. 28: 16-20.

അനുഭവിച്ചറിഞ്ഞ ക്രിസ്ത്വാനുഭവം, ജീവിച്ചുതുടരുന്ന ക്രിസ്തുവിശ്വാസം, പ്രഘോഷണ വിഷയമായ ക്രിസ്തുവചനം- നാലതിർത്തികളിലും നാനാഭാഷകളിലും സംസ്കാരങ്ങളിലും എത്തിക്കണമെന്ന നമ്മുടെ കർത്താവിന്റെ ആത്മാഭിലാഷത്തിന് എന്റെ പങ്കാളിത്തം എന്തുമാത്രമാണെന്ന് ഞാൻ ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു.

സമാശ്വാസമായി തിരിച്ചറിഞ്ഞ ക്രിസ്തുവിനെ

സമാധാനമായി അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ

സൗഖ്യമായി തിരിച്ചറിഞ്ഞ ക്രിസ്തുവിനെ

കണ്ണീരിൻ ആശ്വാസമാകുന്ന ക്രിസ്തുവിനെ

അസ്വസ്ഥതയിൽ ആത്മവിശ്വാസമാകുന്ന ക്രിസ്തുവിനെ ജീവിതം കൊണ്ട്, പ്രഘോഷണം കൊണ്ട്, പ്രാർത്ഥന കൊണ്ട് മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുക്കാനും പങ്കുവയ്ക്കാനുമുള്ള സന്നദ്ധത ഓരോ ക്രിസ്തു ശിഷ്യനും ആർജ്ജിക്കേണ്ടിയിരിക്കുന്നു.

ദേശീയ-വംശീയ, വർഗീയ-വർണ, ഭൂരിപക്ഷ-ന്യൂനപക്ഷ മുതലാളിത്ത-തൊഴിലാളിത്ത വിഭാഗീയതകളില്ലാതെ കാലത്തിനും ദേശത്തിനും അതീതമായി യേശുവിന്റെ സുവിശേഷം ലോകത്തിന് വെളിപ്പെടണം. മാനുഷിക യുക്തിയിൽ ഇത് അസാധ്യമെന്ന് തോന്നുമെങ്കിലും ദൈവീക കൃപയാൽ ഇത് സാധ്യമാണ്. 2000 വർഷം മുൻപ് ജീവിച്ച അപ്പസ്തോലന്മാരുടെയും ധീരരക്തസാക്ഷികളുടെയും പ്രേഷിത തീക്ഷ്ണത നമുക്കുണ്ടോ എന്ന് ഈയവസരത്തിൽ ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. മാത്രമല്ല, പ്രകാശവേഗത്തിൽ കുതിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ അതേ വേഗതയിൽ ക്രിസ്തുവിന്റെ പ്രകാശംപകരാൻ സാധിച്ചെങ്കിൽ മാത്രമേ, നമ്മുടെ സുവിശേഷ പ്രഘോഷണങ്ങൾ വിജയിക്കുകയുള്ളൂ. പരിശുദ്ധാരൂപിയുടെ നിറവുണ്ടെങ്കിൽ മാത്രമേ നമുക്ക് അപ്പസ്തോലന്മാരുടെ ധീരതയും ഈ കാലഘട്ടത്തിനനുസൃതമായ വേഗതയും കൈവരിക്കാൻ കഴിയൂ. ഉത്തമക്രിസ്തുസാക്ഷികളാകാൻ പിതാവായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■

# പെന്തക്കോസ്താ തിരുനാൾ

**പെന്തക്കോസ്താ തിരുനാൾ (മെയ് 28)** അപ്പ. 2:1-11, 1 കൊറി. 12:3b-7, 12-13. യോഹ 20:19-23

**ഫാ. വിശാൽ വി.**

പെന്തക്കോസ്താ തിരുനാളോടുകൂടി പെസഹാകാലം അതിന്റെ പരിപൂർണതയിൽ എത്തിച്ചേരുകയാണ്. യേശു വാഗ്ദാനം ചെയ്ത സഹായകൻ ഈ ലോകത്തിലേക്ക് വരുന്നു. അപ്പസ്തോലന്മാരിലും മറ്റു ശിഷ്യരിലും പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടായ പുതിയ നിയമ സംഭവത്തെ അനുസ്മരിക്കുന്നതാണ് നാം ആഘോഷിക്കുന്ന പെന്തക്കോസ്താ. പെന്തക്കോസ്താ അഥവാ പെന്തക്കോസ്തെ എന്ന ഗ്രീക്ക് പദത്തിനർത്ഥം 'അമ്പതാം ദിനം' എന്നാണ്. ഈസ്റ്റർ ഞായറിനുശേഷം അമ്പതാം ദിവസം പെന്തക്കോസ്താ തിരുനാൾ ആഘോഷിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ തുടർച്ചയായ കത്തോലിക്കാസഭ, 'തിരുസഭയായി' ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് ഈ ദിവസമാണ്.

> ഈ കാലഘട്ടത്തിന്റെ വലിയ ഒരു പ്രതിസന്ധിയാണ് പാപബോധം ഇല്ലായ്മ. ആരും കാണാതെ എന്തുചെയ്താലും അത് ശരിയാണെന്ന മനോഭാവത്തോടെ പാപം ചെയ്യുന്നു. പാപത്തെ പുണ്യമായും പുണ്യത്തെ പാപമായും ഈ കാലഘട്ടം ചിത്രീകരിക്കുന്നു.

യഹൂദജനത പരസ്യമായിട്ട് വളരെ ശക്തവും എന്നാൽ വിശ്വാസത്തോടുംകൂടി ആചരിച്ചിരുന്ന വിളവെടുപ്പുത്സവമാണ് പെന്തക്കോസ്താ. എന്നാൽ കാലഘട്ടം മുൻപോട്ട് പോയപ്പോൾ, യഹൂദർ ഈ പെന്തക്കോസ്താ നാളിൽ പുതിയ വ്യാഖ്യാനം നൽകി. പുറപ്പാടിന്റെ അമ്പതാം ദിനം അവർ സീനായിമലയിൽ എത്തിച്ചേർന്നതിന്റെയും, ദൈവത്താൽ കൽപ്പനകൾ നൽകപ്പെട്ടതിന്റെയും ഓർമ്മപ്പെടുത്തലായി അവർ പെന്തക്കോസ്താ ആചരിച്ചു. ആ ദിനത്തിൽ രണ്ട് അപ്പവും ഒരു വയസ്സുള്ള ഊനമറ്റ ഏഴു ചെമ്മരിയാട്ടിൻ കുട്ടികളെയും ഒരു കാളക്കുട്ടിയെയും, രണ്ട് മുട്ടാടുകളെയും കർത്താവിന് ദഹനബലിയായി അർപ്പിക്കുകയും ആ ദിവസം കഠിനാധ്വാനം ചെയ്യാതെ ഒരു വിശുദ്ധ സമ്മേളനം പ്രഖ്യാപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി ലേവ്യരുടെ പുസ്തകം 23-ാം അധ്യായം 15 മുതൽ 21 വരെയുള്ള തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയ നിയമത്തിൽ, 'പെന്തക്കോസ്താ ദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റ് അടിക്കുന്നതുപോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ ഉപയോഗിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ ആളോരോരുത്തരുടെയും മേൽ വന്നുനിൽക്കുന്നത് അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി' (അപ്പ. പ്രവ. 2:1-4). വിവിധ ഭാഷകളെ പ്രതിപാദിക്കുന്ന മറ്റൊരു സംഭവം നമ്മുടെ ഓർമ്മയിൽ വരുന്നത് ബാബേൽ ഗോപുരത്തിന്റെ നിർമ്മാണമാണ്. (ഉൽപ്പത്തി 11:1 9). ബാബേൽ ഗോപുരത്തിന്റെ വീഴ്ചയിൽ അവരുടെ ഭാഷ പരസ്പരം ഗ്രഹിക്കാനാവാത്തവിധം ദൈവം ഭിന്നിപ്പിക്കുന്നു. എന്നാൽ പെന്തക്കോസ്താ ദിനത്തിൽ അപ്പസ്തോലന്മാർ വിവിധ ഭാഷകളിൽ സംസാരിച്ചിട്ടും എല്ലാവർക്കും അവരവരുടെ മാതൃഭാഷകളിൽ മനസ്സിലാകു

ന്നു. ബാബേൽ ഗോപുര നിർമ്മാണത്തിൽ അവർ ശ്രദ്ധിച്ചത് അവരവരുടെ സ്വന്തം നാമത്തിന്റെ മഹത്വമാണ്. എന്നാൽ പെന്തക്കോസ്താ ദിനത്തിൽ ശിഷ്യന്മാർ പ്രഘോഷിച്ചത് ദൈവമഹത്വമാണ് എന്നത് വളരെ ശ്രദ്ധേയമാണ്. ബാബേൽ ഗോപുരം അഹന്തയുടെയും, ഭിന്നിപ്പിന്റെയും പ്രതീകമാണെങ്കിൽ പെന്തക്കോസ്താ ഒരുമയുടെയും, ഐക്യത്തിന്റെയും അടയാളമാണ്. എല്ലാവർക്കും മനസ്സിലാകുന്ന പരിശുദ്ധാത്മാവിന്റെ ഭാഷ സ്നേഹത്തിന്റെയും കരുണയുടെയും പരസ്പരം മനസ്സിലാക്കുന്നതിന്റെയും ഭാഷയാണ്.

പരിശുദ്ധാത്മാവ് ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ കടന്നുവരുമ്പൾ മൂന്നുകാര്യങ്ങൾ ആ വ്യക്തിയുടെ ജീവിതത്തിൽ മനസ്സിലാക്കി നൽകുന്നു.

(1) പാപത്തെക്കുറിച്ച് (2) നീതിയെക്കുറിച്ച് (3) ന്യായവിധിയെക്കുറിച്ച്

**(1) പാപബോധം ഇല്ലായ്മ**

ഈ കാലഘട്ടത്തിന്റെ വലിയ ഒരു പ്രതിസന്ധിയാണ് പാപബോധം ഇല്ലായ്മ. ആരും കാണാതെ എന്തു ചെയ്താലും അത് ശരിയാണെന്ന മനോഭാവത്തോടെ പാപം ചെയ്യുന്നു. പാപത്തെ പുണ്യമായും പുണ്യത്തെ പാപമായും ഈ കാലഘട്ടം ചിത്രീകരിക്കുന്നു. അതിൽ നിന്നെല്ലാം നന്മയെ നന്മയായും തിന്മയെ തിന്മയായും വേർതിരിച്ചറിഞ്ഞ് ജീവിക്കാൻ പരിശുദ്ധാത്മാവ് ശക്തിപകരുന്നു.

**2) നീതിയെക്കുറിച്ച്**

പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെമേൽ വരുമ്പോൾ അയാളിൽ നീതിബോധം ഇളവാകുന്നു. അതുവഴി അർഹിക്കുന്നത് നൽകുക എന്ന ചിന്ത അയാളിൽ പ്രബലമാകുന്നു.

**3) ന്യായവിധിയെക്കുറിച്ച്**

മൂന്നാമതായി ലഭിക്കുന്ന അനുഗ്രഹമാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ബോധം. മരണാനന്തരമുള്ള നിത്യജീവനിൽ വിശ്വസിക്കാതെ ഭൂമിയിലെ സുഖസന്തോഷത്തിൽ അടിമപ്പെട്ട ജീവിതം നയിക്കുന്ന വ്യക്തികളിൽ വിശുദ്ധജീവിതം നയിക്കുവാൻ ശക്തിപ്പെടുത്തുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ അശുദ്ധിയിൽ നിന്നും പിൻവാങ്ങി വിശുദ്ധിയുടെ പടികൾ ചവിട്ടാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു.

അതിനാൽ, പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി ഈ പെന്തക്കോസ്താ ദിനത്തിൽ തീക്ഷ്ണമായി നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ പാപബോധം ഉണ്ടാവുകയും, അന്യർക്ക് അവകാശപ്പെട്ട നീതി നടപ്പിലാക്കാനും, നന്മതിന്മകളെ വേർതിരിച്ചറിഞ്ഞ് നിത്യജീവന്റെ കിരീടം നേടാനും നമുക്ക് പരിശ്രമിക്കാം. ■


# SOCIETY OF OUR LADY OF AFRICA

(White Fathers)

SOLA Conregation was founder in 1868 in Algeria to evangelize African people. Upto Now we work in 22 African countries through Parish Ministries, Youth ministries, Inter-religious dialogue and Justice and Peace.

Are you willing to serve the Lord in Africa and African People?

*contact us*

**Vocations Director**
**Sola Study House**
Yarandahalli, Hennagara Post
Bangalore - 560105
Karnataka - India.
E-mail : gmg.soa.voc.ind@ mafr.org.
Phone: 080-27839683
Mobile : 7358094557





# കുഞ്ഞാടുകൾ



കഥ

# സത്യസന്ധത

ഒരു ദിവസം ഗോപു അവന്റെ മുത്തശ്ശിയുടെ അടുത്തുചെന്ന് പറഞ്ഞു; മുത്തശ്ശീ, മുത്തശ്ശീ ടിറ്റുവും ടോമിയും എന്റെ മുറി വൃത്തികേടാക്കി. അമ്മ ഞാനാണ് അതുചെയ്തത് എന്നുകരുതി എന്നെ വഴക്കുപറഞ്ഞു, തല്ലുകയും ചെയ്തു. എന്നിട്ടും ടിറ്റുവും ടോമിയും സത്യം പറഞ്ഞില്ല. അപ്പോൾ മുത്തശ്ശി അവരെ വിളിച്ച് കാര്യം തിരക്കി. "ഗോപുവിന് തല്ലുകിട്ടുന്നതുകാണാൻ നല്ല രസമാണ്." ടിറ്റുവും ടോണിയും പറഞ്ഞു. മുത്തശ്ശി മൂവരെയും അരികിൽ വിളിച്ച് ഒരു കഥ പറയാൻ തുടങ്ങി;

ഒരിടത്ത് മീനു എന്ന പെൺകുട്ടി അവളുടെ അമ്മയുമായി താമസിച്ചിരുന്നു. ഒരു ദിവസം മീനുവിന്റെ അമ്മ ബേക്കറിയിൽ പോയി ബ്രെഡ് വാങ്ങിവരാൻ പറഞ്ഞു. മീനു കടയിൽപോയി ബ്രെഡ് വാങ്ങി. കടക്കാരൻ അറിയാതെ അധിക കാശ് ബാക്കിയായി കൊടുത്തു. മീനു അത് ശ്രദ്ധിച്ചു. അവൾ ആലോചിച്ചു: 'ഈ കാശ് കടക്കാരന് തിരികെ കൊടുക്കണോ അതോ വീട്ടിൽ കൊണ്ടുപോയി കൊടുക്കണോ'. ഒടുവിൽ അവൾ വീട്ടിൽ കൊണ്ടുപോകാൻ തന്നെ തീരുമാനിച്ചു. അമ്മയുടെ കൈയിൽ ബ്രെഡും ബാക്കി കാശും കൊടുത്തു. അധികം കാശ് കണ്ട അമ്മ കാര്യം അന്വേഷിച്ചു. മീനു പറഞ്ഞു: കടക്കാരൻ ശ്രദ്ധിക്കാതെ തന്നതാ. അത് നമുക്ക് ലാഭമാണല്ലോ എന്നുകരുതി ഞാൻ വീട്ടിൽ കൊണ്ടുവന്നു." അമ്മ മീനുവിനെ നല്ല വണ്ണം വഴക്കുപറഞ്ഞു. കാശ് തിരികെ കൊണ്ടുകൊടുക്കാൻ പറഞ്ഞു. മീനു കടയിൽ തിരിച്ചുചെല്ലുമ്പോൾ കടയുടെ ഉടമസ്ഥൻ, കടക്കാരനെ വഴക്കുപറയുന്നതാണ് കണ്ടത്. താൻ കാരണമാണ് ശകാരം ഏല്ക്കേണ്ടിവന്നത് എന്നുമനസ്സിലാക്കിയപ്പോൾ മീനുവിന് കുറ്റബോധം തോന്നി. ഉടനെ തന്നെ കടക്കാരന്റെ അടുക്കൽ പോയി അവൾ പറഞ്ഞു; 'ഇതാ അങ്കിൾ കാശ്. അങ്കിൾ ബാക്കിതന്നപ്പോൾ പൈസാ കൂടിപ്പോയി. ഞാൻ അറിയാതെ വീട്ടിൽ കൊണ്ടുപോയി. കടയുടമസ്ഥനും കടക്കാരനും സന്തോഷം തോന്നി. കടയുടമസ്ഥൻ പറഞ്ഞു, 'നീ സത്യസന്ധതയുള്ള കുട്ടിയാണ്. ഈ കപ്കേക്ക് നിനക്ക്' ശേഷം അവൾക്ക് ഒരു കിടിലം കപ്കേക്ക് കൊടുത്തു.

കഥ തീർന്നപ്പോൾ ഗോപുവിനോടും ടിറ്റുവിനോടും ടോമിയോടുമായി മുത്തശ്ശി പറഞ്ഞു; 'മീനു കള്ളം കാണിച്ചതുകൊണ്ട് കടക്കാരന്റെ ജോലിപോലും പോകുമെന്ന അവസ്ഥയുണ്ടായി. പക്ഷേ അവൾ തെറ്റ് തിരുത്തിയപ്പോൾ അവൾക്ക് അതിന്റെ പ്രതിഫലം കിട്ടി. ഒരിക്കലും തെറ്റുചെയ്യരുത്. അത് നമുക്ക് തൽക്കാലം ചെറിയ ആനന്ദം ലഭിക്കുമെങ്കിലും മറ്റുള്ളവർ വളരെയധികം ദുഃഖിക്കും. എന്നാൽ നമ്മൾ സത്യസന്ധരായാൽ അവർക്കും നമുക്കും ഒരു പ്രശ്നവും ഉണ്ടാവുകയില്ല.

ഇതുകേട്ട് ടിറ്റുവും ടോമിയും പറഞ്ഞു; 'സോറി ഗോപു ഞങ്ങൾ ഇപ്പോൾ തന്നെ അമ്മയോട് സത്യം പറയാം. മുത്തശ്ശിയും ഗോപുവും അവരെ നോക്കി പുഞ്ചിരിച്ചു.



**ലിയ ബാബു**
സെന്റ് മേരീസ്
എച്ച്എസ്എസ്, വെട്ടുകാട്



ബൈബിൾ കഥകൾ

• പുത്തൻകാവ് മാത്തൻതരകൻ

4

# ജലപ്രളയം

ആദാമിന് ഹവ്വയിൽ മൂന്നാമതൊരു പുത്രൻ ജനിച്ചു. അവന്റെ പേര് ശേത്തെന്നായിരുന്നു. ശേത്തിനെത്തുടർന്നുള്ള എട്ടാംതലമുറക്കാരനായ ലാമെക്കിന് 'നോഹ' എന്നൊരു പുത്രനുണ്ടായി. അപ്പോഴേക്കും ഭൂമിയിലെ ജനസംഖ്യ വളരെയധികം വർധിച്ചു. അതോടുകൂടി ലോകത്തിൽ പാപവും പെരുകി.

ഭൂമി അന്നും കൗമാരദശയിൽ തന്നെ സ്ഥിതിചെയ്തിരുന്നു. വൃക്ഷങ്ങൾ ഫലങ്ങളെക്കൊണ്ടും ജലാശയങ്ങൾ മത്സ്യങ്ങളെക്കൊണ്ടും നിറഞ്ഞിരുന്നു. ആണ്ടിൽ മൂന്നുപ്രാവശ്യം വീതം വയലുകളിൽ കൊയ്ത്തുണ്ടായിരുന്നു. അതുകൊണ്ട് മനുഷ്യർ ദൈവശാപത്തെ സ്മരിച്ചതേയില്ല. എന്നാൽ നോഹ ഉത്തമനായിരുന്നു. അവൻ പലപ്പോഴും ജനങ്ങളെ ഉപദേശിക്കുമായിരുന്നു. അവനുമായി വാദപ്രതിവാദം നടത്താൻ അവർക്ക് യാതൊരു മടിയും ഇല്ലായിരുന്നു. അവർ അവനോട് ചോദിക്കുമായിരുന്നു: "എന്താണീ ദൈവശാപത്തിന്റെ അർത്ഥം? ഞങ്ങൾക്കുവേണ്ടുവോളം തിന്നാനും കുടിക്കാനുമുണ്ട്. ഞങ്ങളുടെ കിടക്കകൾ മൃദുലങ്ങളാണ്. സ്വപ്നങ്ങൾ മധുരങ്ങളാണ്. എല്ലാം ഞങ്ങളുടെ ആഗ്രഹംപോലെ നടക്കുന്നു. ഉപദേശങ്ങൾകൊണ്ട് നീ ഞങ്ങളെ ഉപദ്രവിക്കുന്നതെന്തിനാണ്? ആരാണീ ദൈവം? എന്താണീ ശാപം? ഈ വിഡ്ഢിത്തങ്ങൾകൊണ്ട് എന്താണ് പ്രയോജനം?" നോഹ ഈ പരിഹാസത്തിനെതിരേ അന്ധനും ബധിരനുമായിരുന്നു. മനുഷ്യനെ സൃഷ്ടിച്ചതോർത്ത് ദൈവം പശ്ചാത്തപിച്ചു. മനുഷ്യരുടെ തിന്മകൾ അക്ഷന്തവ്യമായിത്തീർന്നപ്പോൾ ദൈവം സ്വയം നിശ്ചയിച്ചു: ' ഞാൻ സൃഷ്ടിച്ച മനുഷ്യരെ മുഴുവൻ ഞാൻ നശിപ്പിക്കും. മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയും. എല്ലാം എനിക്ക് ദുഃഖകരമായിരിക്കുന്നു.'

നോഹ അവന്റെ തലമുറയിൽ നിർമ്മലനും നീതിമാനും ആയിരുന്നു. ദൈവത്തിന്റെ അനുഗ്രഹം അവനോടുകൂടി ഉണ്ടായിരുന്നു. ദൈവഭക്തനായിരുന്ന നോഹയ്ക്ക് ശേം, ഹാം, യാഫെത്ത് എന്നിങ്ങനെ മൂന്നു പുത്രന്മാർ ജനിച്ചു. ഒരുദിവസം ദൈവം നോഹയോടിങ്ങനെ കല്പിച്ചു: 'പ്രപഞ്ചവിനാശം നിന്റെ മുമ്പിലെത്തിയിരിക്കുന്നു. നിരവധിയായ അക്രമങ്ങൾ കൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു. ഞാൻ ഭൂമിയെ അതിലുള്ള സകല ജീവജാലങ്ങളോടുംകൂടെ നശിപ്പിക്കും. നീ 'ഗോഫർ' മരംകൊണ്ട് ഒരു വലിയ കപ്പലുണ്ടാക്കണം. അതിൽ അനേകം മുറികൾ ഉണ്ടായിരിക്കണം. അതിന്റെ അകത്തും പുറത്തും കീൽ തേക്കണം. കപ്പലിന്റെ നീളം മുന്നൂറു മുഴവും, വീതി അമ്പതുമുഴ

വും, ഉയരം മുപ്പതു മുഴവുമായിരിക്കണം. കപ്പലിന് മൂന്നുതട്ടുകളും പാർശ്വങ്ങളിൽ വാതിലുകളുമുണ്ടായിരിക്കണം. മുകളിൽനിന്ന് മൂന്നുമുഴം താഴെയായിട്ടുവേണം കിളിവാതിലുകൾ വയ്ക്കാൻ. ഭൂമിയിൽ സഞ്ചരിക്കുന്ന സകല ജഡത്തെയും ആകാശത്തിലെ പറവകളെയും ഞാൻ ജലപ്രളയംകൊണ്ട് നശിപ്പിക്കും. ജലപ്രളയം ആരംഭിക്കുന്നതിന് മുമ്പുതന്നെ നീ കുടുംബസമേതം കപ്പലിൽ കയറിക്കൊള്ളണം. നീ, നിന്റെ ഭാര്യ, പുത്രന്മാർ, അവരുടെ ഭാര്യമാർ, എല്ലാവരും നിന്റെകൂടെ ഉണ്ടായിരിക്കണം. നിന്റെ കുടുംബാംഗങ്ങൾക്കും ജീവജാലങ്ങൾക്കും ആവശ്യമായ ഭക്ഷണസാധനങ്ങൾ കപ്പലിൽ ശേഖരിച്ചിരിക്കണം.”

ദൈവം കല്പിച്ചതൊക്കെയും നോഹ അനുഷ്ഠിച്ചു. വീണ്ടും ദൈവം നോഹയോടാജ്ഞാപിച്ചു: ”സർവകുടുംബവുമായി നീ കപ്പലിൽ പ്രവേശിക്കുക. ഈ തലമുറയിൽ നിന്നെ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു. ശുദ്ധിയുള്ള സകല മൃഗങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടും ആകാശത്തിലെ പറവകളിൽ നിന്ന് പൂവനും പിടയുമായി ഏഴേഴും ഭൂമിയിൽ വർഗവർദ്ധനവിനായി ചേർത്തുകൊള്ളണം. ഇനിയും ഏഴുദിവസം കഴിഞ്ഞാൽ ഞാൻ ഭൂമിയിൽ നാല്പതുരാവും നാല്പതു പകലും മഴ പെയ്യിക്കും. സകല ജീവജാലങ്ങളേയും ഞാൻ നശിപ്പിക്കും.”

നോഹ ചെയ്യേണ്ടതെല്ലാം ചെയ്തു. ദൈവനിർദ്ദിഷ്ടങ്ങളായ ജീവജാലങ്ങളോടുകൂടി നോഹയും കുടുംബാംഗങ്ങളും കപ്പലിൽ കയറി. അന്നു നോഹയ്ക്ക് അറുനൂറുവയസ്സുണ്ടായിരുന്നു. ദിവസം ഏഴു കഴിഞ്ഞു. ആഴിയുടെ ഉറവകൾ പിളർന്നു. ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നു. നാല്പതു രാവും നാല്പതു പകലും നിരന്തരമായി മഴ പെയ്തു. അലയാഴിയുടെ അടിത്തട്ടിലെ ഉറവകളിൽ നിന്നും പുറപ്പെട്ട വെള്ളം കാട്ടുതീയിൽ നിന്നും ആകാശത്തിലേക്ക് പറന്നുയരുന്ന ധൂമമണ്ഡലംപോലെ മുകളിലേക്ക് കുതിച്ചുയർന്നു. ജ്യോതിഷചക്രത്തിൽ കെട്ടിനിന്നിരുന്ന അതിരില്ലാത്ത മഹാസമുദ്രം ലക്ഷോപലക്ഷം കാട്ടാറുകളെപ്പോലെ കടുംതൂക്കായി ഭൂമിയിലേക്കൊഴുകി. നോഹയുടെ കപ്പൽ തറയിൽ നിന്നുമിളകി ഉയർന്നു. ജലപ്പരപ്പിൽക്കൂടി അതൊഴുകിത്തുടങ്ങി. നഗരങ്ങളും ഗ്രാമങ്ങളും വെള്ളത്തിനടിയിലായി. അഭികാമ്യങ്ങളായ രാജകൊട്ടാരങ്ങളും മണിമേടകളും മുങ്ങി. മനുഷ്യരും മനുഷ്യേതരജീവജാലങ്ങളും പ്രാണനാശം ഭവിച്ച് ജലപ്പരപ്പിൽ ചങ്ങാടംകെട്ടി. നക്ഷത്രങ്ങളെ തൊടുന്ന വൃക്ഷങ്ങളെ താങ്ങിനിന്ന പർവതങ്ങളേയും അവയുടെ കൊടുമുടികളെയും വെള്ളം കീഴടക്കി.

നൂറ്റമ്പതു ദിവസമായപ്പോഴേക്കും ബ്രഹ്മാണ്ഡകടാഹത്തിൽ പ്രളയം അല്ലാതെ യാതൊന്നും ദൃശ്യമായിരുന്നില്ല. വാനത്തട്ടും വാരിധിപ്പരപ്പും ഒരുമിച്ചുചേർന്നു. രണ്ടിനുമിടയ്ക്ക് നോഹയുടെ കപ്പൽ മാത്രം ഒറ്റയ്ക്കുകിടന്നു. പെരുമഴയുടെ അട്ടഹാസം കുറഞ്ഞു. വെള്ളം താഴാൻതുടങ്ങി.

മഴ തുടങ്ങി ഇരുന്നൂറ്റിപ്പതിനേഴാംദിവസം നോഹയുടെ കപ്പൽ ‘അരരാത്ത്’ എന്നുപേരുള്ള ഒരുപർവതത്തിന്റെ പീഠത്തിൽ ഉറച്ചു. മുന്നൂറുദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും പ്രളയത്തിന്റെ ശക്തി കുറഞ്ഞു. ഗിരിശിഖരങ്ങൾ ദൃശ്യങ്ങളായി. പിന്നെയും നാല്പതുദിവസം കഴിഞ്ഞു. നോഹ കപ്പലിന്റെ കിളിവാതിൽ തുറന്ന്, ഒരു മലങ്കാക്കയെ പുറത്തേക്ക് വിട്ടു പറ്റിപ്പിടിച്ചിരിക്കാനിടം ലഭിക്കാതെ അത് നോഹയുമായുള്ള ബന്ധം വിടാതെ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. രണ്ടാമതായി നോഹ ഒരു പ്രാവിനെ അയച്ചു. കാലുവയ്ക്കാൻ സ്ഥലം കാണാതെ ആ പ്രാവ് കപ്പലിലേക്ക് തിരിച്ചുചെന്നു. ഏഴുദിവസം കഴിഞ്ഞ് നോഹ ആ പ്രാവിനെത്തന്നെ വീണ്ടും പുറത്തേക്കുവിട്ടു. അന്നുവൈകുന്നേരം ആ പ്രാവ് പച്ചയായ ഒരു ഒലിവിലയും ചുണ്ടിലാക്കിക്കൊണ്ട് നോഹയുടെ അടുക്കൽ തിരിച്ചെത്തി. പിന്നെയും ഏഴുദിവസം കഴിഞ്ഞു. നോഹ ആ പ്രാവിനെതന്നെ മൂന്നാമതും പുറത്തേക്ക് വിട്ടു. നോഹയ്ക്ക് പിന്നീട് ആ പ്രാവിനെ കാണാൻ കഴിഞ്ഞില്ല.

അറുന്നൂറ്റിയൊന്നാംവർഷം ഒന്നാം മാസം ഒന്നാം തീയതിയായപ്പോഴേക്കും വെള്ളം വറ്റി. നോഹ കപ്പലിന്റെ മുകൾത്തട്ടുനീക്കി. ഭൂമി ഉണങ്ങിയിരുന്നു. എന്നിട്ടും നോഹ കപ്പലിൽ നിന്നിറങ്ങിയില്ല. അൻപത്തിയേഴുദിവസം പിന്നെയും കഴിഞ്ഞു. നോഹ സകുടുംബം സകലജീവികളുമായി കപ്പലിൽ നിന്നും ഇറങ്ങാൻ ദൈവം അനുമതി നൽകി. നോഹയും ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും കപ്പലിൽ നിന്നിറങ്ങി. അവരോടുകൂടെ സകല മൃഗങ്ങളും ഇഴജാതികളും പറവകളും ഭൂചരങ്ങളൊക്കെയും ജാതിജാതിയായി കപ്പലിൽ നിന്നും പുറത്തേക്കുവന്നു. നോഹ ഒരു യാഗപീഠമുണ്ടാക്കി ദൈവത്തിന് ഹോമയാഗം അർപ്പിച്ചു. ദഗ്ദ്ധമായ ഹോമദ്രവ്യത്തിന്റെ സൗരഭ്യം ദൈവസന്നിധിയിലെത്തി. അപ്പോൾ ദൈവം ഹൃദയം കൊണ്ട് ഇങ്ങനെ കല്പിച്ചു: ‘മനുഷ്യനെ ശിക്ഷിക്കുന്നതിനായി ഞാനിനിയും ഭൂമിയെ ശപിക്കയില്ല. ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്നുപോകുകയില്ല.”

ദൈവം നോഹയെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചു: ”നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി വർധിച്ച് ഭൂമിയിൽ നിറയട്ടെ. ഭൂമിയിലെ സകലമൃഗങ്ങളും, ആകാശത്തിലെ എല്ലാ പറവകളും, സകല ഭൂചരങ്ങളും, സമുദ്രത്തിലെ സകല മത്സ്യങ്ങളും നിങ്ങളെ ഭയപ്പെടട്ടെ. ഞാൻ അവയെ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്നു. ഭൂചരജന്തുക്കളൊക്കെയും നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ. ഹരിതസസ്യം പോലെ ഞാൻ സകലവും നിങ്ങൾക്കു തന്നിരിക്കുന്നു.” എന്നിങ്ങനെ ദൈവം നോഹയോടും കുടുംബാംഗങ്ങളോടും കല്പിച്ചശേഷം ആകാശത്തിൽ ഒരു വില്ലു സ്ഥാപിച്ചു കപ്പലിൽ നിന്നു പുറത്തുവന്ന സകല ജീവജാലങ്ങളോടുമായി ദൈവം കല്പിച്ചു: ”യാതൊരു ജഡവും ഇനിയും ജലപ്രളയത്താൽ നശിക്കുകയില്ല. അതിനുള്ള അടയാളമായി ഞാൻ ഈ വില്ല് ആകാശത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. എന്റെ ആജ്ഞ അനുസരിച്ച് മേഘം വരുമ്പോൾ ഈ വില്ല് അതിൽകാണും. അപ്പോൾ ഞാൻ നിങ്ങളോട് ചെയ്ത പ്രതിജ്ഞയെക്കുറിച്ച് ഞാനോർക്കും. ജീവജാലസംഹാരത്തിനുവേണ്ടി ഇനിയും വെള്ളം പ്രളയമായിത്തീരുകയില്ല. ഈ വില്ലു ഞാൻ ഭൂമിയിലുള്ള സകല ജഡത്തോടും ചെയ്തിരിക്കുന്ന നിമയത്തിന്റെ ഒരു അടയാളമത്രേ.” ■

# ഡോ. റ്റി. എഡ്വിൻ

## തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ അൽമായ ഫിനാൻസ് ഓഫീസർ



തിരുവനന്തപുരം ജില്ലയിൽ വർക്കലയ്ക്കടുത്ത് മൂങ്ങോട് എന്ന ഗ്രാമത്തിൽ (സെന്റ് സെബാസ്റ്റ്യൻ ഇടവക) 1931 മെയ് 20 ന് ശ്രീ. തോമസ് വി. ഫെർണാണ്ടസിന്റെയും ശ്രീമതി ഫിലോമിന ഫെർണാണ്ടസിന്റെയും അഞ്ചുമക്കളിൽ മൂന്നാമനായി ശ്രീ. തോമസ് എഡ്വിൻ ജനിച്ചു. പിതാവ് സിലോണിൽ അധ്യാപകനായി ജോലിചെയ്യുകയായിരുന്നു. കൗമാരത്തിൽ തന്നെ മാതാവ് മരണമടഞ്ഞു. പ്രാഥമിക വിദ്യാഭ്യാസം സ്വന്തം നാട്ടിൽ നിന്ന് നേടി. തുടർന്ന് ഈശോ സഭക്കാരുടെ തൃശ്ശിനാപ്പള്ളിയിലുള്ള സെന്റ് ജോസഫ്സ് സ്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. മദ്രാസ് ലൊയോള കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. കേരള സർവകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും സമ്പാദിച്ചു. കേരള സർക്കാരിന്റെ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ (സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്) റിസർച്ച് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. 31 വർഷത്തെ സേവനത്തിനുശേഷം അഡീഷണൽ ഡയറക്ടറായി വിരമിച്ചു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സേവനത്തോടൊപ്പംതന്നെ പബ്ലിക് അഡ്മിനിസ്ട്രേഷൻ, ബിസിനസ് അഡ്മിനിസ്ട്രേഷൻ, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദം സമ്പാദിക്കുകയും പബ്ലിക് ഫിനാൻസിൽ പിഎച്ച്ഡി കരസ്ഥമാക്കുകയും ചെയ്തു. പരന്ന വായനയും വായിക്കുന്ന പ്രധാന കാര്യങ്ങൾ കുറിച്ചുവച്ച് സൂക്ഷിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഇംഗ്ലീഷ് ഭാഷയിലെ പരിജ്ഞാനം ലോകകാര്യങ്ങൾ കൂടുതൽ വായിച്ചറിയുവാനും ലേഖനങ്ങളും മറ്റും എഴുതുവാനും എഡ്വിനെ സഹായിച്ചു.

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സേവനകാലത്ത് ഡെപ്യൂട്ടേഷനിൽ, പുതുതായി ആരംഭിച്ച Institute of Management in Government (IMG) എന്നസ്ഥാപനത്തിൽ Faculty ആയി സേവനമനുഷ്ഠിച്ചു. കൂടാതെ ഐഎംജി കാമ്പസിൽ ആരംഭിച്ച ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യുടെ പ്രഥമ കോ-ഓർഡിനേറ്റർ ആയും സേവനം ചെയ്തു. മിതഭാഷിയും സൗമ്യനുമായിരുന്ന അദ്ദേഹം വാക്കുകളെക്കാളുപരി പ്രവൃത്തികളിലൂടെ ആത്മാർത്ഥമായി സേവനം ചെയ്തിരുന്നതായി സഹപ്രവർത്തകർ ഓർമിക്കുന്നു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ദീർഘകാലസേവനത്തിൽ നിന്ന് പ്ലാനിംഗ്, ബജറ്റ് എന്നിവയിലൊക്കെ ആർജ്ജിച്ച അറിവ് താനംഗമായ തിരുവനന്തപുരം രൂപതയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രഥമ ഫിനാൻസ് ഓഫീസറായി അഭിവന്ദ്യ സൂസപാക്യം പിതാവ് അദ്ദേഹത്തെ നിയമിച്ചു. ദീർഘനാൾ രൂപതയുടെ ഫിനാൻസ് ഓഫീസറായി പ്രവർത്തിക്കുകയും അതിരൂപതയുടെ സാമ്പത്തിക കാര്യങ്ങൾക്ക് സുതാര്യതയും കൃത്യതയും കൊണ്ടുവരികയും ചെയ്തു. പ്ലാനിംഗും ബജറ്റുമൊക്കെ കൊണ്ടുവന്നത് അദ്ദേഹം ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുമ്പോഴാണ്. ഗവ. വിമൻസ് കോളേജ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. നാലുമക്കളാണദ്ദേഹത്തിന്. 2023 ഫെബ്രുവരി 6-ാം തീയതി അന്തരിച്ചു. തിരുവനന്തപുരം അതിരൂപതയുടെ സാമ്പത്തിക മാനേജ്മെന്റ് ശാസ്ത്രീയമായി കൈകാര്യം ചെയ്യുവാനും ആസൂത്രിതവും സുതാര്യവുമായ സാമ്പത്തിക സംവിധാനങ്ങൾ ഒരുക്കുവാനും ഡോ. എഡ്വിൻ നിർവഹിച്ച സ്തുത്യർഹമായ സേവനങ്ങളെ എന്നും ഈ അതിരൂപത ആദരവോടെ സ്മരിക്കും.

**– മേരിക്കുട്ടി ഫ്രാങ്ക്ളിൻ**

## വചനജ്വാല

2023 ജൂൺ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'അവനിൽ വസിച്ചുകൊണ്ട് ഫലം പുറപ്പെടുവിക്കുന്നവരാകുക'

**ഫാ. ഡാനിയേൽ ആർ.**

**ആമുഖം**

മേയ് അവസാന വാരവും ജൂൺ ആദ്യവാരവും ഓർമ്മകൾ പൂക്കുന്ന ദിനങ്ങളാണ്. രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം സ്കൂൾ തുറക്കുമ്പോൾ മാതാപിതാക്കൾക്കും കുട്ടികൾക്കും തിരക്കേറിയതും ആശങ്കനിറഞ്ഞതുമായ ദിനങ്ങളാണ്. പുതിയ ബാഗ്, കുട, ചെരിപ്പുകൾ, ബുക്കുകൾ, യൂണിഫോം എന്നിവ വാങ്ങുന്ന തിരക്കിലാകും മാതാപിതാക്കൾ. പലപ്പോഴും വിചാരിച്ച ബഡ്ജറ്റിനും അപ്പുറം ചിലവുകൾ കൂടുമ്പോൾ മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങൾക്ക് ഭാരം കൂടുന്നെങ്കിലും ഇതൊക്കെ നമ്മുടെ പൊന്നോമനകളുടെ ഭാവിക്കുവേണ്ടിയുള്ളതാണെന്ന് ഓർക്കുമ്പോൾ മനസിൽ പ്രതീക്ഷയും സന്തോഷവും താളം കൊട്ടുന്നു.

ജൂൺ മാസം അതുപോലെ ഈശോയുടെ തിരുഹൃദയഭക്തിക്ക് പ്രത്യേകം സമർപ്പിക്കുന്ന ഒരു മാസം കൂടിയാണ്. നിരന്തരം ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു സ്നേഹദീപമാണ് ഈശോയുടെ തിരുഹൃദയം. ഈ തിരുഹൃദയത്തിന്റെ പുണ്യങ്ങൾ അനുസരിച്ച് ജീവിക്കാൻ പ്രാപ്തരാകുന്നതിന് വേണ്ടിയാണ് നമ്മുടെ വീടുകളിൽ പ്രഥമ സ്ഥാനം നൽകിതിരുഹൃദയ പ്രതിഷ്ഠ നടത്തുന്നത്. തിരുഹൃദയത്തിൽ

നാം കാണുന്നത് ഈശോയെയും തുറന്ന ഹൃദയത്തെയുമാണ്. ആ ഹൃദയം നമുക്കുവേണ്ടി തുടിച്ചുകൊണ്ടിരിക്കുന്നു. സ്നേഹാഗ്നിനാളത്തിന്റെ മുദ്രയെന്നോണം ഒരു കുരിശിനെയും കാണാം. ആ ഹൃദയത്തെ വലയം ചെയ്യുന്ന മുൾകിരീടം ഓരോ നിമിഷവും ഹൃദയത്തിൽ ആഴമായി തുളഞ്ഞുകയറി രക്തം ചിന്തുന്നു. അതുപോലെയാണ് മാതാപിതാക്കൾ കുടുംബത്തിനുവേണ്ടി ആത്മാർത്ഥമായി ജീവിക്കുമ്പോൾ സഹിക്കേണ്ടി വരുന്ന ത്യാഗങ്ങൾ.

ഈശോയുടെ തിരുഹൃദയത്തിനു മുന്നിൽ നമ്മുടെ കുടുംബങ്ങളെയും പ്രത്യേകിച്ച് പഠിക്കുന്ന മക്കളെയും ആത്മാർത്ഥമായി സമർപ്പിക്കാം.

**ദൈവ വചന പാരായണം:-**

യോഹ. 15:18

**വചന വിചിന്തനം**

വൃക്ഷം ഫലം പുറപ്പെടുവിക്കുന്നത് സ്വന്തമായി ഭക്ഷിക്കുവാനല്ല. എല്ലാ ഫലങ്ങളും അപരോന്മുഖമാണ്. ഒരുവന്റെ ജീവിതം ഫലമുള്ളതാകുന്നത് സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് പ്രയോജനമുള്ളതാകുമ്പോഴാണ്. നന്മ ചെയ്ത് കടന്നുപോയവനാണ് ക്രിസ്തുനാഥൻ. അവിടുത്തെ പ്രവർത്തനങ്ങളെല്ലാം തന്നെ മറ്റുള്ളവരുടെ നന്മയെ മുൻനിർത്തിയുള്ളതായിരുന്നു. അതിനായി അവിടന്ന് സർവ്വതാ പിതാവിൽ വസിച്ചു. പിതാവാകട്ടെ പുത്രനും എപ്പോഴുമായിരുന്നു. അപ്രകാരം ദൈവത്തിൽ വസിച്ചുകൊണ്ട് മറ്റുള്ളവർക്ക് നന്മ ചെയ്യുവാനും ഫലമുള്ളവരായി തീരുവാനുമാണ് നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിൽ വസിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിരന്തരം നമ്മുടെ ജീവിതത്തിലുണ്ടാകുന്ന തിന്മകളെ അതിജീവിക്കാനാവും. നാം ഇന്ന് ജീവിക്കുന്ന വെല്ലുവിളി നിറഞ്ഞ ഈ കാലഘട്ടത്തിൽ പ്രലോഭനങ്ങളും തിന്മയുടെ സ്വാധീനങ്ങളും വർദ്ധിച്ചു വരുന്നു. അതിനെ അതിജീവിക്കുവാൻ പതിന്മടങ്ങ് ശക്തിയിൽ ക്രിസ്തുവിൽ ആശ്രയിക്കുകയും വസിക്കുകയും ചെയ്യുന്നത് അത്യന്താപേക്ഷിതമാണ്.

ക്രിസ്ത്യാനികളായ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിലായിരുന്നുകൊണ്ട് ജീവന്റെ സമൃദ്ധി സ്വന്തമാക്കുവാൻ വേണ്ടിയാണ്. ജീവന്റെ സമൃദ്ധി എന്നത് ഫലസമൃദ്ധിയെ സൂചിപ്പിക്കുന്നു. ഇത് ഓരോ ജീവിതവും മറ്റുള്ളവർക്ക് ഫലമുള്ളതായി തീരുവാനുള്ള ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ക്രിസ്തുവിൽ വസിക്കുമ്പോൾ ബലഹീനതകളെയും കുറവുകളെയും അതിജീവിച്ചുകൊണ്ട് സത്ഫലം പുറപ്പെടുവിക്കാനാവും. കൂദാശകളിലൂടെയും പരസ്പരമുള്ള സ്നേഹബന്ധങ്ങളിലൂടെയും ക്രിസ്തുവിലുള്ള വാസം കൂടുതൽ ആഴപ്പെടുത്താനാവും. അതേ സമയം ലോകത്തിൽ കൂടുതലായി വസിക്കുന്തോറും വ്യക്തി താല്പര്യങ്ങളും സുഖഭോഗതാല്പര്യങ്ങളും ഉള്ളിൽ സ്ഥാനം പിടിക്കുന്നു. അത് ക്രമേണ അവനെ പാപത്തിന് അടിമയാക്കുന്നു. ആദിമസഭയിലെ ക്രൈസ്തവർ ക്രിസ്തുവിൽ സർവ്വദാ വസിച്ചുകൊണ്ട് വിചാരങ്ങളും വികാരങ്ങളും ക്രിസ്തു കേന്ദ്രീകൃതമാക്കുന്നു. അതാണ് സാക്ഷ്യസമൂഹമാക്കി അവരെ മാറ്റിയത്.

**ചർച്ച**

1. ആദിമസഭയിൽ എന്നപോലെ ആധുനിക ക്രൈസ്തവരായ നമുക്കും ഫലം പുറപ്പെടുവിക്കുവാൻ കഴിയാത്തത് എന്തുകൊണ്ട്?
2. ഭാരതത്തിൽ ക്രൈസ്തവ ജനസംഖ്യ 2.5 ശതമാനം ആയി ഇപ്പോഴും നിലകൊള്ളുന്നത് എന്തുകൊണ്ട്?

**പൊതു അറിയിപ്പ്**

**ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**വിശ്വാസികളുടെ പ്രാർത്ഥന**

**സമാപന ഗാനം**

**നന്ദി**




ജെ.സി.

# മുന്നോക്ക ക്രൈസ്തവ വിഭാഗങ്ങളുടെ രാഷ്ട്രീയ നിലപാട് മാറ്റം

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾക്കും ആരാധനാലയങ്ങൾക്കും പ്രേഷിത ശുശ്രൂഷകൾക്കും നേരെ നടക്കുന്ന സംഘടിത അക്രമങ്ങൾക്കും വിദ്വേഷ പ്രചാരണത്തിനും മതപരിവർത്തനത്തിന്റെ പേരിലുള്ള വേട്ടയാടലിനും കള്ളക്കേസുകൾക്കുമെതിരെ വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ഒരുമിച്ച് ചേർന്ന് ഡൽഹിയിലെ ജന്തർമന്ദറിൽ ഇക്കഴിഞ്ഞ ഫെബ്രവുരിയിൽ സംഘടിപ്പിച്ച അത്ഭുതപൂർവമായ പ്രതിഷേധസംഗമത്തിൽ ഡൽഹി അതിരൂപതയിലെ ആർച്ച് ബിഷപ്പ് കുട്ടോയും സീറോ മലബാർ സഭയിൽ നിന്ന് ആർച്ച് ബിഷപ്പ് ഭരണികുളങ്ങരയും മുൻനിരയിലുണ്ടായിരുന്നു. സേക്രട്ട് ഹാർട്ട് കത്തീഡ്രലിൽ കത്തിച്ച മെഴുകുതിരിയുമായി വിശ്വാസികൾ ആ പ്രതിഷേധത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി. തീവ്ര ഹിന്ദുത്വത്തിന്റെ വർഗീയ ധ്രുവീകരണത്തിന്റെയും സായുധ സന്നാഹത്തിന്റെയും ഭരണകൂട ഒത്താശയോടെയും നടപ്പാക്കുന്ന സംഘപരിവാർ ശൃംഖലകളുടെയും അതിക്രമങ്ങളെ തള്ളിപ്പറയാത്ത ഒരു പ്രധാനമന്ത്രിയാണ് അതേ കത്തീഡ്രലിൽ വന്ന് മെഴുകുതിരി തെളിച്ചും ഗാനശുശ്രൂഷയിൽ പങ്കെടുത്തും ഭാരതത്തിലെ എല്ലാ ക്രൈസ്തവർക്കും ഈസ്റ്റർ മംഗളങ്ങൾ ആശംസിക്കുന്നത്. ഭാരതത്തിൽ, ക്രൈസ്തവർക്കെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾ തടയിടാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് ബാംഗ്ലൂർ അതിരൂപതാ ആർച്ച് ബിഷപ്പ് സുപ്രീം കോടതിയെ സമീപിച്ച് കേസ് നടത്തുന്ന നേരത്തുതന്നെ ബിജെപി ഭരണത്തിൻകീഴിൽ ക്രൈസ്തവർ യാതൊരു തരത്തിലുമുള്ള അരക്ഷിതാവസ്ഥ നേരിടുന്നില്ലെന്നും കേരളത്തിൽ യുഡിഎഫിനും എൽഡിഎഫിനും ബദലായ ബിജെപി മുന്നണിക്ക് സാധ്യതയുണ്ടെന്നും വ്യാഖ്യാനിക്കാവുന്ന തരത്തിലുള്ള സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ നിരീക്ഷണവും ഓർത്തഡോക്സ് സഭ പോലുള്ള ഇതര സഭകളുടെ മേലധ്യക്ഷന്മാരുടെയും പ്രസ്താവനകളും 'വികസന രാഷ്ട്രീയ' ത്തോടുകാട്ടുന്ന മതിപ്പും സംസ്ഥാനത്തെ മുന്നാക്ക ക്രൈസ്തവ വിഭാഗങ്ങളുടെ രാഷ്ട്രീയ നിലപാട് മാറ്റത്തിന്റെ സൂചനകളായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. കേരളത്തിൽ വ്യാപകമായി ബിജെപി നേതാക്കൾ വിശുദ്ധവാരവേളയിൽ തന്നെ ക്രൈസ്തവരെ ലക്ഷ്യമിട്ട് അരമനകളിൽ കയറിയിറങ്ങി 'മോദിയുടെ ഈസ്റ്റർ ആശംസകൾ' മെത്രാന്മാരെ സന്ദർശിച്ച് നേരുകയും ചെയ്തത് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

റബറിന്റെ വില 300 രൂപയായി പ്രഖ്യാപിച്ചാൽ ബിജെപിക്ക് കേരളത്തിൽ ഒരു എംപിയില്ലെന്ന കുറവ് മലയോര കർഷകർ മാറ്റിത്തരാം എന്ന് തലശ്ശേരിയിലെ സീറോ മലബാർ ആർച്ച്ബിഷപ്പ് മാർ ജോസഫ് പ്ലാംപാനി ഉറപ്പുനൽകിയത് ബിജെപിക്ക് വിലയ ഊർജ്ജം നൽകിയെന്ന് ദേശീയ നേതാക്കൾ പ്രഖ്യാപിക്കുകയും ചെയ്തു.

1999 ൽ മിഷനറിയായ ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ടുകുട്ടികളെയും കാറിലിട്ട് ചുട്ടുകൊന്ന സംഭവം മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. ബജ്റംഗ് ദളിന്റെ പ്രാദേശിയ നേതാവായ ധാരാസിങ്ങിന്റെ നേതൃത്വത്തിലാണ് അത് നടന്നത്. കാണ്ഡമാലിലും ഒറിസയിലെ ഇതരഭാഗങ്ങളിലും നൂറോളം ക്രൈസ്തവർ വധിക്കപ്പെടുകയും അമ്പതിനായിരത്തോളം പേർ ഭവനരഹിതരാവുകയും ആറായിരത്തോളം ഭവനങ്ങളും മുന്നൂറ് ദേവാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. ഛത്തിസ്ഗഡ്, ഉത്തരഖാണ്ഡ്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ സ്ഥിതി ഗുരുതരവുമാണ്.

ഇന്ത്യൻ പ്രസിഡന്റ് ശ്രീമതി മുർമുവിനെ നേരിൽ കണ്ട് മെത്രാന്മാരുടെ നേതൃത്വത്തിൽ പ്രതിഷേധക്കാർ ഒരു മെമ്മോറാണ്ഡം നൽകുകയും ചെയ്തു. അവർ തന്റെ ഈ വിഷയത്തിലുള്ള അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു. മറ്റൊരുകാര്യം നാം ശ്രദ്ധിക്കേണ്ടത് സ്വാതന്ത്ര്യാനന്തര കാലട്ടത്തിൽ പീഡിപ്പിക്കപ്പെടുകയും വധിക്കുകയും ചെയ്യപ്പെട്ട ക്രൈസ്തവരിൽ ഭൂരിഭാഗവും ദളിത്, ആദിവാസി, ഇതര പിന്നോക്കവിഭാഗത്തിലുള്ളവരാണെന്നും, ഭാരതത്തിലെ ക്രൈസ്തവരിൽ ഭൂരിഭാഗവും ഈ വിഭാഗത്തിലുള്ളവരാണെന്നും മുന്നോക്ക ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ രാഷ്ട്രീയനിലപാട് മാറ്റം ഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങളുടെ താല്പര്യത്തിന് വിരുദ്ധമാണെന്നും, അതിനെതിരെ സിബിസിഐ, സിസിബിഐ പോലുള്ള സമിതികൾ ശക്തമായ നിലപാടുകൾ എടുക്കേണ്ടിയിരിക്കുന്നു. ■


RANK 1
Ammu Pradeep Kumar
RANK 3
Aparna A P
RANK 5
Vinila Vincent
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2021
M.CAP
m.CAP
Menamkulam, Kazhakuttom, Trivandrum- 695582
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
COLLEGE CODE
MCR
B.Arch Seats - 80
NO REFUNDABLE DEPOSITS
FOR ADMISSION CONTACT
+91 9495707555 | +91 8921303029 | +91 8281388111
web: www.mcap.edu.in
email: marianarch.in@gmail.com
NBA
NATIONAL BOARD OF ACCREDITATION
*ACCREDITED
MARIAN
ENGINEERING COLLEGE
Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE
COLLEGE CODE
MCE
B.Tech
Civil Engineering *
Mechanical Engineering *
Computer Science And Engineering *
Electronics And Communication Engineering
Electrical And Electronics Engineering
Artificial intelligence And Machine Learning **
M.Tech
Geo Technical Engineering
** Awaiting approval from Govt. of Kerala
MARIAN ENGINEERING COLLEGE
FOR ADMISSION CONTACT
8281377111
9188447588
web: www.marian.ac.in
email: admission@marian.ac.in
90% OF ELIGIBLE STUDENTS PLACED THROUGH CAMPUS RECRUITMENT
INDUSTRY SPONSORED LABS IN ARTIFICIAL INTELLIGENCE AND ROBOTICS AND IoT
VIBRANT STARTUP ECOSYSTEM WITH GOVT. APPROVED TBI
COLLABORATION WITH RIGA TECHNICAL UNIVERSITY, LATVIA
MERIT SCHOLARSHIP WORTH 1.5 CRORE PER YEAR
NO REFUNDABLE DEPOSITS

Total Page 44 Pub. Date : 01.05.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




## Our Departments:

- Anesthesiology, General Surgery, General Medicine.
- Supportive Services: Fully automated Lab facility
- USG and Doppler, Cath lab
- Echo Cardiogram Holter monitor facility
- C-Arm facility
- Endoscopy, Colonoscopy PFT, OAE, Mortuary through,althca,Healthe,TMT,ESWL
- 24 Hours Emergency
- Pharmacy Digital X ray, ECG,CT Scan
- Cardiology with Minimally Invasive Surgery.
- Laparoscopic and Minimally invasive surgery.
- Bariatric Surgery, Medical Gastroenterology.
- Obstetrics and Gynecology, Paediatrics.
- Orthopaedic, Dermatology, Ophthalmology, ENT.
- Medical Oncology, Nephrology.Neurology, Neurosurgery.
- Dentistry, Oral and Maxillofacial surgery.
- Plastic and reconstructive surgery.
- Urology, Psychiatry.Psychotherapy, Physiotherapy.

## Supportive Services:

- A24 Hours Emergency
- Fully automated Lab facility
- Pharmacy
- Digital X ray, ECG
- Scan
- USG and Doppler, Cath lab
- TMT
- Echo Cardiogram
- Holter monitor facility
- C-Arm facility
- ESWL
- Endoscopy, Colonoscopy
- PFT, OAE, Mortuary

## Jubilee's Pride:

- Replacement, Radio
- Arthroscopy & Joint freequency Abiation for Vericose Veins
- ENT Fascility
- Reconstructive Cancer Surgery & World Class

## EXECUTIVE HEALTH CHECK-UP PACKAGES AVAILABLE

ECONOMY CHECK-UP | REGULAR CHECK-UP | PREMIUM CHECK-UP | HEALTH PLUS CHECK-UP

ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
മാനേജിംഗ് ഡയറക്ടർ

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto